## അടിസ്ഥാനപാഠാവലി

# മലയാളം

സ്റ്റാൻഡേർഡ്

X

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

**2019**

NT-253-1-MALAYALAM-10-BT

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.
website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
Printed at : KBPS, Kakkanad, Kochi-30

പ്രിയ വിദ്യാർഥികളേ,

ഒരു ജനതയ്ക്ക് കരുത്തും ആത്മവിശ്വാസവും നൽകുന്നതിൽ മാതൃഭാഷയ്ക്ക് നിർണായകമായ പങ്കുണ്ട്. മലയാളം നമ്മുടെ അഭിമാനവും സ്വത്വത്തിന്റെ അടയാളവുമാണ്. മഹത്തായ ഒരു സാഹിത്യസമ്പത്തും വിജ്ഞാനസമ്പത്തും നമ്മുടെ മാതൃഭാഷയായ മലയാളം ഉൾക്കൊള്ളുന്നു. അതിന് അവകാശികളായിത്തീരാൻ നമുക്ക് പ്രയത്നിക്കാം.

**സമഗ്ര** എന്ന വിദ്യാഭ്യാസ പോർട്ടലും സാങ്കേതികമായി ശക്തിപ്പെടുത്തിയ ക്യു.ആർ.കോഡും ക്ലാസ്റൂം പഠനപ്രവർത്തനങ്ങൾ ആയാസരഹിതവും രസകരവും ആക്കിത്തീർക്കും. ദേശീയ തൊഴിൽ നൈപുണി ചട്ടക്കൂടും (എൻ.എസ്.ക്യു.എഫ്), ദുരന്ത നിവാരണമാർഗങ്ങളും ഐ.സി.ടി. സാധ്യതകളും ഈ പാഠപുസ്തകത്തിൽ പരിഗണിച്ചിട്ടുണ്ട്.

സ്വതന്ത്രമായ വായനയ്ക്കും ചിന്തയ്ക്കും സർഗാത്മകാവിഷ്കാരങ്ങൾക്കും പാഠപുസ്തകത്തിൽ ഒട്ടേറെ അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്. ഭാഷയുടെ പ്രയോഗസാധ്യതകൾ മനസ്സിലാക്കാനും രചനകളിൽ ഏർപ്പെടാനുമുള്ള ധാരാളം പഠനാനുഭവങ്ങൾ ക്ലാസ്മുറികളിൽനിന്ന് നേടണം. കാലികമായ മെച്ചപ്പെടുത്തലുകളോടെ പ്രസിദ്ധീകരിക്കുന്ന ഈ പാഠപുസ്തകം പുതിയ അനുഭവങ്ങളും അനുഭൂതികളും പകരട്ടെ.

സ്നേഹാശംസകളോടെ,

**ഡോ.ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.


(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# ഉള്ളടക്കം


## 1 ജീവിതം പടർത്തുന്ന വേരുകൾ 07

- പ്ലാവിലക്കഞ്ഞി ........................................ 08
- ഓരോ വിളിയും കാത്ത് ......................... 15
- അമ്മത്തൊട്ടിൽ ........................................ 21








## 2 നിലാവുപെയ്യുന്ന നാട്ടുവഴികൾ 27

- കൊച്ചുചക്കരച്ചി........................................ 28
- ഓണമുറ്റത്ത് ........................................ 34
- കോഴിയും കിഴവിയും ............................ 37
- ശ്രീനാരായണഗുരു .................................. 45

## 3 വാക്കുകൾ വിടരുന്ന പുലരികൾ 53

- പത്രനീതി .................................................. 54
- പണയം ........................................................ 59
- അമ്മയുടെ എഴുത്തുകൾ ........................ 68

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മിഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപത്കരമായ ജോലികളിൽ നിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽ നിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


ബന്ധപ്പെടേണ്ട വിലാസം:


**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

'ശ്രീ ഗണേഷ്', റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം-34, ഫോൺ: 0471-2326603
ഇ-മെയിൽ: childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ്: www.kescpcr.kerala.gov.in


**ചൈൽഡ് ഹെൽപ്പ്ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ - 1800 425 1400**
**കേരള പോലീസ് ഹെൽപ്പ് ലൈൻ - 0471 - 3243000/44000/45000**

*online* ***R.T.E Monitoring: www.nireekshana.org.in***

# 1 ജീവിതം പടർത്തുന്ന വേരുകൾ




കുട്ടി അമ്മയോട് ചോദിച്ചു: "ഈ വൃക്ഷങ്ങളൊക്കെ വീഴാതെ നിൽക്കുന്നല്ലോ..."


"അവയ്ക്കു ഭൂമിയിൽ വേരുണ്ട്. അതുകൊണ്ട് ഉറച്ചുനിൽക്കുന്നു." അമ്മ പറഞ്ഞു.


"അപ്പോൾ നമ്മുടെ വേരുകളോ?"

"അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ."

– വേരുകൾ (ഡി. വിനയചന്ദ്രൻ)

ഭൂമിയെ അമ്മയായി സങ്കൽപ്പിക്കുന്നതിന്റെ ഔചിത്യം ചർച്ചചെയ്യുക.





# പ്ലാവിലക്കഞ്ഞി

തകഴി ശിവശങ്കരപ്പിള്ളയുടെ 'രണ്ടിടങ്ങഴി' എന്ന നോവലിലെ കേന്ദ്രകഥാപാത്രങ്ങളാണ് കോരനും ചിരുതയും ചാത്തനും.

കോരന്റെയും ചിരുതയുടെയും വിവാഹം നടന്നു. വിവാഹദിവസത്തിലുണ്ടായ ചില തർക്കങ്ങളാൽ കോരന് സ്വന്തം വീട് ഉപേക്ഷിക്കേണ്ടിവന്നു. തന്റെ സുഹൃത്തായ കുഞ്ഞപ്പിയുടെ കുടിലിനോട് ചേർന്ന് ഒരു ഭാഗം മറച്ചുകെട്ടി താമസിക്കുകയാണ് അവർ.

പുഷ്പവേലിൽ ഔസേപ്പ് മുതലാളിയുടെ പാടത്ത് പണിയെടുക്കുന്ന കോരന് കഠിനമായി അധ്വാനിച്ചിട്ടും ഒരു നേരത്തെ ആഹാരത്തിനുള്ള നെല്ലോ പണമോ ലഭിക്കുന്നില്ല. കൊടിയ ദാരിദ്ര്യത്തിലാണ് അവരുടെ ജീവിതം.

ആ ജീവിതാവസ്ഥയുടെ ചിത്രീകരണമാണ് പാഠഭാഗം.

പുഷ്പവേലിൽ ഔസേപ്പിന് ഒരേക്കർ നിലം നികത്തി പുരയിടമാക്കാനുണ്ട്. അദ്ദേഹത്തിന്റെ ഇക്കൊല്ലത്തെ ഒരു പ്രധാനജോലിയാണത്. അദ്ദേഹത്തിന്റെ ഓരോ വേലക്കാരനും ഓരോ വള്ളവും കൊടുത്ത് ആ വലിയ ജോലി ആരംഭിച്ചു.

ആദ്യത്തെ ദിവസം കട്ടകുത്തു കഴിഞ്ഞു കൂലിക്കായി വേലക്കാർ എല്ലാവരും കൂടി പുഷ്പവേലിൽ ചെന്നു. ആളൊന്നുക്കു മുക്കാൽ രൂപാ വീതം കൂലി കൊടുത്തു.

കോരന് അന്നത്തെ അത്താഴത്തിനു നെല്ലു കൊണ്ടുചെന്നെങ്കിലേയുള്ളൂ. ഒരു മണി അരി അവന്റെ തറയിലില്ല. അവനു നെല്ലു കൂലികിട്ടിയേ മതിയാകൂ. കോരൻ പറഞ്ഞു:

"തമ്പ്രാ, ഏനു നെല്ലു കൂലി മതി. ചക്രം മേണ്ട."

ഒരു വാക്കുകൊണ്ട് ഔസേപ്പ് ആ അപേക്ഷയെ നിഷേധിച്ചു.

"നെല്ലില്ല. പിശാശുക്കള്! നെല്ലു കൊണ്ടുചെന്നു വല്ല പീടികയിലും പെട്ടവിലയ്ക്ക് വിൽക്കാനാണ്."

"അല്ല തമ്പ്രാ! അത്താഴക്കരിക്കാടിക്കാ."

"പോ! പോ!"

മറ്റു വേലക്കാർ ഒന്നും പറയാതെ വള്ളത്തിൽ കയറി. കോരൻ തന്നെ അവിടെ നിന്നതുകൊണ്ട് എന്തു പ്രയോജനമാണ്? ഒന്നുമില്ല. അവനും പോയി.

അന്നു പാതിരാവരെ കോരൻ ആ ചക്രവും മടിയിലിട്ട് അരി അന്വേഷിച്ച് ഊന്നി നടന്നു. പീടികകളിലും വീടുകളിലും ചെന്നു ചോദിച്ചു. എല്ലായിടത്തും അരിയുണ്ട്. പക്ഷേ, ഇടങ്ങഴി അരിക്ക് ഒന്നരരൂപ കൊടുക്കണം. ആ വിലകൊടുത്ത് എങ്ങനെ വാങ്ങും? വാങ്ങിയാലും ഇരുനാഴി അരികൊണ്ട് മതിയാകുമോ?

കൈനകരി മുഴുവൻ രാത്രിയിൽ ഊന്നിനടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കണ്ടു. ഒരു വലിയ കൃഷിക്കാരന്റെ വീട്ടിനു മുൻവശം കടവിൽ കപ്പൽപോലുള്ള രണ്ടു വള്ളങ്ങൾ കിടക്കുന്നു. ആ വലിയ വീട്ടിൽനിന്നു ചാക്കുകളായി നെല്ലു വള്ളത്തിലേക്ക് പോകുന്നുണ്ട്.

അതിൽ ഇടങ്ങഴിനെല്ല് കോരനു കിട്ടിയിരുന്നെങ്കിൽ! അവൻ അന്നുച്ചയ്ക്ക് പുഷ്പവേലിൽനിന്നു കഞ്ഞി കുടിച്ചു. ചിരുത അന്ന് അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചിട്ടില്ല. ഇരുനാഴി അരി കിട്ടിയാൽ അവൾ വല്ലതും കഴിക്കുമായിരുന്നു.

ഔസേപ്പ് നെല്ലുകൂലി കൊടുക്കാത്തതെന്തുകൊണ്ടെന്ന് കോരന് മനസ്സിലായി. നെല്ലിന് നല്ല വിലയുണ്ട്. ഇങ്ങനെ രാത്രിയിൽ അവിടെയും കച്ചവടം നടക്കുന്നുണ്ടാവും. അരി കിട്ടാത്ത നീണ്ട നീണ്ട പട്ടിണിക്കാലം കോരൻ മുമ്പിൽ കണ്ടു. ഇങ്ങനെ നെല്ലുവില നിന്നാൽ പുഷ്പവേലിൽനിന്നു നെല്ലുകൂലി കിട്ടുകയില്ല, തീർച്ച!



രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്? നെല്ലു കൂലികിട്ടിയില്ലെങ്കിൽ ജോലിക്കു പോകാതിരുന്നാലെന്ത്? കോരൻ ചിന്തിച്ചു. അവന്റെ കൂട്ടുകാരെ എല്ലാം അവനറിയാം. അവർ ജോലിക്കുപോകും. അവൻ ഒറ്റപ്പെടും.

പാതിരായ്ക്കുശേഷം ആറണ കൊടുത്തുവാങ്ങിയ നാഴി അരിയും നാലുചക്രത്തിനു കപ്പയുമായി കോരൻ കൊട്ടിലിൽ ചെന്നു.

ചിരുത ഉറങ്ങിയിരുന്നില്ല. കതകു ഭദ്രമായി അടച്ചുകെട്ടി അവൾ അകത്തിരിക്കുകയാണ്. വള്ളം അടുത്ത ശബ്ദംകേട്ട് അവൾ പേടിച്ച് ചോദിച്ചു:

"ഹാരാ അത്?"

"ഏനാടീ."

അവൾക്ക് ആൾ മനസ്സിലായി. അവൾ ചെറ്റ തുറന്നു. അവൾ പുറത്തിറങ്ങി.

അങ്ങനെ പാതിരായ്ക്കുശേഷം അടുപ്പിൽ തീ എരിഞ്ഞു. ആ കുടിലിൽ വെളിച്ചമുണ്ടായി. കോരൻ വയറ്റിൽ സുഖമില്ലെന്നു നടിച്ചു കിടന്നു. കഞ്ഞിയും കപ്പയും കാലമായപ്പോൾ ചിരുത കോരനെ വിളിച്ചുണർത്തി. അൽപ്പമെങ്കിലും കുടിച്ചേ മതിയാകൂ. ഒരു കഷണം കപ്പയും ഒരു പ്ലാവില ക്കഞ്ഞിയും. കോരൻ മുഖം ചുളുക്കിപ്പറഞ്ഞു:

"ഏനു മേണ്ട."

"എന്നാല് ഏനും കുടിക്കത്തില്ല."

"ഏനു മയറ്റില് ഒരു കമ്പിതമെടീ."

ചിരുതയ്ക്കും വാശിയുണ്ട്.

അവസാനം അവളുടെ പ്രേരണയ്ക്ക് കോരൻ വശപ്പെട്ടുപോയി.

ഒരു ചട്ടിയുടെ ഇരുവശമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചു തുടങ്ങി.

അവൾ പറഞ്ഞു:

"ഇതു കഞ്ഞി കുടിക്കുന്നെന്ന ബാവമേ ഉള്ളൂ."

"അല്ലെടീ, ഏൻ കുടിക്കുവാ."

അന്നുവെച്ച കഞ്ഞിയിൽനിന്ന് ഒരു നല്ല അംശം അവൾ സൂക്ഷിച്ചുവച്ചിരുന്നു. അതു കോരൻ കണ്ടുപിടിച്ചു.

"എടീ കള്ളീ! നീയതു ഒളിച്ചുമച്ചിരുന്നോ?"

അവൾ ചിരിച്ചു. അവളുടെ താടിയിൽ വാത്സല്യപൂർവം ഒന്നു കുത്തിയിട്ട് അവൻ ചോദിച്ചു:

"എന്തിനായിത്? നാഴി അരി അല്യോ മച്ചൊള്ളൂ? നീ കുടി."

"നാളെ ഉച്ചതിരിഞ്ഞല്യോ നാഴി കഞ്ഞോള്ളം കിട്ടുന്നെ. പാരയിടിക്കാനും മുങ്ങിക്കുത്താനുമൊള്ളതല്യോ? കാലത്ത് ഒന്നു കലക്കി മോന്തിക്കൊണ്ടു പാം."

"അതു മേണ്ട. നീ ഇന്നു മെള്ളം കുടിച്ചതല്ലല്ലോ. എനക്കു മയറുനെറഞ്ഞു. നാളെ കാലത്ത് എടുത്തു മോന്തുമ്പം ചട്ടീല് ഒരിറ്റു മെള്ളം വെച്ചേച്ചാ മതി."

ഏഴരക്കോഴി കൂവി. വയറു നിറഞ്ഞില്ലെങ്കിലും അവർ ഉറങ്ങി. അവന്റെ ബലിഷ്ഠമായ ശരീരത്തോടു ചേർന്നു കിടന്നപ്പോൾ പേടികൂടാതെ അവൾക്ക് ഉറങ്ങാൻ കഴിഞ്ഞു.

പിറ്റേന്നു കാലത്ത് ആ നാഴി കഞ്ഞിവെള്ളവും നാല് കഷണം കപ്പയും ഒരു വഴക്കിനു കാരണമായി. അവൻ അപ്പടി കഴിച്ചെന്നുവച്ചല്ല, അവൾ ഒട്ടും കഴിക്കാത്തതിനാൽ.

അന്നും നെല്ലിനുവേണ്ടി അവൻ വാദിച്ചു. ഒരു രൂപ അവനു കൂലികിട്ടി. എവിടൊക്കെയോ നടന്ന് ഇരുനാഴി അരിയും കപ്പയും വാങ്ങി കോരൻ തിരിച്ചുവന്നപ്പോൾ അവന്റെ കുടിലിൽ ഒരു സംസാരം കേൾക്കാം.

അത് അവന്റെ അപ്പനായിരുന്നു; പിണങ്ങി അവനെ കൈവെടിഞ്ഞ അച്ഛൻ! ആൾ കണ്ടാൽ അറിയുകയില്ല. മണ്ണെണ്ണവിളക്കിന്റെ വെളിച്ചത്തിലിരുന്ന് അയാൾ ചിരുതയുമായി സംസാരിക്കുകയാണ്. അവളെ 'മോളേ' എന്നു വിളിക്കുന്നത് കോരൻ കേട്ടു.

അതു കണ്ണു തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു.

"അയ്യോ! അപ്പോ!" എന്നു വിളിച്ചുകൊണ്ട് കോരൻ അകത്തു കയറി.

"മോനേ!"

അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു. ആ കാഴ്ച നോക്കിനിന്നു ചിരുത ആനന്ദിച്ചു.

വൃദ്ധൻ, ശരീരമാകെ നീർക്കോൾ കൊണ്ടു വിങ്ങി വിളറിയിരുന്നു. എഴുന്നേൽക്കാൻ വയ്യ. പുത്രനെ കണ്ട ആവേശത്തിന് എഴുന്നേറ്റുപോയതാണ്. കാൽ തളർന്നു വീഴാൻ തുടങ്ങിയ പിതാവിനെ താങ്ങിക്കൊണ്ട് കോരൻ ചോദിച്ചു:

"എന്നാ അച്ചാ ഇത്? മേലൊക്കെ നീരോ?"

"ങ്ാ മോനേ, ഇനി അധികനാളൊന്നുമില്ല."

കോരൻ പിതാവിനെ താങ്ങി താഴത്തിരുത്തി. വൃദ്ധൻ തുടർന്നു:

"അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ടു ദെവസം പത്തായി. കപ്പ തന്നെ കപ്പ! അതാ ഈ വെളർച്ച. അവടെങ്ങും നെല്ലു കണി കാണാനില്ല! ഒള്ളോൻ വെളീ കാണിക്കത്തില്ല. രാത്രീല് ഏഴു രൂപായാ വെല."

അഴിഞ്ഞുപോയ തോർത്ത് വൃദ്ധൻ ഉടുത്തു. പിതാവിനെ നോക്കിക്കൊണ്ടിരിക്കവേ കോരന്റെ കണ്ണുകൾ നിറഞ്ഞു. എങ്ങനെയിരുന്ന ആളാണത്! നിറഞ്ഞ ആരോഗ്യവും ആനയുടെ കരുത്തുമുണ്ടായിരുന്നു. ഇന്ന് എഴുന്നേറ്റു നിൽക്കാൻ പോലും കരുത്തില്ല.

അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു. വൃദ്ധനെ തകഴിയിൽ തനിച്ചിട്ടു താൻ തന്റെ സുഖംതേടി പെണ്ണുമായി മറുനാട്ടിൽപോന്നു. അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്! ഒരു തരത്തിലും ആ തെറ്റു ന്യായീകരിക്കാവുന്നതല്ല. ആ വൃദ്ധൻ എത്ര കഷ്ടപ്പെട്ടാണ് അവനെ വളർത്തിക്കൊണ്ടുവന്നത്. പിണങ്ങിയിരുന്നിട്ടും അവസാനം അവനെ തേടിവന്നു. അതെ, മറ്റാരുണ്ട് അയാൾക്ക്... ഒരു നിശ്ചയം ചെയ്താൽ അതിൽനിന്നു അണുവിട പിൻമാറുന്ന പ്രകൃതക്കാരനായിരുന്നില്ല ആ വൃദ്ധൻ ചെറുപ്പത്തിൽ. ഒരുപക്ഷേ, അവന്റെകൂടെ താമസിച്ചിരുന്നെങ്കിൽ വൃദ്ധൻ ഇങ്ങനെ ആയിപ്പോകുമായിരുന്നില്ല.

ഈ നിലയിൽനിന്ന് എഴുന്നേറ്റ് ഇനിയും പുഞ്ചപ്പാടത്തിന്റെ വരമ്പിൽക്കൂടി വൃദ്ധൻ നടക്കുകയുണ്ടാകയില്ലെന്നു നിശ്ചയമായിരുന്നു. ഒരു പുറവേലിയിൽ നിന്നുകൊണ്ട് പാടശേഖരത്തിന്റെ അങ്ങേ പുറവേലിയിൽ നിൽക്കുന്ന മറ്റൊരു പറയനെ ഇനി കൂകിവിളിച്ചു വിളികേൾപ്പിക്കുകയുമില്ല. ആ ശ്വാസകോശത്തിന് ഇനി ആ ശക്തിയില്ല. അവസാനത്തെ നാളുകൾ പോക്കുവാൻ തപ്പിത്തടഞ്ഞ് എത്തിയിരിക്കുകയാണ്. അരിയിട്ടുതിളപ്പിച്ച കഞ്ഞി കുടിക്കണം – അവസാനത്തെ ആഗ്രഹം.

ആണ്ടോടാണ്ടു പതിനായിരപ്പറ നിലം കൃഷി ഉണ്ടായിരുന്ന ഒരു കൃഷിക്കാരന്റെ വേലക്കാരനായിട്ട് എട്ടു വയസ്സിൽ കൂടിയതാണയാൾ. അതിനുശേഷം ആ കൃഷിക്കാരൻ കോടീശ്വരനാവുകയും ക്ഷയിക്കുകയും പിന്നെയും ഉയരുകയും ചെയ്തു. എത്രയെത്ര കോടി പറ നെല്ല് അയാൾ ഈ അറുപത്തിരണ്ടു വയസ്സിനിടയിൽ ഉണ്ടാക്കിയിരിക്കുന്നു! എത്ര നെല്ലു കൊയ്തു; മെതിച്ചു! എത്ര കോടി ഉദരങ്ങൾ, ഈ വൃദ്ധന്റെ പ്രയത്നഫലം കൊണ്ട് നിറഞ്ഞിരിക്കുന്നു! ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചുകഴിയുന്നത്!


പത്തു ദിവസമായിയെന്ന്, അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട്! അവൻ ഉണ്ടാക്കിയ നെല്ലു മറ്റാരുടെയോ വകയായിരുന്നു.

വൃദ്ധൻ ചോദിച്ചു:

"മോനേ, നിങ്ങക്കിവിടെ കൂലി നെല്ലല്യോ?"

അടുത്തിരുന്ന പിതാവിന്റെ പുറം തലോടിക്കൊണ്ടിരുന്ന കോരൻ പറഞ്ഞു:

"അല്ലച്ചാ. നെല്ലു വെളീ കാണിക്കത്തില്ല. ഇന്നലെ ആറണ കൊടുത്തു നാഴി അരി മേടിച്ചു. ഇന്നിപ്പം ഇരുനാഴിയൊണ്ട്."



ചിരുതയോടായി കോരൻ ചോദിച്ചു:

"അടീ, അച്ചനു മല്ലോം കൊടുത്തോ?"

ഒരു മന്ദഹാസത്തോടെ അവൾ പറഞ്ഞു:

"എന്നാ കൊടുക്കാനാ? ഏൻ ഇന്നലെ ഒരു മൊറം നെയ്തുവച്ചിരുന്നു. അതു കൊടുത്തിട്ട് ഏഴു ചക്രം കിട്ടി. അതു കൊടുത്തു മൂഴക്കരീം മേടിച്ചോണ്ടുമന്നപ്പഴാ അച്ചമ്മന്നെ. അതിട്ടു തെളപ്പിച്ചു ഞങ്ങ ഉച്ചക്കു കുടിച്ചു."

വൃദ്ധൻ ആ പ്രസ്താവനയുടെ അവസാന ഭാഗത്തെ എതിർത്തു: "ഞങ്ങൾ കുടിച്ചു എന്നു പറയുന്നത് ശരിയല്ല."

വൃദ്ധൻ പറഞ്ഞു:

"മൂഴക്കരിയിട്ടു തെളപ്പിച്ചു. ഏനാ അതു കുടിച്ചത്. അവളു കുടിച്ചില്ല, ഏനു കോരിക്കോരിത്തന്നു."

ചിരുത കൃതകൃത്യയായി:

"അച്ചൻ ചുമ്മാ പറയുവാ, ഏനും കുടിച്ചു." വൃദ്ധൻ ചിരുതയെ ഒന്നു നോക്കി കോരനോട് പരാതിപ്പെട്ടു:

"ഏന്റെ മോനേ! എങ്ങനെ കൊഴുത്തു ചക്കുങ്കുറ്റിപോലിരുന്ന ക്ടാത്തിയാ. ഇപ്പം എല്ലെല്ലാം തെളിഞ്ഞു."

ആ കുറ്റം കോരൻ ഏറ്റു. അതു ശരിയാണ്. കല്യാണത്തിനു മുമ്പ് അവൾ തടിച്ചുകൊഴുത്തിരുന്നതാണ്.

കോരൻ പറഞ്ഞു:

"അവളു മറ്റൊള്ളോരെ തീറ്റുകാ. എന്നിട്ട് അവള് ഒണങ്ങുകേം. ഏനു ചീത്തപ്പേരുണ്ടാക്കരുതെന്ന് എന്നും പറയും."

"അതെയതെ. ഏൻ ഇത് ഇന്നും കണ്ടു."

വൃദ്ധൻ സമ്മതിച്ചു.

ഇരുനാഴി അരിയിട്ടു കഞ്ഞിവച്ചു കപ്പയും പുഴുങ്ങി ആ കൊച്ചുകുടുംബത്തിന്റെ അന്നത്തെ അത്താഴം കഴിഞ്ഞു. ആ ദിവസം കോരന്റെ ജീവിതത്തിലെ ഒരു സ്മരണീയദിവസമായിരുന്നു. അവന്റെ ഒരു ദിവസത്തെ കൂലിയിലെ കടം അന്ന് അവൻ വീട്ടിക്കഴിഞ്ഞു.

ഉഴക്കരിയുടെ കഞ്ഞി മതി ആ പാവം വൃദ്ധന്. കൂടുതലിന് ആഗ്രഹമുണ്ട്. പക്ഷേ, അകത്തേക്കു ചെല്ലുകയില്ല. അറയ്ക്കൽവീട്ടിലെ വലിയ ചീനച്ചട്ടിയിലെ നിറകെ ചോറ്, ആയകാലത്ത്, അയാൾക്ക് നാലുരുളയ്ക്കേ ഉണ്ടായിരുന്നുള്ളൂ. ഈ പത്തുപ്ലാവിലക്കഞ്ഞി കോരിക്കുടിച്ചു കഴിഞ്ഞപ്പോൾ വൃദ്ധൻ ഒരു നീണ്ട ഏമ്പൊക്കം വിട്ടു. കോരനും തൃപ്തിയായി.

പിറ്റേന്നു രാവിലത്തേക്കു കുറച്ചു കഞ്ഞി ചിരുത വെച്ചിരുന്നു. കോരൻ എതിർത്തില്ല.

എന്തായാലും അന്നു നെല്ലുതന്നെ കൂലി കിട്ടിയേ മതിയാകൂ. അപ്പന് ഒരു നേരമെങ്കിലും നിറച്ചു ചോറു കൊടുക്കണം. അതു മാത്രമാണ് അവന്റെ ആഗ്രഹം.

രണ്ടിടങ്ങഴി
(തകഴി ശിവശങ്കരപ്പിള്ള)

33SQZ3

- ചുവടെ കൊടുത്തിരിക്കുന്നവ ശ്രദ്ധിക്കൂ.
  - "ഏനു മേണ്ട."
    "എന്നാല് ഏനും കുടിക്കത്തില്ല."
    "ഏന് മയറ്റില് ഒരു കമ്പിതമെടീ."
    ചിരുതയ്ക്കും വാശിയുണ്ട്. അവസാനം അവളുടെ പ്രേരണയ്ക്ക് കോരൻ വശപ്പെട്ടുപോയി.
  - വൃദ്ധൻ പറഞ്ഞു:
    "മൂഴക്കരിയിട്ട് തെളപ്പിച്ചു."
    "ഏനാ അത് കുടിച്ചത്. അവള് കുടിച്ചില്ല.
    ഏനു കോരിക്കോരിത്തന്നു."
    ചിരുത കൃതകൃത്യയായി: "അച്ചൻ ചുമ്മാ പറയുവാ, ഏനും കുടിച്ചു."

  ഊഷ്മളമായ സ്നേഹബന്ധങ്ങളാണ് ജീവിതത്തിന് കരുത്തും കാന്തിയും പകരുന്നത്- പാഠഭാഗം ആസ്പദമാക്കി പ്രസ്താവനയുടെ സാധുത ചർച്ചചെയ്യുക.

- "അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്. ഒരു തരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല."
  കോരന്റെ ഈ ധാർമ്മികബോധം വർത്തമാനസമൂഹത്തിൽ എത്രത്തോളം നിലനിൽക്കുന്നുണ്ട്? സ്വാഭിപ്രായം സമർഥിക്കുക.

- 
  - "തമ്പ്രാ, ഏന് നെല്ല് കൂലി മതി. ചക്രം മേണ്ട."
  - "രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്? നെല്ലുകൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്? കോരൻ ചിന്തിച്ചു."

  എല്ലു മുറിയെ പണിയെടുത്തിട്ടും പട്ടിണികിടക്കേണ്ടി വരുന്ന കർഷകത്തൊഴിലാളികളുടെ പ്രതിഷേധസൂചനകളാണല്ലോ ഈ വരികളിൽ തെളിയുന്നത്. ഇത്തരത്തിലുള്ള കൂടുതൽ സന്ദർഭങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി അക്കാലത്തെ സാമൂഹിക ജീവിതാവസ്ഥ വിമർശനാത്മകമായി വിലയിരുത്തുക.

342H1Q

- "ഇതു കഞ്ഞി കുടിക്കുന്നെന്ന ബാവമേ ഉള്ളൂ."
  " അല്ലെടീ, ഏൻ കുടിക്കുവാ."
  "എടീ കള്ളീ! നീയത് ഒളിച്ചുമച്ചിരുന്നോ?"
  "എന്തിനായിത്? നാഴി അരി അല്യോ മച്ചൊള്ളൂ?
  നീ കുടി."

  * * * *

  "നാളെ ഉച്ചതിരിഞ്ഞല്യോ നാഴി കഞ്ഞോള്ളം കിട്ടുന്നെ. പാരയിടിക്കാനും മുങ്ങിക്കുത്താനുമൊള്ളതല്യോ. കാലത്ത് ഒന്ന് കലക്കി മോന്തിക്കൊണ്ടു പാം."
  "അതു മേണ്ട. നീ ഇന്നു മെള്ളം കുടിച്ചതല്ലല്ലോ. എനിക്കു മയറുനിറഞ്ഞു. നാളെക്കാലത്ത് എടുത്തു മോന്തുമ്പം ചട്ടീല് ഒരിറ്റു മെള്ളം വെച്ചേച്ചാ മതി."

  പാഠഭാഗത്തുള്ള ഈ സംഭാഷണങ്ങൾ നിങ്ങളുടെ പ്രദേശത്തുള്ള സംസാരഭാഷയിലേക്ക് മാറ്റി എഴുതൂ. പദങ്ങളിലും വാക്യഘടനയിലും വരുന്ന മാറ്റം ചർച്ചചെയ്യൂ.

NT-253-2-MALAYALAM-10-BT

**ജീ**വിതത്തിന് അഭിവൃദ്ധികരമായ മാറ്റം വരുന്ന ആഹ്ലാദത്തോടെ ചക്കി കറുത്തമ്മയോട് പറഞ്ഞു:

"മൊകാളെ, നമക്കു വള്ളോം വലേം ഒണ്ടാകാറായിപ്പോയി."

കറുത്തമ്മ മിണ്ടിയില്ല. എന്നുവച്ചാൽ, ആ ആഹ്ലാദത്തിൽ പങ്കുകൊള്ളാൻ അവൾക്കു കഴിഞ്ഞില്ല. അതായിരുന്നു അവളുടെ മാറ്റം. ചക്കി സ്വഗതമായി പറഞ്ഞു:

"കടലാമ്മ കനീഞ്ഞു."

കറുത്തമ്മയുടെ ഉള്ളിൽ തങ്ങിനിന്ന ഈർഷ്യ പുറത്തു ചാടി:

"മനുഷ്യേരെ പറ്റീച്ചാല് കടലാമ്മയ്ക്ക് ദേഷ്യമില്യോ?" ചക്കി കറുത്തമ്മയുടെ മുഖത്തു നോക്കി. അവൾ കൂഞ്ഞിയില്ല. തുടർന്നു ചോദിക്കാൻ ഇനിയുമുണ്ട്.

"ഏന്തിനാ അമ്മാച്ചി, ആ പാവാത്തിനെ പറ്റീച്ചു വള്ളോം വലേം? അതു കഷ്ടമാ."

"എന്നതാടീ, നീ പറേണത്? പറ്റീച്ചെന്നോ?"

തന്റെടത്തോടെ കറുത്തമ്മ പറഞ്ഞു:

"അതെ."

"ആര്?"

കറുത്തമ്മയുടെ നിശ്ശബ്ദത അതിനുള്ള ഉത്തരമായിരുന്നു. ചക്കി പറഞ്ഞു:

"ഔസേപ്പിനോട് മേടിച്ചാല് വള്ളോം വലേം അയ്യാടെയാകും."

"അതല്ലമ്മാച്ചി, ഔസേപ്പിനോട് മേടിച്ചാല് കാശും പലിശേം തിരീച്ചു കൊടുക്കാണം."

"ഈതു കൊടുക്കാണ്ടയോ?"


കറുത്തമ്മ പറഞ്ഞു:

"ഇത്-ഇത്- തിരിച്ചുകൊടുക്കാനെക്കൊണ്ടാണോ മേടിച്ചത്?"

ചക്കിയുടെ മുഖത്തേക്കെറിഞ്ഞ ഒരു ചോദ്യമായിരുന്നത്.

ചെമ്മീൻ
(തകഴി)

ഭാഷാഭേദങ്ങൾ സാഹിത്യരചനകളെ കൂടുതൽ ആസ്വാദ്യമാക്കുന്നു. ചെമ്മീൻ, രണ്ടിടങ്ങഴി എന്നീ നോവൽഭാഗങ്ങൾ പരിശോധിച്ച് ഈ പ്രസ്താവന വിലയിരുത്തി കുറിപ്പു തയാറാക്കുക.



# ഓരോ വിളിയും കാത്ത്

പുതിയ അവസ്ഥയുമായി അമ്മ പതുക്കെപ്പതുക്കെ ഇണങ്ങിവരുന്നു. അച്ഛൻ ഇല്ലാത്ത വീട്ടിൽ അമ്മ എങ്ങനെ ഒറ്റയ്ക്കു താമസിക്കുമെന്നതായിരുന്നു മകന്റെ പേടി. ഇത്രയും കാലം അച്ഛന്റെ ഓരോ വിളിക്കു പിന്നാലെയും അമ്മ ഓടുകയായിരുന്നു. മുറിക്കകത്തുവച്ചോ പറമ്പിന്റെ ഏതെങ്കിലും മൂലയിൽവച്ചോ ആയിരിക്കും വളരെ അപ്രതീക്ഷിതമായി അച്ഛന്റെ വിളി ഉണ്ടാവുക. അതേ നിമിഷത്തിൽ അമ്മയുടെ മറുപടി ഉണ്ടായില്ലെങ്കിൽ അച്ഛൻ കോപംകൊണ്ടു തുടുക്കും. അമ്മ ഒരിക്കലും അതിന് ഇടകൊടുക്കാറില്ല. അച്ഛൻ വിളിച്ചില്ലെങ്കിൽപ്പോലും, വെറുതെ ഒരു ശബ്ദം കേട്ടാൽ മതി, അതിനു മറുവിളി കൊടുക്കുക എന്നുള്ളതും അമ്മയുടെ ശീലമായി മാറിയിരിക്കുന്നു.

വിളിക്കാനും ആരുമില്ലാത്ത വീട്ടിൽ അമ്മയെ തനിച്ചാക്കി പോവുന്നതിൽ മകന് നന്നേ വിഷമമുണ്ടായിരുന്നു. അച്ഛന്റെ

മരണ അടിയന്തിരങ്ങളും കഴിഞ്ഞു നഗരത്തിലേക്കു പോവുമ്പോൾ വിളിക്കാനാഞ്ഞതാണ്. അപ്പോൾ വരില്ലെന്ന് അറിയാമായിരുന്നതുകൊണ്ട് ഒന്നും പറഞ്ഞില്ല.

“രാത്രി വന്നു കിടക്കാൻവേണ്ടി ആ കുട്ടിയോടു പറഞ്ഞിട്ടുണ്ട്.” സ്വയം ആശ്വസിപ്പിക്കാൻവേണ്ടി മകൻ പറഞ്ഞു.


“അതൊന്നും സാരോല്ല. നീ പൊയ്ക്കോ. വൈക്യാല് ബസ്സ് തെറ്റും”. ദുഃഖം പുറത്തു പ്രകടിപ്പിച്ചിരുന്നില്ലെങ്കിലും അമ്മയുടെ മനസ്സ് കനത്തുകിടക്കുകയാണെന്ന് മകനു തോന്നി. ഒറ്റപ്പെടലിന്റെ അവസ്ഥയിൽ അമ്മ കൂടുതൽ ഗൗരവക്കാരിയായി മാറിയിരിക്കുന്നു.

അച്ഛന്റെ മരണത്തോടുകൂടി വീട്ടിൽനിന്ന് എന്തെല്ലാമോ ചോർന്നുപോയതുപോലെ. ഒരുനാൾ നിനച്ചിരിക്കാതെ ഒരുപാടു പേർ ഇവിടെനിന്ന് ഇറങ്ങിപ്പോയിരിക്കുന്നു. ഏതോ ദിശയിൽനിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു. അച്ഛന്റെ ശബ്ദവും സാന്നിധ്യവുമായിരുന്നു വീട്. ഇപ്പോൾ ഇതൊരു വീടല്ല. നീണ്ട വരാന്തകളും വെണ്മയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽപ്പോലും ഇതൊരു വീടാവുന്നില്ല. വീടിന്റെ അപൂർണത അമ്മയ്ക്ക് ഒരിക്കലും സാന്ത്വനമാവുകയില്ല.

കിടപ്പിലായിരുന്നപ്പോൾപോലും, വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു. കന്നിപ്പാടത്ത് വെയിലിന്റെ വേലിയേറ്റങ്ങളും കമുകിൻ തോട്ടങ്ങളിലൂടെ രാത്രികാലത്ത് പറന്നുപോകുന്ന വാവലുകളുടെ ചിറകടിയൊച്ചയും കിടന്നുകൊണ്ടുതന്നെ അച്ഛൻ അറിയുമായിരുന്നു.

കുളത്തിന്റെ കിഴക്കേ ഭാഗത്തുള്ള കവുങ്ങിൽ അടയ്ക്ക പഴുത്തിരിക്കുന്നു. കുന്നിൻപുറത്തുള്ള തെങ്ങിൽ തേങ്ങ വരണ്ടിരിക്കുന്നു. കന്നിനെല്ലിന് വേലി കെട്ടാൻ സമയമായി. വരമ്പിലേക്കു ചാഞ്ഞുകിടക്കുന്ന കതിരിൽ ചവിട്ടി അതാ ആരോ നടന്നു പോകുന്നു.

പൊരുളില്ലാത്ത സംസാരമെന്ന് ആദ്യം തോന്നാം. പക്ഷേ, ചെന്നു നോക്കുമ്പോൾ അറിയാം, മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരു



ന്നുവെന്ന്. കുളത്തിന് കിഴക്കുഭാഗത്തുള്ള കവുങ്ങിനു കീഴെ വാവലുകൾ കടിച്ചീമ്പിയ പഴുത്ത അടയ്ക്കകൾ ധാരാളം ചിതറിക്കിടക്കുന്നു. കുന്നിൻപുറത്തുള്ള പറമ്പിൽ വരണ്ട തേങ്ങ വീണുകിടക്കുന്നു. വേലികെട്ടാത്തതു കാരണം വരമ്പിലേക്കു ചാഞ്ഞ് നെല്ലിൻകുലകളിൽ ചവിട്ടി കുട്ടികൾ സ്കൂളിലേക്കു പോയിക്കൊണ്ടിരിക്കുന്നു.

മുറിയിൽ കിടന്നുകൊണ്ട് അച്ഛനെങ്ങനെ ഇതെല്ലാം മനസ്സിലാക്കുന്നു? ''ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല. ആട കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്" -ഉമ്മറക്കോലായിൽ ഇരുന്ന് കണാരൻ പറയുന്നു. വളരെക്കാലമായി പറമ്പിലെ കിളപ്പണിയും വയലിലെ ഉഴുത്തും നടത്തുന്നത് കണാരനാണ്. അച്ഛന് അസുഖമായതിൽപ്പിന്നെ വീട്ടിലെ കാര്യങ്ങൾ അധികവും നോക്കുന്നതും അയാൾതന്നെ.

കിടന്നിടത്തുനിന്ന് അച്ഛൻ ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും അമ്മ മറുപടി നൽകും; നിർദേശങ്ങൾ അനുസരിക്കും. എങ്കിലും ചോദ്യവും നിർദേശവും അസഹ്യമാകുന്ന ചില സന്ദർഭങ്ങളിൽ അമ്മ പൊട്ടിത്തെറിക്കാറുണ്ട്. അച്ഛനോടല്ല, സ്വന്തം വ്യാകുലതകൾ ഒന്നുറക്കെ പറഞ്ഞുകൊണ്ടുള്ള പരിഭവം. എപ്പോഴെങ്കിലും അമ്മയുടെ മറുപടിക്ക് അൽപ്പം കാലതാമസം ഉണ്ടായാൽ അച്ഛൻ പറയാൻ തുടങ്ങും:

''എനീപ്പം എന്നെക്കൊണ്ട് ഒന്നും വയ്യാന്ന് നെനക്ക് തോന്നി, അല്ലേ? ആയിക്കോ, ആയിക്കോ, ഇതൊക്കെ ഉണ്ടാക്കിത്തരാൻ എനിക്ക് കയ്ഞ്ഞല്ലോ. അതോർത്താ മതി."

"കണ്ണുകാണാതായിട്ടും നടക്കാൻ പറ്റാതായിട്ടും നിങ്ങള് വിളിക്കുന്നേടത്തും പറേന്നടത്തും ഞാൻ എത്തുന്നുണ്ടല്ലോ. അതു തന്നെ വല്യ കാര്യം!"

അത്ര വിഷമം തോന്നിയാലേ അമ്മ മറുത്തു പറയൂ. അമ്മ സംസാരിച്ചു തുടങ്ങിയാൽ പിന്നെ അച്ഛൻ നിശ്ശബ്ദനാവും. അമ്മയിൽനിന്ന് എന്തെങ്കിലുമൊന്നു കേൾക്കാൻ വേണ്ടിയാവണം അച്ഛൻ പരിഭവത്തിന്റെ കെട്ടഴിക്കുന്നതെന്നും മകനു തോന്നിയിരുന്നു.

അച്ഛൻ പോയതോടുകൂടി വല്ലപ്പോഴുമൊന്നു കടുപ്പിച്ചു സംസാരിക്കാനുള്ള അവസരം അമ്മയ്ക്കു നഷ്ടപ്പെട്ടു. തിമിരപ്പടർപ്പുകൾ നിറഞ്ഞ കണ്ണുകൾ ചിമ്മാതെ ഉറക്കൊഴിക്കാൻ ഇനി ആരാണുള്ളതെന്ന നിരാശാബോധം അമ്മയിൽ. തേഞ്ഞുതീർന്ന കാൽമുട്ടുകളിലെ വേദനയും താങ്ങി മുറിയിലൂടെ അച്ചാലും മുച്ചാലും നടക്കേണ്ടതില്ലല്ലോ എന്ന ഖിന്നതയും അമ്മയിലുണ്ട്. അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും മൗനത്തിലേക്ക് ഇറങ്ങിപ്പോവുന്നു.

അച്ഛന്റെ വിളികൾക്കു പിന്നാലെ പോവുമ്പോൾ ഏതവസ്ഥയിലും അമ്മ ചെറുപ്പത്തിലേക്കു മടങ്ങുകയായിരുന്നു. ഒരു വിളിക്കുവേണ്ടി എന്നും കാതോർക്കുന്ന അമ്മ, ഇപ്പോൾ അതില്ലാതായതോടുകൂടി പൊടുന്നനെ വാർധക്യത്തിന്റെ നിസ്സഹായതയിലേക്ക് അമ്മ വഴുതിവീണതുപോലെ. വീടിന്റെ നിശ്ശബ്ദതയിൽ തനിച്ചാവുമ്പോൾ അമ്മയുടെ മനസ്സ് ഇനിയും മുന്നോട്ടു പോകും. ജര ബാധിച്ച സമയത്തെക്കുറിച്ച് അമ്മ ഓർക്കും. ഏകാന്തതയുടെ തുരുത്തുകൾ അമ്മയ്ക്ക് ഒരിക്കലും വിശ്രാന്തിയുടെ ഇടവേളയാകാറില്ല. അതുകൊണ്ടാണ് നഗരത്തിലേക്കു മടങ്ങുമ്പോൾ ഒരിക്കൽ മകൻ അമ്മയെ വിളിച്ചത്.

"ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ."

"അതോർത്ത് ഞ്ഞ് വെഷമിക്കേണ്ട. ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്കു തോന്നീട്ടില്ല."

"അതു പറഞ്ഞതുകൊണ്ടായില്ലല്ലോ. എനിക്കൊരു സമാധാനം വേണ്ടേ? എല്ലാ ആഴ്ചയും ഇത്രയും ദൂരം യാത്രചെയ്ത്..."

"ഞാൻകൂടി പോയാല് വീടും പറമ്പു മൊക്കെ ആരാ നോക്കാ?" അച്ഛൻ ഇതൊക്കെ എങ്ങന്യാ നോക്കീരുന്നതെന്ന് നെനക്കറ്യാലോ."

"അതൊക്കെ ശരിയാണ്. അമ്മയ്ക്ക് വയ്യാതെ കിടന്നാൽ പിന്നെ ആരാ ഇതൊക്കെ നോക്കാ? വീട് നമ്മക്ക് വാടകയ്ക്കു കൊടുക്കാം. എന്നാൽ ചീത്തയാവില്ല. മറ്റെല്ലാം കണാരനെ ഏൽപ്പിക്കാം. ഓനതു നന്നായി നോക്കുകേം ചെയ്യും."

"ഏതായാലും വാവു കഴിയട്ടെ."

വാവു കഴിഞ്ഞു നഗരത്തിലേക്കു തിരിക്കുമ്പോൾ അമ്മയും കൂടെ വരാമെന്ന് ഏറക്കുറേ സമ്മതിച്ചു. വാവിന്റന്നു കാലത്ത് ബലിയുണ്ട്. അതു കഴിഞ്ഞു രാത്രികൊടുക്ക; പരേതാത്മാക്കളുടെ വിശപ്പും ദാഹവും അടക്കാൻ വേണ്ടിയുള്ള ക്രിയ. തെക്കേമുറിയിൽ നിരത്തിവച്ചിട്ടുള്ള പീഠങ്ങൾക്കു മുകളിൽ നാക്കിലകൾ. അതിൽ പലഹാരങ്ങൾ നിറയ്ക്കുന്നു. തൊട്ടടുത്തു മൂടുചെത്തിയിട്ടുള്ള ഇളനീരും.

മരിച്ചവർക്ക് ദാഹജലമായി ഇളനീർ മാത്രമേ മുറിയിൽ വയ്ക്കാറുണ്ടായിരുന്നുള്ളൂ. ഇപ്രാവശ്യം ഒരുഗ്ലാസ് കാപ്പികൂടി അമ്മ മുറിയിലെത്തിച്ചു.

"അച്ഛന് ഇളനീരിനേക്കാളിഷ്ടം കാപ്പിയാ."

അമ്മ ഓർമ്മപ്പെടുത്തി.

കൊടുത്തുകഴിഞ്ഞ പലഹാരങ്ങൾ പുറത്തേക്കെടുത്ത് അമ്മ ഉമ്മറത്തു വിളമ്പി. കണാരന് പുറമേ, അയൽക്കാരായ ചാത്തുവച്ചനും അമ്പുവും കുറുപ്പുമുണ്ടായിരുന്നു കഴിക്കുവാൻ. അച്ഛനുള്ളപ്പോഴും ഇവരെ വിളിക്കുമായിരുന്നു. പാതിപൊളിഞ്ഞു നിൽക്കുന്ന മൂടുമാറ്റി ഇളനീർ ഗ്ലാസിലേക്കൊഴിക്കുമ്പോൾ അമ്മ പറഞ്ഞു:

"കാലത്തെ ബസ്സിനുതന്നെ ഞാള് പോവും. എല്ലാരുടേം ഒരു കണ്ണ് ഇങ്ങോട്ടൊന്നുണ്ടാകണേ. നല്ല ആൾക്കാരാരെങ്കിലും വന്നാൽ വീട് വാടകയ്ക്കു കൊടുക്കാനാ വിചാരിക്കുന്നത്. അതുവരെ കണാരൻ നോക്കട്ടെ. കൊയ്യാനുള്ള സമയമായാല് കളംകെട്ടാനും മറക്കണ്ട. അന്നേരം ഞാൻ വരാം."

നഗരത്തിലേക്കു വരുന്നതിൽ അമ്മ മാനസികമായി തയാറെടുത്തു കാണുന്നതിൽ മകനു സന്തോഷം തോന്നി. അതുവരെ അതായിരുന്നു പേടി. നിർബന്ധിച്ച് അമ്മയെ ഒരിക്കലും നഗരത്തിലേക്കു വിളിക്കരുത്. വിളിച്ചാൽ വരുമായിരിക്കും. പക്ഷേ, തിരിച്ചു പോകേണ്ട ചിന്തയിലായിരിക്കും എന്നും അമ്മ.

എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ നഗരത്തിലെ വിശേഷങ്ങൾ തിരക്കുകയായിരുന്നു അമ്മ. കുട്ടിയുടെ കരച്ചിൽ അപ്പോഴേക്കും മാറിയിരുന്നു. അവിടെ ഏതോ മരക്കൊമ്പിലിരുന്ന് കൂമൻ മൂളിക്കൊണ്ടിരിക്കുന്നു. അതിനു മറുപടിയെന്നോണം മറ്റെങ്ങോ അതേ തരത്തിലുള്ള മറ്റൊരു മൂളലും. കുട്ടി അതു ശ്രദ്ധിക്കുകയായിരുന്നു. കുസൃതിയെന്നോണം അവനും അതൊപ്പിച്ചു മൂളാൻ തുടങ്ങി. അപ്പോൾ അമ്മ ചോദിച്ചു: "നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്യ്?"

ഏതോ വിഷാദസ്വരത്തിൽ അവൻ പറഞ്ഞു:

"ഇല്ലച്ഛമ്മേ. ഒന്നും കേക്കില്ല. ടീവിന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ."

"നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല. പിന്നെ എന്താ ആടെ ഉള്ളത്?" അമ്മ തമാശയോടെ ചോദിച്ചു.

സമയമേറെ കഴിഞ്ഞപ്പോൾ പൈക്കച്ചവടക്കാരനെ കണ്ട കഥ പറഞ്ഞുതുടങ്ങി അമ്മ. മീൻ വാങ്ങാൻവേണ്ടി കോണിക്കൽ നിൽക്കുമ്പോൾ അതുവഴി വന്ന പൈക്കച്ചവടക്കാരൻ ചോദിച്ചു: "മൂപ്പരെങ്ങോട്ടു പോയി?" അച്ഛനോടൊന്നിച്ച് കുറേനാൾ കച്ചവടം നടത്തിയിരുന്ന ആളായിരുന്നു അത്. ആവഴി വന്നാൽ എപ്പോഴും വീട്ടിൽ കയറാതെ പോവുകയുമില്ല. ഇപ്പോൾ നന്നേ തിരക്കിലാണ്. വീട്ടിൽ കയറാൻ സമയമില്ലെന്ന് അയാൾ അറിയിച്ചു. ചോദ്യത്തിനു മറുപടിയായി പറഞ്ഞു:

“മൂപ്പരു പോയി.”

“മടങ്ങി വന്നാല് മണിയൂരിന്നു വന്ന ചാത്തു ച്ചെട്ട്യാര് അന്വേഷിച്ചെന്നു പറേണേ. മൂപ്പര് പൊരേലുണ്ടായിരുന്നെങ്കിൽ മടങ്ങിവരുന്ന സമയത്ത് ഒന്നു മുറുക്കി പഴേ വർത്താനോം പറഞ്ഞു കൊറച്ചുനേരം ഇരിക്ക്യാരുന്നു.”

“ഇപ്പോഴും എടേക്കൂടെ പോണ ചെലർ വിവരറിയാതെ ചോദിക്കും, മൂപ്പരെങ്ങോട്ടു പോയി? ഞാൻ പറയും പോയീന്ന്. പോയില്ലാന്ന് എനിക്കല്ലേ അറിയൂ.”

അമ്മ നെടുവീർപ്പിട്ടു. രാത്രി വൈകിയിട്ടും ഉറങ്ങാനുള്ള ഭാവത്തിലായിരുന്നില്ല അമ്മ. മുറിക്കകത്തുനിന്ന് എന്തെല്ലാമോ എടുത്തു വയ്ക്കുകയും തരം തിരിക്കുകയും ചെയ്യുന്നു. എവിടെയെങ്കിലും പോകാൻ പുറപ്പെട്ടാൽ അമ്മ എന്നും ഇങ്ങനെയാണ്. എല്ലാം അതതിന്റെ സ്ഥാനത്ത് കൃത്യമായി അടുക്കിവയ്ക്കും. തൃപ്തിയാകുന്നതുവരെ അമ്മ അത് തുടരും. അൽപ്പം കഴിഞ്ഞ പ്പോൾ മകൻ ഓർമ്മിപ്പിച്ചു:

“ഉറങ്ങിക്കോളൂ, അമ്മേ. കാലത്ത് എഴുന്നേറ്റു പോകേണ്ടതല്ലേ?”

പുലർച്ചയ്ക്ക് കണാരൻ വരും. താക്കോൽ അയാളുടെ കൈയിൽ ഏൽപ്പിക്കണം. എന്നാൽ നേരം പുലർന്നിട്ടും അമ്മ എഴുന്നേൽക്കാനുള്ള ഭാവത്തിലല്ലായിരുന്നു. കുളക്കരയിലെ കവുങ്ങിൽനിന്നു വീണ പഴുക്കടയ്ക്കകൾ പെറുക്കിയെടുത്ത് ഉമ്മറത്തുവച്ച് കണാരൻ കാത്തിരിക്കുന്നു.

“അമ്മേ, എന്തൊരു കിടപ്പാ ഇത്! എണീക്കുന്നില്ലേ?”

അമ്മ അതു കേൾക്കാത്ത ഭാവത്തിൽ എന്തോ ആലോചിച്ചു കിടക്കുന്നു.

“ഇന്നിനി ബസ്സ് കിട്ടൂന്നു തോന്നുന്നില്ല.” മകൻ തിടുക്കം കാട്ടി. മകന്റെ അന്വേഷണം വീണ്ടും ഉയർന്നുവന്നപ്പോൾ ഏതോ ലോകത്തിൽനിന്ന് ഇറങ്ങിവന്നിട്ടെന്ന പോലെ അമ്മ ചോദിച്ചു:

“ഞാനെങ്ങന്യാ മോനേ വരാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ...”

ഓരോ വിളിയും കാത്ത്
(യു.കെ. കുമാരൻ)

34KE51

- "ഇപ്പോൾ ഇതൊരു വീടല്ല. നീണ്ട വരാന്തകളും വെണ്മയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽപ്പോലും ഇതൊരു വീടാവുന്നില്ല."
  - കഥ വിശകലനം ചെയ്ത് വീടിനെക്കുറിച്ചുള്ള കഥാകൃത്തിന്റെ സങ്കൽപ്പം ചർച്ചചെയ്യുക.

- അച്ഛന്റെ വിളിക്കുവേണ്ടി കാത്തിരിക്കുന്ന അമ്മ ഒരു പ്രതീകമാണോ? കഥ വിശകലനം ചെയ്ത് സ്വാഭിപ്രായം എഴുതുക.

- അച്ഛന്റെ സ്വഭാവസവിശേഷതകൾ, കഥയിലെ സ്ഥാനം എന്നിവ വ്യക്തമാവുന്ന സന്ദർഭങ്ങൾ കണ്ടെത്തി കഥാപാത്രനിരൂപണം തയാറാക്കുക.

- • "ഞാനെങ്ങന്യാ മോനേ വര്വാ, അച്ഛൻ എപ്പോഴും എന്നെ വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ..."
  • "ഇപ്പഴും എടേക്കൂടെ പോണ ചെലർ വിവരമറിയാതെ ചോദിക്കും - മൂപ്പരെങ്ങോട്ടു പോയി? ഞാൻ പറയും, പോയീന്ന്. പോയില്ലാന്ന് എനിക്കല്ലേ അറിയൂ."

  അമ്മയുടെ ഇത്തരം വാക്കുകൾ കഥയ്ക്ക് നൽകുന്ന ഭാവഭംഗി കണ്ടെത്തി അവതരിപ്പിക്കുക.

- കന്നിയിലെ നെല്ല് - കന്നിനെല്ല്

  നാക്കുപോലുള്ള ഇലകൾ - നാക്കിലകൾ

  കാലിന്റെ മുട്ട് -

  അപരാധം ചെയ്തു എന്ന ബോധം -

  തീകൊണ്ട് ഓടുന്ന വണ്ടി -

  പദങ്ങൾ കൂടിച്ചേർന്ന് പുതിയ പദങ്ങൾ രൂപപ്പെടുന്ന ചില രീതികൾ പരിചയപ്പെട്ടല്ലോ. ഓരോ പദച്ചേരുവയിലും (സമസ്തപദം) ഘടകപദങ്ങൾക്കു വരുന്ന മാറ്റം കണ്ടെത്തൂ. പദങ്ങളുടെ സമാസത്തിലൂടെ അർഥത്തിനുണ്ടാകുന്ന ദൃഢത, വൈവിധ്യം എന്നിവ സംബന്ധിച്ച കുറിപ്പ് തയാറാക്കൂ.

- **കഥയരങ്ങ്**

  സ്നേഹബന്ധം പ്രമേയമായി വരുന്ന കഥകൾ ശേഖരിച്ച് കഥയരങ്ങ് സംഘടിപ്പിക്കുക.



# അമ്മത്തൊട്ടിൽ

പിൻസീറ്റിലെത്രയ്ക്കു നേരെയിരുത്തീട്ടു-
മോരം ചരിഞ്ഞു മടങ്ങിയിരുന്നമ്മ.
നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ
നീരാതെ മാറോട് ചേർത്തുവച്ചിട്ടുണ്ട്.
എങ്ങോട്ടുപോകുന്നുവെന്നു ചോദിച്ചില്ല,
എന്തിനെന്നും; പക്ഷേ കണ്ണുകൾ, കണ്ണുകൾ
മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ
ഏറെപ്പണിപ്പെട്ടടച്ചു തുറന്നവർ.

ഇപ്പോൾ വിജനമായീ തെരുവീഥികൾ.
ആകാശഗോപുരങ്ങൾക്കു താഴത്തവ
നാളേക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നു.
ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ?)
തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു.
പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-
രൂറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു.

ജില്ലാശുപത്രിക്കരികിലൊരേയൊരു
രാക്കടമാത്രം ഉറക്കച്ചടവുമായ്
രണ്ടുമൂന്നാളുകളുണ്ടെങ്കിലും, പിന്നി-
ലുണ്ട്, ഒഴിവു കനത്തൊരിരുളിടം.
പക്ഷേ, പടികളിലെന്തോ തടഞ്ഞുപോയ്.
പണ്ട് പനിച്ചതും അമ്മയെടുത്തുകൊ-
ണ്ടപ്പടിയോരോന്നു കേറിക്കിതച്ചതും
അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്.

പിന്നെയും മുന്നോട്ട്, വെട്ടമില്ലാളില്ല
കുട്ടിയേകാന്തത കണ്ണുപൊത്തിക്കളി-
ക്കുന്ന വിദ്യാലയമുറ്റമുണ്ടൊന്നിനി
പൊട്ടിക്കരഞ്ഞും ശഠിച്ചും, കുതറിയു-
മെത്തിയതും ഉച്ചയാവോളമമ്മയാ-
ചുറ്റുമതിലിൻ പുറത്തന്നു നിന്നതും
ചങ്കിൽ കരച്ചിൽ കുരുങ്ങിപ്പിടഞ്ഞതും...
പിച്ചിയതാര് കരിഞ്ഞൊരിക്കൈകളോ
പെട്ടെന്നു വാഹനം മുന്നോട്ടു പോകയായ്.

എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-
കെട്ടു കരിന്തിരിയാളും വരെയവർ
ഒന്നെന്നെ കൊണ്ടുപോയിടേണമെന്നുള്ള



ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ?
ആരാണു മുന്നിൽ, പുറത്തേക്കശാന്തനാ-
യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ?

ഏറെത്തണുക്കുന്നു, ചില്ലുയർത്തീടുമ്പൊ-
ളോർത്തു, കരിമ്പടം, അമ്മവയറ്റത്തു
പറ്റിക്കിടക്കുന്ന ചൂട്, മുഷിവുമായ്
കാച്ചെണ്ണ ചേരുന്ന ഗന്ധം, പുലർച്ചയി-
ലോലക്കൊടികൾ പുകയുന്നതിൻ മണം.

ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും, മടങ്ങാതെ
വയ്യ, തലയ്ക്കകത്തെന്തോ പെരുക്കുന്നു.
മെല്ലെത്തിരിഞ്ഞൊന്നു നോക്കി, പിറകിലെ
സീറ്റിലുണ്ടമ്മ വലത്തോട്ടു പൂർണമായ്
ചാഞ്ഞ്, മടങ്ങി മയങ്ങിക്കിടക്കുന്നു.
പീളയടിഞ്ഞ് നിറം പോയ കണ്ണുക-
ളെന്തേയടയ്ക്കാതെവച്ചമ്മ നിർദയം?

റഫീക്ക് അഹമ്മദ്

- കവിതയ്ക്ക് ഉചിതമായ ഈണം കണ്ടെത്തി അവതരിപ്പിക്കൂ.
- കവിതയിൽ അമ്മയുടെ കണ്ണുകളെ 'മങ്ങിപ്പഴകിയ പിഞ്ഞാണവർണമായി' എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ടാവാം? ചർച്ചചെയ്യുക.
- "പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-

  രൂറ്റം, കുരച്ചതു ചാടിക്കുതിക്കുന്നു"

  ഈ വരികൾ ഉയർത്തുന്ന വിമർശനം വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.
- അമ്മയ്ക്കെന്ത് സംഭവിച്ചിട്ടുണ്ടാവാം? നിങ്ങളുടെ നിഗമനങ്ങൾ സമർഥിക്കാനുള്ള സൂചനകൾ കാവ്യഭാഗത്തുനിന്നു കണ്ടെത്തി വിശദീകരിക്കുക.
- "എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-  
  കെട്ടു കരിന്തിരിയാളും വരെയവർ  
  ഒന്നെന്നെ കൊണ്ടുപോയിടേണമെന്നുള്ള  
  ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ?"

  "സമകാലികസമൂഹത്തിലെ മനുഷ്യത്വരഹിതമായ മനോഭാവങ്ങളോടുള്ള അതിശക്തമായ പ്രതികരണമാണ് 'അമ്മത്തൊട്ടിൽ." ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.
- കാഴ്ചകൾ, ഓർമ്മകൾ, ഗന്ധങ്ങൾ, അവസ്ഥകൾ എന്നിവയുടെ മനോഹരമായ സന്നിവേശം 'അമ്മത്തൊട്ടിൽ' എന്ന കവിതയിൽ കാണാം. അത്തരം പ്രത്യേകതകൾ പട്ടികപ്പെടുത്തുക; സവിശേഷതകൾ വ്യക്തമാക്കുക. തുടർന്ന്, ദൃശ്യസാധ്യതകൾ ചർച്ചചെയ്ത് ഹ്രസ്വസിനിമയ്ക്കുള്ള തിരക്കഥ തയാറാക്കുക.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണ്ണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| **ആസ്വാദനക്കുറിപ്പ്** | | | |
| • സമകാലികകവിതകളിലെ പ്രമേയം, ആഖ്യാനരീതി എന്നിവയുടെ സവിശേഷതകൾ കണ്ടെത്താനായിട്ടുണ്ട്. | | | |
| • കവിതയിലെ ചമൽക്കാരം, സവിശേഷപ്രയോഗങ്ങൾ എന്നിവ വിശകലനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • സമാനാശയമുള്ള കവിതകൾ വായിച്ച് താരതമ്യം ചെയ്ത് അവ തരിപ്പിക്കാനായിട്ടുണ്ട്. | | | |
| • ആകർഷകമായ ഭാഷയിൽ (പദങ്ങൾ, ശൈലികൾ, പ്രയോഗങ്ങൾ) എഴുതിയിട്ടുണ്ട്. | | | |
| **കഥയരങ്ങ്** | | | |
| • വിഷയവുമായി ബന്ധപ്പെട്ട് ഉചിതമായ കഥ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • കഥ ഭാവാത്മകമായി ശബ്ദവിന്യാസം പാലിച്ച്, ഉചിതമായ നിർത്തലുകളോടെ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • കഥാസ്വാദന ചർച്ചയിൽ എന്റെ അഭിപ്രായങ്ങൾ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • അവതരിപ്പിച്ച സമാനകഥകളുടെ പ്രസക്തി, പ്രമേയം, സവിശേഷതകൾ എന്നിവ സന്ദർഭോചിതം അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. | | | |
| **ഉപന്യാസം** | | | |
| • വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ വായിച്ചും ചർച്ച ചെയ്തും മറ്റും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • പ്രസക്തമായ ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • ഘടന (ആമുഖം, വളർച്ച, ഖണ്ഡികാകരണം, ഉപസംഹാരം) പാലിച്ച് എഴുതാൻ കഴിഞ്ഞിട്ടുണ്ട്. | | | |






## തകഴി ശിവശങ്കരപ്പിള്ള

**(1912 – 1999)**

ജ്ഞാനപീഠപുരസ്കാരം നേടിയ നോവലിസ്റ്റ്. ആലപ്പുഴ ജില്ലയിലെ തകഴിയിൽ ജനിച്ചു. വക്കീലായിരുന്നു. കുട്ടനാടിന്റെ കഥാകാരൻ. മാനസികാപഗ്രഥനത്തിലൂന്നിയ ചെറുകഥകളെഴുതി. സമൂഹത്തിലെ വിവിധ തലങ്ങളിലെ മനുഷ്യരുടെ ജീവിതം പ്രമേയമാക്കി നോവലുകളെഴുതി. തിരുവനന്തപുരത്തെ സർക്കാരുദ്യോഗസ്ഥരുടെ ജീവിതം 'ഏണിപ്പടികളി'ലും കുട്ടനാട്ടിലെ കർഷകരുടെ ജീവിതം കയർ, രണ്ടിടങ്ങഴി എന്നീ നോവലുകളിലും മത്സ്യത്തൊഴിലാളികളുടെ ജീവിതം 'ചെമ്മീനി'ലും ആലപ്പുഴപ്പട്ടണത്തിലെ തോട്ടികളുടെ ജീവിതം 'തോട്ടിയുടെ മകൻ' എന്ന നോവലിലും അദ്ദേഹം ആവിഷ്കരിച്ചു. തോറ്റില്ല (നാടകം), എന്റെ വക്കീൽ ജീവിതം (ഓർമ്മക്കുറിപ്പുകൾ), ഘോഷയാത്ര, അടിയൊഴുക്കുകൾ, തെരഞ്ഞെടുത്ത കഥകൾ (കഥകൾ) തുടങ്ങിയവയാണ് മറ്റു പ്രധാന കൃതികൾ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളും ലഭിച്ചിട്ടുണ്ട്.



## യു.കെ. കുമാരൻ

1950– ൽ കോഴിക്കോട് ജില്ലയിലെ പയ്യോളിയിൽ ജനിച്ചു. നോവലിസ്റ്റ്, ചെറുകഥാകൃത്ത്, പത്രപ്രവർത്തകൻ. കേരള സാഹിത്യ അക്കാദമി പുരസ്കാരം, ബഷീർ അവാർഡ്, എസ്.കെ. പൊറ്റെക്കാട്ട് അവാർഡ്, അപ്പൻ തമ്പുരാൻ പുരസ്കാരം എന്നിവ ലഭിച്ചു.

*പ്രധാന കൃതികൾ*

പുതിയ ഇരിപ്പിടങ്ങൾ. മടുത്ത കളി, അടയാളങ്ങൾ വന്നുകൊണ്ടിരിക്കുന്നു, അച്ഛൻ ഉറങ്ങുന്നില്ല, ഒറ്റയ്ക്കൊരു സ്ത്രീ ഓടുന്നതിന്റെ രഹസ്യമെന്ത്? വീട് സംസാരിക്കുന്നു, മധ്യേയിങ്ങനെ കാണുന്ന നേരത്ത്, മതിഭ്രമങ്ങളുടെ കാലം, കുടുംബമ്യൂസിയം (ചെറുകഥാസമാഹാരങ്ങൾ); തക്ഷൻകുന്ന് സ്വരൂപം, ഒറ്റവാക്കിൽ ഒരു ജീവിതം, കാണുന്നതല്ല കാഴ്ചകൾ (നോവൽ)



## റഫീക്ക് അഹമ്മദ്

പുതുതലമുറയിലെ ശ്രദ്ധേയനായ കവി. 1961 –ൽ തൃശൂർ ജില്ലയിലെ അക്കിക്കാവിൽ ജനിച്ചു. പാരമ്പര്യവും പുതുമയും കൂട്ടിച്ചേർത്തതാണ് രചനാരീതി. പാറയിൽ പണിഞ്ഞത്, സ്വപ്നവാങ്മൂലം, ആൾമറ, ചീട്ടുകളിക്കാർ, ഗ്രാമവൃക്ഷത്തിലെ വവ്വാൽ, ശിവകാമി, തോരാമഴ എന്നിവയാണ് കവിതാസമാഹാരങ്ങൾ. ചലച്ചിത്രഗാനരചയിതാവ് എന്ന നിലയിലും പ്രസിദ്ധനാണ്. കേരള സാഹിത്യ അക്കാദമി അവാർഡും ചലച്ചിത്രഗാനരചനയ്ക്കുള്ള സംസ്ഥാന അവാർഡും ലഭിച്ചിട്ടുണ്ട്.

## പദകോശം

### പ്ലാവിലക്കഞ്ഞി

അക്ഷന്തവ്യമായ - ക്ഷമിക്കത്തക്കതല്ലാത്ത
കമ്പിതം - ഇളക്കം, വിറയൽ
കൊട്ടിൽ - കുടിൽ
ചക്രം - പണം

### ഓരോ വിളിയും കാത്ത്

അസഹ്യം - സഹിക്കാനാവാത്തത്
എടേക്കൂടെ - ഇടവഴിയിലൂടെ
ഓർക്ക് - അദ്ദേഹത്തിന്
കന്നിപ്പാടം - ആണ്ടിലൊരിക്കൽ വിളവെടുക്കുന്ന നിലം
കോണിക്കൽ - പടിക്കൽ
വിശ്രാന്തി - വിശ്രമം

### അമ്മത്തൊട്ടിൽ

പീള - കണ്ണിലെ അഴുക്ക്
പെരുമാൾ - രാജാവ്, അധീശൻ, പ്രധാനി, പ്രഭു
നീറ്റൽ - വേദന

# 2 നിലാവുപെയ്യുന്ന നാട്ടുവഴികൾ



നാടായാലും കാടായാലും
കുഴിയായാലും കുന്നായാലും
നല്ലവർ പാർക്കുന്നെങ്കിൽ
നീയും നന്നേ, വാഴുക നിലമേ...

- പുറനാനൂറ് (ഔവ്വയാർ)
വിവർത്തനം : മനോജ് കുറൂർ

വരികളിൽ ആവിഷ്കരിച്ച ജീവിതദർശനത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ?



വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ചു വൃക്ഷമായത് മാവുതന്നെയാണ്. മാവു തളിരിടുമ്പോൾ മുതൽ നാട്ടുമ്പുറത്ത് ഉത്സവമാണ്. ഗ്രാമീണാന്തരീക്ഷം മാമ്പൂവിന്റെ മൃദുലമായ പരിമളം കൊണ്ടു നിറയും. ഉണ്ണിമാങ്ങാപ്പരുവം മുതൽ മാവിൻചുവട്ടിലെ സദ്യ ആരംഭിക്കുകയായി. ഏതു പരുവത്തിലാണ് മാങ്ങ ആസ്വാദ്യമല്ലാത്തത്! പച്ചമാങ്ങ അൽപ്പം ഉപ്പുചേർത്ത് കറുമുറാ കറുമുറാ ചവച്ചു തിന്നാൽ, കുത്തിയൊലിക്കുന്ന ഉമിനീരിന്റെ (കൊതി) വേഗം കൊണ്ട് അണകൾ കോച്ചിപ്പോകും - അത്ര രസമാണ്. മാങ്ങ പഴുത്തു കഴിയുമ്പോഴാണല്ലോ രസം അതിന്റെ പരമോച്ച നില പ്രാപിക്കുന്നത്. കൈയിൽ വച്ചൊന്നു കശക്കി ഊറിക്കുടിച്ചാലുള്ള അമൃതരസത്തിനു മീതെ രസം മറ്റൊന്നില്ല. മാത്രമാണോ? മാങ്ങക്കാലം കഴിഞ്ഞാലും ആണ്ടോടാണ്ടു പല രൂപഭേദങ്ങളിൽ നാം മാങ്ങാവച്ചു സൂക്ഷിച്ച് ആസ്വദിക്കുന്നു. അതിന്റെ അണ്ടിപ്പരിപ്പുപോലും ഔഷധമൂല്യമുള്ള ഭക്ഷ്യമാണ്.

തിരിഞ്ഞുനോക്കുമ്പോൾ എത്രയെത്ര മാവുകളാണ് എന്റെ ഓർമ്മയിൽ വന്നു നിരന്നു നിരന്നു നിൽക്കുന്നത്! അതാ, ആകാശം ഉരുമ്മി ഒരു മാവു നിൽക്കുന്നു. അതിനെ 'കുരുടിച്ചി' എന്നാണു വിളിക്കുന്നത്. കാര്യം എന്തെന്നോ? അതിന്റെ മാങ്ങയ്ക്ക് ചക്കക്കുരുവിന്റെ വലുപ്പമില്ല. കുട്ടികൾക്കുപോലും അണയിൽ ഈരണ്ടെണ്ണം ഇടാം. എന്നാൽ എന്തൊരു നൂറും മധുരവുമാണ്! പത്തുനാൽപ്പത്തഞ്ചു കൊല്ലങ്ങൾക്കപ്പുറത്തുനിന്ന് അതിന്റെ സ്വാദ് നാക്കിന്റെ അറ്റത്തു വന്നു നിറയുന്നു. കാവുകുളങ്ങരെ നിന്ന ചക്കരച്ചിയുടെ പരിമളം ഇപ്പോഴും ഓർക്കാൻ കഴിയും. അങ്ങനെ പല പല മാവുകൾ അവരുടെ പ്രത്യേക സ്വാദുകളുമായി ഓടി എത്തുന്നു.

എന്നാൽ 'കൊതിയസമാജം' കൂടിയിരുന്നത് ഞങ്ങളുടെ വക മുല്ലശ്ശേരിൽ പറമ്പിന്റെ അതി

# കൊച്ചുചക്കരച്ചി

രിൽ നിന്ന ശർക്കരമാവിന്റെ കീഴിലായിരുന്നു. ചുള്ളിക്കമ്പുകൾ വിറകാക്കി ഉയർത്തിയ ഹോമാഗ്നിയിൽ മാങ്ങനീര് ഹവിസ്സാക്കി ഞങ്ങൾ 'അണ്ണാൻ പിറന്നാൾ' എന്ന മഹായജ്ഞം നടത്തിയിരുന്നു. ആ ഹോമധൂപം മാവിന്റെ ഉയരത്തിൽ ചെല്ലുമ്പോൾ മാവ് പ്രീതിയോടെ മാങ്ങപൊഴിച്ചു തരും. വീണ മാങ്ങയുടെ ഞെട്ടി നുള്ളി 'ഉണ്ണി ഇട്ടാൽ' പകരം ഒരു മാങ്ങ വീഴും. അതിന്റെ അവകാശി ഉണ്ണി ഇട്ട ആൾ ആണ്. 'ഇക്കാറ്റും കാറ്റല്ല- മറുകാറ്റും കാറ്റല്ല-മാവേലിക്കുന്നത്തെ പൂവാലൻ കാറ്റേ, ഓടിവാ!' എന്ന് ആവാഹിച്ചാൽ വായുഭഗവാൻ വന്ന് വിമനസ്സായി നിൽക്കുന്ന മാവിന്റെ ശാഖകളെ ഉലച്ച് മാങ്ങകൾ പൊഴിച്ചു തരും. 'അണ്ണാൻ കുഞ്ഞൂഞ്ഞേ, കാക്കക്കഴുവേറീ.....' എന്നിങ്ങനെ ഇണക്കിയും പിണക്കിയും അവരെക്കൊണ്ടു മാങ്ങകൾ കൊത്തി ഇടുവിക്കും. അങ്ങനെ എന്തെല്ലാം മന്ത്രതന്ത്രങ്ങൾ - ഉപാസനകൾ-മാവിൻ ചുവട്ടിൽ നടന്നിരുന്നു! ഇന്നു 'മാങ്ങമരം' കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ 'അപരിഷ്കൃതമട്ടുകൾ' അവർ അറിയാനിടയില്ല.


മാവിനോടുള്ള പ്രേമം നാട്ടിൻപുറത്തെ കുട്ടികളിൽ മാത്രമല്ല, കവികളിലും കാണാം. കവികളായവരെല്ലാം നാട്ടിൻപുറത്തെ ഏതെങ്കിലും 'കൊതിയ സമാജ'ത്തിൽ അംഗങ്ങൾ ആയിരുന്നിരിക്കണം. അല്ലായ്കിലുണ്ടോ തേനൂറുന്ന കവിത രചിക്കാൻ അവർക്കു കഴിയുന്നു! സർവവൃക്ഷങ്ങൾക്കും മീതേ എന്നു ഭാവിച്ചു നിൽക്കുന്ന അശ്വത്ഥമോ ഘനസുഗന്ധിയായ സ്വർണപ്പൂക്കൾ വിരിയിച്ചു നിൽക്കുന്ന ചെമ്പകമോ സുരഭില സ്വർണനക്ഷത്രങ്ങൾ പൂക്കുന്ന ഇലഞ്ഞിയോ രജതനക്ഷത്രങ്ങൾ ചൂടിനിൽക്കുന്ന പുന്നയോ-പൊന്നശോകംപോലുമോ-അല്ല കവിഭാവനയെ ഏറ്റവും കൂടുതൽ ഉദ്ദീപ്തവും ഉന്മത്തവുമാക്കിയിട്ടുള്ളത്. ആ ബഹുമതി മാവിനുതന്നെയാണ്. കാമദേവൻ ചൂതസായകനാകുമ്പോൾ അങ്ങനെയല്ലേ വരൂ? കുറേക്കൂടെ നേര് ഈ കവികൾ അവർക്ക് ഏറ്റവും പ്രിയപ്പെട്ട മാമ്പൂവ് ഒടിച്ച് കാമന്റെ കൈയിൽ സായകമായി കൊടുത്തു എന്നതായിരിക്കണം. പൂത്തിരി കത്തിച്ചതുപോലെയുള്ള മാമ്പൂക്കുല ഒടിച്ച് കുസൃതിക്കുട്ടനെപ്പോലെ കവിതാങ്കണത്തിൽ ഓടിയെത്തിയ വൈലോപ്പിള്ളി, 'മാമ്പഴ'ത്തിൽക്കൂടെ ഉൽക്കടമായ വേദനയുടെ മാധുര്യം പകർന്നു തന്നാണല്ലോ നമുക്കു പ്രിയങ്കരനായിത്തീർന്നത്.

*            *            *

ഇങ്ങനെ ഭുവനവിദിതമായ മാവിന്റെ വംശത്തിലാണ് ഞങ്ങളുടെ 'കൊച്ചുചക്കരച്ചി' വന്നു പിറന്നത്. സത്യം പറയാമല്ലോ; കൊച്ചുചക്കരച്ചിയുമായി അടുത്തു പരിചയപ്പെട്ടതും സ്നേഹബന്ധം ഉദിച്ചതും ഭാഗം കഴിഞ്ഞ് ഞങ്ങളുടെ ശാഖ തറവാട്ടുവീട്ടിൽ പാർപ്പുറപ്പിച്ചതോടെ മാത്രമായിരുന്നു. ശാഖ എന്നു പറഞ്ഞാലും, ഫലത്തിൽ താമസിക്കാൻ ഞാനും അമ്മയുമേ ഉണ്ടായിരുന്നുള്ളൂ. ഏറ്റവും മൂത്ത സഹോദരി പുത്രീസമേതം ഭർത്തൃഗൃഹത്തിലും അതിന്നിളയ സഹോദരി വിദ്യാഭ്യാസാർഥം എറണാകുളത്തുമായിരുന്നു. അങ്ങനെ വന്നുചേർന്ന ഏകാന്തത വൃക്ഷലതാദികളോടുള്ള കൂട്ടുകെട്ടിനു കൂടുതൽ പ്രേരകമായി.

തറവാട്ടുവീട്ടിൽ മാവുകൾ പലതുണ്ടായിരുന്നെങ്കിലും 'കുലശ്രേഷ്ഠകൾ' ആയി എണ്ണിയതു രണ്ടെണ്ണത്തിനെയായിരുന്നു- വലിയചക്കരച്ചിയും കൊച്ചുചക്കരച്ചിയും. മൂത്തവൾ വലിയചക്കരച്ചിയായിരുന്നെങ്കിലും തെക്കുപടിഞ്ഞാറു

മാറി, പറമ്പിൽ ഒഴിഞ്ഞാണ് അവൾ നിന്നിരുന്നത്. കൊച്ചുചക്കരച്ചിയാവട്ടെ, നാലുകെട്ടിനും നെൽപ്പുരയ്ക്കും മധ്യേയുള്ള തെക്കേമുറ്റത്ത്, പടിഞ്ഞാറു നീങ്ങി കറ്റപ്പുരയുടെയും തേങ്ങാക്കൂട്ടിന്റെയും അതിർത്തിയിൽ മധ്യത്തായി നീണ്ടുനിവർന്ന് അധീശ്വരിയെപ്പോലെ നിന്നിരുന്നു. മുറ്റത്തു കിഴക്കേ അറ്റത്തുയർന്നു നിൽക്കുന്ന മാളികയോടു സ്പർധിക്കുന്ന മട്ടുതോന്നും കണ്ടാൽ. പടിഞ്ഞാറുനിന്നു കയറിവരുന്ന ഒരാൾക്ക് ഇരുപാർശ്വവും രണ്ടു പേടകളാൽ അനുസേവ്യനായി നിൽക്കുന്ന മയിലിനെപ്പോലെ തല ഉയർത്തി നിൽക്കുന്ന സൗധശില്പത്തിൽക്കൂടെ താൻ പ്രകടിപ്പിക്കുന്ന ധാടിയും മോടിയും കാണാൻ തടസ്സമുണ്ടാക്കുന്നു എന്ന കുറ്റം ചുമത്തി 'പാട്ടത്തിലെ അപ്പൂപ്പൻ' ഒരു അറുപതു കൊല്ലം മുൻപ് കൊച്ചുചക്കരച്ചിയെ വെട്ടിനീക്കാൻ തുനിഞ്ഞതായിരുന്നത്രേ. വേണ്ടപ്പെട്ടവർ ആരോ ഒക്കെ ഇടപെട്ട് ആ അത്യാഹിതം തടഞ്ഞു. ആ കഥ അവൾക്കൊരു പ്രത്യേക 'അരുമത്തം' കൂടെ നേടിക്കൊടുത്തു. എത്രയോ തലമുറകൾ ആ വൃദ്ധമുത്തശ്ശിയുടെ കാൽച്ചുവട്ടിലിരുന്നു മധുരം തിന്നു വളർന്നു വൃദ്ധരായി കാലയവനികയ്ക്കപ്പുറം മറഞ്ഞിരിക്കുന്നു. നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു.



* * *

ഞങ്ങൾ തറവാട്ടുവീട്ടിൽ താമസമായതിനുശേഷം പണത്തിന്റെ മുട്ടുകൊണ്ട് ഒന്നുരണ്ടു പ്രാവശ്യം കൊച്ചുചക്കരച്ചിയിലെ മാങ്ങ വിൽക്കാൻ അമ്മ ശ്രമിച്ചിട്ടുണ്ട്. എന്നാൽ സ്വയം ചത്തും മാവിനെ കാത്തു രക്ഷിച്ചുപോന്ന നീറുകൾ എന്ന ചാവേറ്റുപട കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെ എല്ലാം തോൽപ്പിച്ച് ഓടിച്ചുകളഞ്ഞു. വിൽക്കാനുള്ളതല്ല, ആളുകൾക്ക് ഒന്നും രണ്ടും പെറുക്കിത്തിന്നാനുള്ളതാണ് എന്റെ മാങ്ങ എന്നായിരുന്നു കൊച്ചുചക്കരച്ചിയുടെ നില. മാങ്ങയുടെ കാര്യം പോകട്ടെ. മാവുതന്നെ വാങ്ങാൻ ആളുകൾ വരാൻ തുടങ്ങി. യുദ്ധകാലമായതോടെ മാവുകൾക്കു വിലകൂടി. അവരെയും പട്ടാളത്തിൽ ചേർത്തിരുന്നു എന്നാണു തോന്നുന്നത്. തായ്ത്തടിയുടെ വണ്ണവും പൊക്കവും ശാഖോപശാഖകളെക്കൊണ്ടു പാഴായിക്കളയാതെ പത്തമ്പതടി ഉയരത്തിൽ നിൽക്കുന്ന കൊച്ചുചക്കരച്ചിയെ പട്ടാളത്തിൽ ചേർക്കുന്നതിന് എന്തു പ്രലോഭനവും ഉപയോഗിക്കാൻ തയാറായി ആളുകൾ വന്നിരുന്നെങ്കിലും, പണത്തിനു മുട്ടുണ്ടായിരുന്നെങ്കിലും അവരെല്ലാം തുരത്തപ്പെട്ടു.

ഇങ്ങനെ ഒക്കെയിരിക്കിലും അതു മുറിച്ചുകളയണമെന്നു ഞാൻ വാദിക്കാനും ശഠിക്കാനും ലഹളകൂട്ടാനും തുടങ്ങി. കൊച്ചുചക്കരച്ചിയുടെ ഇടതുഭാഗത്തായി, താഴെനിന്ന് എട്ടുപത്തടി ഉയരത്തിൽ തൊലിപൊളിഞ്ഞ് തടി ജീർണിച്ചിരുന്നു. ആ ആപത്ത് എങ്ങനെ സംഭവിച്ചു എന്ന് ഇന്നും നിശ്ചയമില്ല. ഇടിമിന്നൽ ഏശിയതാവാമെന്ന് ചിലർ ഊഹിച്ചു. അതു ശത്രുക്കളുടെ ദ്രോഹവൃത്തിയായി മറ്റു ചിലർ സങ്കൽപ്പിച്ചു. ഏറ്റവും ഒടുവിൽ പ്രബലമായി വന്നിട്ടുള്ള അഭിപ്രായം, തടിക്കച്ചവടക്കാർ ആരോ, തെക്കേപ്പുറത്ത് ആരും ഇല്ലാത്ത തക്കം നോക്കി തമരുവച്ചു തുളച്ചതിൽനിന്നു വന്നതാവാമെന്നാണ്. രോഗഹേതു എന്തുമാകട്ടെ, മാരകമായ രോഗം പിടിപെട്ടു. അതാണല്ലോ ഗണിക്കാനുള്ളത്. ചികിത്സിക്കാനും രക്ഷിക്കാനുമുള്ള വഴികൾ ആരാഞ്ഞു. ഒന്നും കണ്ടുകിട്ടിയില്ല. പിന്നെ നോക്കാനുള്ളത് ജീവിച്ചിരിക്കുന്നവരുടെ രക്ഷയാണല്ലോ. കാലവർഷക്കാറ്റുവന്ന് ആഞ്ഞടിച്ചാൽ മാവ് ഒടിഞ്ഞുവീഴുന്നത് 'താശിപ്പുര'യുടെ മേൽ ആണ്. അങ്ങനെ വന്നാലത്തെ നാശം ആർക്കു താങ്ങാൻ കഴിയും? വീഴാവുന്ന എവിടേക്കു വീണാലും കെട്ടിടങ്ങൾ നശിക്കാതിരിക്കാൻ വഴിയില്ല. ആ നിലയ്ക്ക് അതിനെ വെട്ടുകയല്ലാതെ എന്തു ചെയ്യും? വെട്ടാതെ വരുന്ന അപകടത്തിന് എന്തു സമാധാനം പറയാൻ കഴിയും? എന്ത് ആശ്വാസം കണ്ടുപിടിക്കാൻ സാധിക്കും? ഇഷ്ടമുണ്ടായിട്ടല്ല, ചുമതല ആകയാലാണ് ഏറ്റവും വലിയ അത്യാഹിതം ഒഴിവാക്കാൻ ആ മാവു മുറിക്കണമെന്നു സകലയുക്തികളും ഉപയോഗിച്ചു ഞാൻ വാദിച്ചത്. അമ്മ ഒരു വാദവും സമ്മതിച്ചു തരാൻ ഭാവമില്ല. യുക്തി ഉള്ളിടത്തല്ലേ യുക്തിവാദം ഫലിക്കൂ? ഇവിടെ ഭക്തിയും വിശ്വാസവുമാണ്. "കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തുവരുത്തുകയില്ല" എന്ന ഒറ്റ ഉറച്ചനിലയായിരുന്നു അമ്മയ്ക്ക്.

* * *

കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്തു ചെന്നിരിക്കും. കൊച്ചുചക്കരച്ചി ചതിക്കില്ല എന്ന വിശ്വാസമാണോ, അതോ, വീണു പൂമുഖവും

അറയും തകർക്കുന്നെങ്കിൽ അതോടെ താനും തകരട്ടെ എന്ന വിചാരമാണോ അതിന്റെ പ്രേരകശക്തി എന്നറിയില്ല. എത്ര പറഞ്ഞാലും കാറ്റും മഴയും വന്നാൽ അമ്മ ആ അപകടസ്ഥാനത്തു ചെന്നിരുന്നതുതന്നെ.

ജീവച്ഛേദകരമായ രോഗം പിടിപെട്ടിട്ടും യാതൊന്നും സംഭവിച്ചില്ലെന്ന മട്ടിൽ ഋതുചക്രത്തിരിച്ചിലിനനുസൃതമാം വിധം ആ മാവു തളിർക്കുകയും പൂത്തു കുടച്ചക്രംപോലെ സ്വർണസ്ഫുലിംഗങ്ങൾ പാറി വിലസുകയും ഇലകളിൽനിന്ന് ഈഷന്മാത്രം നിറഭേദമുള്ള മാമ്പഴക്കിങ്ങിണികൾ ചാർത്തി നിൽക്കയും കാലവർഷക്കാറ്റിൽ മറ്റു മരങ്ങൾ ചാഞ്ഞുലഞ്ഞു ചാഞ്ചാടുമ്പോൾ തന്റെ ഗൗരവം വിടാതെ അർധവൃത്താകാരത്തിൽ ലേശം ഒന്നു തിരിഞ്ഞു നൃത്തം വയ്ക്കയും ഒക്കെ ചെയ്യുന്നത് വേദനയോടെ ഞങ്ങൾ നോക്കിക്കണ്ടു. കർക്കടകമാസത്തിലെ കറുത്തവാവിൻനാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെക്കൊണ്ടു നക്ഷത്രനിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ ബോധത്തെയും വേദനയെയും ഉൽക്കടമാക്കിത്തീർത്തു. അതുവരെ കാണാതിരുന്ന അളവിലും ആഴത്തിലും തറവാടിന്റെ ആ ചിരബന്ധുവിന്റെ ഗുണങ്ങൾ ഹൃദയത്തിൽ ആഞ്ഞുപതിച്ചു.

അങ്ങനെ ആശങ്ക നിറഞ്ഞ ഒരു പത്തുകൊല്ലം കഴിഞ്ഞു. കേവലം ഇച്ഛാശക്തി കൊണ്ടെന്നപോലെ ആ മാവു നിലനിന്നു. തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽക്കൂടെ വിരലോടിച്ചുപോവുക മാത്രം ചെയ്തു; തള്ളി ഇട്ടില്ല.

അങ്ങനെയിരിക്കെ, ഇരുപതുവർഷം മുമ്പ് വൃശ്ചികം- ധനുമാസത്തിൽ നേരിയ ഒരു വർഷവും കാറ്റും ഉണ്ടായി; പഴുത്ത ഇലകൾ കൊഴിക്കാൻ മാത്രം പോരുന്ന ഒന്ന്. അകാലത്തുള്ള ആ കാറ്റും മഴയും കൊച്ചുചക്കരച്ചിയുടെ ആത്മാവിനെ കൂട്ടിക്കൊണ്ടു പോകാൻ പ്രത്യേകം നിയുക്തമായവയായിരുന്നു. അൽപ്പം തെക്കുപടിഞ്ഞാറു ചാഞ്ഞ് അതു മുറിഞ്ഞുവീണു. പടീറ്റതിൽ വീട്ടിന്റെ മതിൽ അൽപ്പം പൊളിഞ്ഞു. ഒരു തൈമാവിന്റെ ഒരു ശിഖരം ഒടിഞ്ഞു; കളത്തിന്നരികിലെ പുളിമരത്തിന്റെ ഏതാനും ചെറിയ കൊമ്പുകൾ അടർന്നു. അതിനേക്കാൾ നിരുപദ്രവകരമായി, എത്ര വിദഗ്ധനായ ഒരു മരംവെട്ടുകാരനും അതിനെ മുറിച്ചിടാൻ കഴിയുമായിരുന്നില്ല.

“കൊച്ചുചക്കരച്ചി നേരുള്ള മാവാണ്, അവൾ ദോഷം വരുത്തുകയില്ല” എന്നുള്ള അമ്മയുടെ വിശ്വാസം ജയിച്ചു. അവിടെ കിളിച്ചുപൊന്തിയ മാവിൻതയ്യിനെ ‘കൊച്ചുചക്കരച്ചിയുടെ മകൾ’ എന്ന നിലയിൽ അമ്മ വാത്സല്യത്തോടെ വളർത്തി. ഈയാണ്ടിൽ അതു കായ്ച്ചു. അവൾ പുളിച്ചിയാണ്.

കൊച്ചുചക്കരച്ചി
(എ.പി. ഉദയഭാനു)

354688

- വൃക്ഷങ്ങളിൽ വച്ചു വൃക്ഷം മാവുതന്നെയാണെന്ന് ലേഖകൻ സമർഥിക്കുന്നതെങ്ങനെ? വൃക്ഷങ്ങൾക്കു നൽകുന്ന വിശേഷണങ്ങൾ എത്രമാത്രം ഉചിതമാണ്? പാഠസന്ദർഭം വിശകലനം ചെയ്ത് സ്വാഭിപ്രായം സമർഥിക്കുക.

- മരവും മനുഷ്യനും തമ്മിലുള്ള കേവലമായ ബന്ധമാണോ കൊച്ചുചക്കരച്ചിയും അമ്മയും തമ്മിലുണ്ടായിരുന്നത്? പരിശോധിക്കുക.

- കൊച്ചുചക്കരച്ചിക്ക് കൈവരുന്ന മനുഷ്യഭാവങ്ങളാണ് ഈ ലളിതോപന്യാസത്തെ കൂടുതൽ ഹൃദ്യമാക്കുന്നത് - വിശകലനം ചെയ്യുക.

- • "അങ്ങനെ പല പല മാവുകൾ അവരുടെ പ്രത്യേക സ്വാദുകളുമായി ഓടി എത്തുന്നു."
  • "പച്ചമാങ്ങ അൽപ്പം ഉപ്പുചേർത്ത് കറുമുറാ കറുമുറാ ചവച്ചു തിന്നാൽ, കുത്തിയൊലിക്കുന്ന ഉമിനീരിന്റെ (കൊതി) വേഗം കൊണ്ട് അണകൾ കോച്ചിപ്പോകും."
  • "തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽക്കൂടെ വിരലോടിച്ചുപോവുക മാത്രം ചെയ്തു; തള്ളി ഇട്ടില്ല."

  ലേഖനത്തിലെ വിവിധ സന്ദർഭങ്ങൾ പരിചയപ്പെട്ടല്ലോ. ഭാഷയുടെ ലാളിത്യവും സൗന്ദര്യവുമുള്ള കൂടുതൽ ഉദാഹരണങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി എ.പി. ഉദയഭാനുവിന്റെ രചനാശൈലിയെക്കുറിച്ച് ഉപന്യാസം തയാറാക്കുക.

- മാവ്, മാമ്പഴം എന്നിവ പ്രമേയമായിവരുന്ന കാവ്യഭാഗങ്ങളും പാട്ടുകളും ശേഖരിച്ച് പതിപ്പ് തയാറാക്കുക.

# ഓണമുറ്റത്ത്

ഈ മലനാട്ടിൻ വായുവിലുണ്ടൊരു
മധുരോദാരവികാരം, മഞ്ഞാ-
ലീറനുടുത്തൊരു പാവനഭാവം.

മഴ കൊണ്ടാലും പാവം തുമ്പകൾ
മലരിൻകൂട നിറച്ചു, വിറച്ചേ
നിൽക്കുകയല്ലോ മേടുകൾതോറും.

തിരികൾ തെറുത്തു, കൊളുത്താനുറ്റ മു-
ഹൂർത്തം കാത്തു കുഴഞ്ഞു മടങ്ങിയ
കരവിരലോടെ, ദീപക്കുറ്റികൾ
നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ.

ഏതുമുറങ്ങാതെമ്പാടും വയ-
ലേലകൾതോറും നടുവിൽ പൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നു ലസിപ്പൂ നെയ്യാമ്പലുകൾ.

കാലേ രാവു നിറന്ന നിലാവാൽ
കമുകിൻപൂവരി തൂകി, ത്തൂമയി-
ലെതിരേറ്റങ്ങനെ നിൽക്കും വഴിയേ-
യെഴുന്നള്ളുകയായോണത്തപ്പൻ.

ആർപ്പുവിളിക്കുവിനുണ്ണികളേ, യല-
കടലേ, മേന്മേൽ കുരവയിടൂ കൊ-
ച്ചരുവികളേ, ചെറുകന്യകളേ, ന-
ല്ലതിഥി നമുക്കിനിയാരിതുപോലെ?

നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ,
പനിനീരാൽ കഴുകിക്കൂ കാലുകൾ,



മണിപീഠത്തിലിരുത്തൂ മന്നനെ,
മലയാളത്തറവാട്ടിന്നങ്കണ-
മണിപീഠത്തിലിരുത്തൂ, ഞങ്ങടെ
കൊച്ചുകിനാവുകൾ തേടിയലഞ്ഞു മ-
ലർക്കളമെഴുതിക്കാത്തോരരചനെ!

പഴയൊരു പുള്ളുവനാണല്ലോ ഞാൻ;
പായും കുടയും നെയ്യും, പിന്നെ-
പ്പല കൈവേലകൾ ചെയ്യും, പുഞ്ചകൾ
കൊയ്യും കാലം കറ്റമെതിച്ചു കി-
തയ്ക്കും ഗ്രാമപ്പെൺകൊടിമാരുടെ
കരളുകൾ തുള്ളാൻ, കാലുകൾ നർത്തന-
കലവികൾ കൊള്ളാ,നഴകിയ നാടൻ-
കവിതകൾ പാടിയിരിക്കും ചാരേ
ഞാനും കൈയിലെ വീണപ്പെണ്ണും.
വെറ്റിലയൊന്നു മുറുക്കാ,നൊന്നു കൊ-
റിക്കാൻ നെല്ലു കിടച്ചാലായി.

ഓണക്കാലത്തുണരും ഞാൻ, തിരു-
വോണപ്പാട്ടുകളാണെൻ പാട്ടുകൾ.
പൊന്നിൻചിങ്ങം വന്നുപിറന്നു ക-
രഞ്ഞു ചിരിച്ചു കുട,ഞ്ഞോണത്തിൻ-
മധുരക്കറി മണിവായിൽ തേച്ചതു
നൊട്ടിനുണച്ചു കളിക്കും കളി ക-
ണ്ടോണത്തപ്പൻ പൂത്തറമേൽ പന-
യോലക്കുടയും ചൂടിയിരിക്കെ,
മലയാളത്തറവാട്ടിന്നങ്കണ-
വെൺമണലിങ്കലിരിപ്പൂ ഞാനെൻ-
കൈയിൽ ചാഞ്ഞുകിടപ്പൂ കൊഞ്ചലൊ-
ടെൻപ്രിയമകളാം വീണപ്പെണ്ണും.
പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ-
രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ
പഴമോടരിയും പപ്പടവും ത-
ന്നാവതുവേഗമയയ്ക്കാൻ നോക്കാം.
ഇവരറിയുന്നീലെന്നഭിമാനം!
എന്നുടെ മുന്നിൽ ഗോമേദകമിഴി
മിന്നും കാഞ്ചനസിംഹാസനമതിൽ
മുത്തുക്കുടയും ചൂടിയിരിപ്പൂ
മൂവുലകാണ്ട മഹാബലിമന്നൻ.

35D29Y

വിട
(വൈലോപ്പിള്ളി ശ്രീധരമേനോൻ)

- മലയാളദേശം ഓണത്തെ സ്വീകരിക്കുന്നത് എങ്ങനെയെന്ന് കാവ്യഭാഗത്തുനിന്നു കണ്ടെത്തി സ്വന്തം വാക്യത്തിലവതരിപ്പിക്കുക.

- “പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
  പാട്ടാണെന്നു പഴിക്കാമിന്നു പ-
  രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ
  പഴമോടരിയും പപ്പടവും ത-
  ന്നാവതുവേഗമയയ്ക്കാൻ നോക്കാം.
  ഇവരറിയുന്നീലെന്നഭിമാനം!”

  കേരളത്തിന്റെ തനിമയാർന്ന സാംസ്കാരികപൈതൃകത്തിലുള്ള കവിയുടെ അഭിമാനബോധമാണോ ഈ വരികളിൽ തെളിയുന്നത്? കവിതയിൽനിന്ന് പ്രസക്തമായ മറ്റു സൂചനകൾ കൂടി കണ്ടെത്തി ചർച്ചചെയ്യുക.

- ‘ഒരുമയുടെയും സമഭാവനയുടെയും സന്ദേശമാണ് ഓണാഘോഷത്തിന്റെ അകക്കാമ്പ്–’ വർത്തമാനകാലത്ത് ഈ പ്രസ്താവന എത്രത്തോളം പ്രസക്തമാണെന്ന് ചർച്ചചെയ്ത് ലേഖനം തയാറാക്കുക.

- നാടൻപാട്ടുകളും ലളിതഗാനങ്ങളും സിനിമാഗാനങ്ങളുമടങ്ങുന്ന നിരവധി ഓണപ്പാട്ടുകൾ നമുക്കുണ്ട്. ഇവയിൽ ഏതാനും ചിലത് ഉൾപ്പെടുത്തി ഒരു പാട്ടരങ്ങ് സംഘടിപ്പിക്കുക. ഇതിന് മുന്നോടിയായുള്ള അവതാരകന്റെ ആമുഖഭാഷണവും തയാറാക്കുമല്ലോ.

# കോഴിയും കിഴവിയും



സംഗതി വളരെ നിസ്സാരമായിരുന്നു. ഒരു കോഴിയെ എറിഞ്ഞു കൊന്നു, അത്രമാത്രം. കോഴിയെ വളർത്തുന്നതുതന്നെ കൊല്ലാനാണ്. വളർത്താൻ പ്രയാസമില്ല. അതു തനിയെ വളർന്നുകൊള്ളും. കൊല്ലാനാണ് പ്രയാസം. എന്നുവച്ചാൽ താൻ വളർത്തിയ ഒന്നിനെ കൊല്ലാനുള്ള പ്രയാസം. അതു കിടന്നു പിടയ്ക്കുന്നതു കാണുക അസഹനീയമാണ്. എന്നു വച്ചു കൊല്ലാതെ ഒക്കുമോ? അതിന്റെ ജീവൻ പോകുന്നതു കാണുമ്പോൾ കണ്ണു നിറയാത്തത്, കണ്ണിൽക്കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്; ഇറച്ചിയുടെ രുചി ഓർത്തിട്ടാണ്. അതുകൊണ്ടു വല്ലവരും കൊന്നുതരുന്നത് ഒരു വലിയ സഹായമാണ്. പിന്നെ തൂവൽ പറിക്കയും മുളകും

മല്ലിയും വറുക്കുകയും ചെയ്താൽ മതിയല്ലോ. അതും വളർച്ചമുറ്റിയ കോഴി. പൂവൻകോഴി. ഇന്നല്ലെങ്കിൽ നാളെ, അഥവാ അടുത്ത ആഴ്ച കൊല്ലാനിരുന്നതും. മർക്കോസിനോടു നന്ദി പറയുക. അല്ലെങ്കിൽ അയാളുടെ മകനോട്. അവരാരെങ്കിലുമാണല്ലോ ഇതു ചെയ്തത്. അവർക്കു വേണമെങ്കിൽ ആ കോഴിയെ വൈകുന്നേരം കറിവച്ചു തിന്നാമായിരുന്നു. ആരും അറിയാൻ പോകുന്നില്ല അക്കാര്യം. അതു ചെയ്തില്ല. "ദേ ഏലിച്ചേടത്തി, നിങ്ങടെ കോഴി കെടക്കുന്നു. പിള്ളേരാരാണ്ടു കല്ലെടുത്തെറിഞ്ഞു കൈയബദ്ധത്തിന് അതിന്റെ കഴുത്തേലോ മറ്റോ കൊണ്ടു. അതു ചത്തുപോയി" എന്നു പറഞ്ഞു കയ്യാലയ്ക്കൽ വിളിച്ചു മർക്കോസിന്റെ ഭാര്യ ആ ചത്തകോഴിയെ അങ്ങു കൊടുക്കുകയാണു ചെയ്തത്. ഏലി അതിനെ എടുക്കാതെയങ്ങു നടന്നു. ആ സ്വാദുള്ള ശവം അവരുടെ പറമ്പിനരികിൽ കിടന്നു. തിരിച്ചുപോന്നിട്ട് അന്നമ്മ പറയുകയാണ്:

"അരത്തുലാമൊണ്ട് കേട്ടോ."

മർക്കോസു പറഞ്ഞു: "പിന്നെ തുലാം കാണുകേല്ലേ? ഈ പറമ്പിലിനി വല്ലതുമൊണ്ടോ ബാക്കി. എന്തു നട്ടാലും നശിപ്പിക്കുന്ന ഒരു കോഴി!"

"അവരു മൊഖോം വീർപ്പിച്ചോണ്ടാ പോയെ."

"നീയും മൊഖമൊന്നു വീർപ്പിച്ചേക്കായിരുന്നല്ലോ!"

"അതവരെടുത്തോണ്ടുപോകുവായിരിക്കും. ഇല്ലെങ്കിൽ വല്ല പട്ടീം വന്നു കടിച്ചെടുത്തോണ്ടു പോകും. നേരം സന്ധ്യയാകാറായല്ലോ!" അന്നമ്മയ്ക്ക് ആ കൊലപാതകം മറക്കാൻ കഴിഞ്ഞില്ല. അവർ അതിനെക്കുറിച്ച് എന്തൊക്കെയോ പൊറുപൊറുത്തു.

കോഴിയുടെ ഉടമസ്ഥൻ സന്ധ്യക്കു വീട്ടിൽ വന്നപ്പോൾ കഥ അറിഞ്ഞു: "അതിനു നിവൃത്തിയുണ്ടാക്കാം. അയൽപക്കത്തുകാർക്കും കഴിഞ്ഞുകൂടണമല്ലോ!"

അവർ അന്നു സുഖമായി അത്താഴം കഴിച്ചു. അൽപ്പം താമസിച്ചെന്നു മാത്രം.

ഇതേയുള്ളു സംഗതി – മത്തായിയുടെ വീട്ടിൽ മുട്ടവിരിഞ്ഞുണ്ടായ അഞ്ചു കോഴിക്കുഞ്ഞുങ്ങൾ ആ വീട്ടിലും മർക്കോസിന്റെ പറമ്പിലും നടന്നു തിന്നുവളർന്നു. അതിലൊരു പൂവന്റെ ഉപദ്രവം സഹിക്കാഞ്ഞു മർക്കോസിന്റെ മകൻ ഒരു കല്ലെടുത്തൊരേറുകൊടുത്തു. കോഴി ചത്തു. മത്തായിയുടെ വീട്ടുകാരതിനെ വേവിച്ചു തിന്നു.

എന്നിട്ടും കാര്യം അവസാനിച്ചില്ല. ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു. ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്തു ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു. അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴി കൂകിയപ്പോൾ, ചത്തകോഴി, ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി, മത്തായിമാർഗേണ കൂകി: "നോക്കീക്കോ."

ഒരു കയ്യാലകൊണ്ടു വേർതിരിക്കപ്പെട്ട രണ്ടു പറമ്പ്. കുറേക്കാലം മുമ്പ് രണ്ടും ഒന്നായിരുന്നു. മർക്കോസിന്റെ അപ്പന്റെ വക. അയാൾ അതിനരികിൽ കുറച്ചു സ്ഥലം മത്തായിയുടെ അമ്മയ്ക്ക് പാർക്കാൻ കൊടുത്തു; ഒരു പരോപകാരബുദ്ധികൊണ്ട്. പനയോല കുത്തി മറച്ചൊരു വീടുണ്ടാക്കി അവളവിടെ പാർത്തു. മിക്കവാറും ഒരു നേരത്തെ ഭക്ഷണം ജന്മിയുടെ വീട്ടിൽ കഴിയും. ഉപ്പും മുളകും കാപ്പിത്തൊണ്ടും ഉണക്കമീനും വടക്കൻ പുകയിലയും മണ്ണെണ്ണയും മൺകലവും വിൽക്കുന്ന ഒരു പീടിക കൂടിയായി ആ വീട്. അന്നു മത്തായി പിച്ചനടന്നു തുടങ്ങിയതേയുള്ളൂ.

അടുത്തെങ്ങും പീടികയില്ല. തൊട്ടടുത്തൊരു വലിയ പാടമുണ്ട്. പാടത്തു പണിക്കു വരുന്നവരൊക്കെ ആ പെമ്പിളയുടെ കടയിൽനിന്നു സാമാനം വാങ്ങും. കൊയ്ത്തു കാലത്ത് അവൾക്കു നല്ല കച്ചവടമാണ്. നല്ല ലാഭവുമാണ്. നെല്ലു കുറേ കിട്ടും. പിന്നെ അതു പുഴുങ്ങിക്കുത്തി അരിക്കച്ചവടവുമായി. കരിപ്പട്ടി, വെറ്റില, പാക്ക്, ഉണ ക്കറൊട്ടി, പഴം ഇങ്ങനെ വ്യാപാരം വിപുലമായി വന്നു. മത്തായി വളർന്നും വന്നു. ചക്കരക്കാപ്പി, പുട്ട്- അങ്ങനെ പല ചരക്കുകടയും കാപ്പിക്കടയും നടത്തി ആ കുടുംബം കുറേശ്ശെ നല്ലനിലയിലേക്കു നീങ്ങി. അരിച്ചിട്ടി, കുറിച്ചിട്ടി ഇങ്ങനെ ചിട്ടി കളും, പണയം വാങ്ങി പണം കൊടുക്കലും. ആകെക്കൂടി കൊള്ളാം. ചെലവാണെ ങ്കിൽ രണ്ടു വയറിനു മാത്രം. കർത്താവീശോമിശിഹാതമ്പുരാന്റെ കൃപ. കെട്ടിയോൻ കള്ളപ്പുകല ചുമടിനുപോയി ഇടികൊണ്ടു ചത്തതുകൊണ്ട് അവൾക്കു വന്ന ഭാഗ്യം. അല്ലെങ്കിൽ ഇതൊക്കെ അവൻ ഒരുദിവസം കൊണ്ടു കുടിച്ചുമൊള്ളിയേനെ. അവളൊട്ടു കച്ചവടം തുടങ്ങുകയുമില്ല.

അപ്പോൾ നമ്മുടെ മർക്കോസിന്റെ വീട്ടിലാണെങ്കിൽ സാമാന്യം സ്വത്ത്. ഒന്നാമതു പള്ളിയിൽപ്പോക്കും രണ്ടാമതു കൃഷിയും തൊഴിലായിട്ടൊരു കാർണോർ. ആഭിജാ ത്യത്തിന്റെ കാവൽക്കാരിയായൊരു ഗൃഹനായിക, പോരാ, ആണ്ടിലാണ്ടിൽ പെറുന്ന സ്വഭാവക്കാരിയും. ഒരു ജലദോഷംപോലും വരാത്ത പിള്ളേരും. ഐശ്വര്യം നിറഞ്ഞ വീട്. അവിടെ മൂപ്പരും മൂപ്പത്തിയും തമ്മിൽ ഒരു കാര്യത്തിൽ ഭിന്നിപ്പുണ്ടായിരുന്നു. ആൺപിള്ളേരെ പെറണമെന്നു മൂപ്പര്. പെൺപിള്ളേരെ മാത്രമേ പെറുകയുള്ളു



വെന്നു മൂപ്പത്തിയാരും. പെൺപിറന്നവരുടെ വാശി ജയിക്കയും അതുകൊണ്ടു ക്രമേണ കുടുംബം ക്ഷയിക്കാനിടയാകയും ചെയ്തു. നന്നായിവന്നോട്ടെ എന്നു കരുതിയല്ല, ഒരു ദുർബലനിമിഷത്തിൽ ഭാര്യ തോറ്റുകൊടുത്തു; ഒരാണിനെ പെറ്റു. അവനാണു മർക്കോസ്. ഏഴു പെങ്ങന്മാരുടെയിടയ്ക്കൊരു കുഞ്ഞാങ്ങള വന്നതു നന്നായി. പിറകെ വന്ന അഞ്ചുപേരെയും മൂത്ത രണ്ടുപേരെയും അങ്ങനെ ഏഴുപെങ്ങന്മാരെ കെട്ടിച്ചു കൊടുക്കാൻ അവനേ ഉണ്ടായിരുന്നുള്ളൂ. അപ്പോഴേക്ക് അപ്പനും അമ്മയും മരിച്ചു.

അങ്ങനെ മുകളിൽനിന്നു കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു. രണ്ടുപേർക്കും അവരവരുടെ കാര്യമായി. ചെറുപ്പത്തിലെ ചെങ്ങാത്തം തേഞ്ഞുമാഞ്ഞുപോയി.

കാറ്റു മാറിവീശി. മർക്കോസ് ക്ഷീണിച്ചപ്പോൾ മത്തായി സഹായിച്ചുതുടങ്ങി. പരോപകാരബുദ്ധികൊണ്ടല്ല. ഉപകാരസ്മരണകൊണ്ടുമല്ല. അവന് അവിടെ ഒരു പുരവയ്ക്കാൻ കുറച്ചുകൂടെ സ്ഥലം വേണം; മർക്കോസിനു കുറേ പണവും വേണം. മർക്കോസിന്റെ പറമ്പു ചെറുതായി; വന്നു കേറിയവന്റെ വീതം വലുതും. മത്തായിയുടെ വീടും വലുതായി. അവനു പണമായി; മർക്കോസിനെക്കുറിച്ച് നിന്ദയും. അവർ അടുത്തു താമസിച്ചിട്ടും തീരെ അകന്നു പോയി. ഉള്ള സ്ഥലംകൂടി എഴുതിത്തന്നേച്ച് അതിന്റെ വിലമേടിച്ചുകൊണ്ടു മലബാറിലെങ്ങാനും പോകരുതോ ഇവന് എന്ന ഭാവമാണു മത്തായിക്ക്. അയൽപക്കത്ത് അത്താഴപ്പട്ടിണിക്കാരൻ പാർത്താൽ അതൊരു സൈ്വരക്കേടാണെന്ന് അവനറിയാം. എങ്ങനെയും ഇവിടന്നു പറഞ്ഞു വിടണം. ചില്ലറ ശല്യങ്ങൾ ചെയ്തു തുടങ്ങി.

മർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ എതിരുപിടിക്കുക എന്നത് മത്തായിയുടെ വ്രതമായി. അവരുടെ ഇടയിലുള്ള കയ്യാല ഇടിഞ്ഞുപോയാൽ അതു കുത്താതെ കിടക്കും. എതിരാളി സമ്മതിക്കയില്ല. ചീഞ്ഞളിയുന്ന വസ്തുക്കൾ അയൽക്കാരന്റെ പറമ്പിലേക്കെറിയും. തൊട്ടവീട്ടിൽ പാർക്കുന്ന ശത്രുക്കൾക്ക് എന്തെല്ലാം ഉപദ്രവങ്ങളാണു ചെയ്യാൻ കഴിയുക, അതൊക്കെ ചെയ്യും, മത്തായി.

അയാളുടെ അമ്മയ്ക്ക് ഈ നന്ദികേടിൽ പ്രതിഷേധമുണ്ട്. എന്നാലും ഒരമ്മയാണല്ലോ. തന്റെ കുഞ്ഞു ചെയ്യുന്നതിൽ ദോഷം കാണാൻ അവർക്കു ശേഷിക്കുറവാണ്.

“എന്റെ അപ്പൻ ഒരു മാടംവെച്ചു കിടക്കാൻ സമ്മതിച്ചില്ലെങ്കിൽ ഇതുങ്ങളു വല്ല വഴീലും കെടന്നു തൊലഞ്ഞേനെ” എന്നു മർക്കോസ് ചിലപ്പോൾ പറയും.

“ഞാനിവിടെ വന്നുകൂടിയില്ലെങ്കിൽ പിച്ചപ്പാളയും കൊണ്ടിറങ്ങേണ്ടി വന്നേനെ അവന്” എന്നു മത്തായി തിരിച്ചടിക്കും.

പണമുണ്ടെന്ന് ഒരാൾക്കു ഭാവം. കുടുംബസ്ഥിതിയിൽ അഭിമാനം മറ്റവന്.

രണ്ടുപേർക്കും കുട്ടികളുണ്ട്. ജോടിക്കുജോടി എന്നുതന്നെ പറയാം. മക്കൾ തമ്മിലും പിണക്കമാണ്. സ്കൂളിൽ പോകുന്ന വഴി അയൽക്കാരന്റെ പുറത്തിടിച്ചേച്ച് ഓടും ഒരുത്തൻ. മറ്റൊരാൾ മുമ്പേ പോകുന്നവന്റെ ദേഹത്തു ചെളിവെള്ളം തട്ടിത്തെറിപ്പിക്കും. അവരുടെ പിണക്കം പെട്ടെന്ന് ഇണക്കമായി മാറും.

ഇപ്പോൾ മത്തായിയുടെ പറമ്പിൽ ഒരു പേരയുണ്ട്. മുമ്പ് അതു മർക്കോസിന്റെ പറമ്പിലായിരുന്നു. മത്തായിയുടെ മക്കൾ പേരയ്ക്കാ പറിച്ച് ആഹ്ലാദത്തോടെ തിന്നുകയായിരുന്നു. മർക്കോസിന്റെ മകൾ വേലിക്കൽ ചെന്നു കൊതിയോടെ നോക്കിനിന്നു.

“കൊതിക്കാൻ വന്നു നിക്കുകാണോ?”

"ഞാൻ ഞങ്ങടെ പറമ്പിലാ നിയ്ക്കുന്നെ."

"അവിടെ നിന്നോ, കൊതിക്കാതിരുന്നാൽ മതി."

"നിങ്ങളാ കൊതിയമ്മാര്. ഞങ്ങളുടെ പേരയല്ലെ. നിങ്ങളുടെ കൊതികൊണ്ടല്ലെ ഈ പറമ്പു നിങ്ങളു മേടിച്ചെ?"

ഒരു കുട്ടി ഒരു പേരയ്ക്കാ പറിച്ചിട്ട് അവൾക്ക് എറിഞ്ഞുകൊടുത്തു. "കൊതിക്കാതെ ഇതും എടുത്തോണ്ടു പോ" എന്നു പറഞ്ഞു. പേരയ്ക്കാ അവളുടെ നെറ്റിയിൽ ചെന്നു കൊണ്ടു. അവൾ ചീത്ത വാക്കുകൾ പറഞ്ഞുകൊണ്ട് പേരയ്ക്കായും എടുത്തു കരഞ്ഞുകൊണ്ടു വീട്ടിലേക്കു പോയി. കരച്ചിൽ കേട്ട് അമ്മ വന്നു നോക്കി. നെറ്റിയിൽ പേരയ്ക്കായോളം ഒരു മുഴ. കുറച്ചുനേരത്തേക്ക് ആ കയ്യാലയ്ക്കൽ പരസ്പരം തെറിപറച്ചിലായിരുന്നു.

അടുത്ത ദിവസം സ്കൂളിൽ പോകുമ്പോൾ എറിഞ്ഞവൻ വഴിയിൽ കാത്തുനിന്നു. ഏറുകൊണ്ടവൾ അതിലേ വന്നു. അവളുടെ മുഖം പെട്ടെന്നു കറുത്തുവീർത്തു. അവന്റെ തൊണ്ടയിടറി.

"ഇന്നാ രണ്ടു പേരയ്ക്കാ."

"ആർക്കാന്നാ കൊണ്ടെക്കൊട്." അവൾ അവന്റെ കൈ തട്ടിക്കളഞ്ഞു.

"ഞാൻ അറിഞ്ഞോണ്ടു നെറ്റിയേൽ കൊള്ളിച്ചതല്ല."

"എന്നോടു മിണ്ടരുത്"

"ഇഷ്ടംകൊണ്ടാ ഞാൻ പേരയ്ക്കാ ഇട്ടു തന്നത്."

അവൾ മിണ്ടിയില്ല.

"ഈ പേരയ്ക്കാ മേടിക്ക്."

"എനിക്കു വേണ്ട."

"നീ ഇതു മേടിച്ചു തിന്നില്ലെങ്കിൽ ഞാനാ പേര വെട്ടിക്കളയും."

"വെട്ടിക്കള."

"നീ കരഞ്ഞതുകൊണ്ട് ഞാൻ തിന്നാതെ വച്ചിരുന്നതാ ഇത്. നീ തിന്നാലേ ഞാനും തിന്നുകൊള്ളൂ."

അവളുടെ മുഖം തെളിഞ്ഞു. അവൾ പേരയ്ക്കാ രണ്ടും വാങ്ങി. എന്നിട്ടു പുഞ്ചിരിയോടെ ഒന്ന് അവനു നീട്ടി: "ഒന്നു ചാക്കോച്ചൻ തിന്ന്."

അവനതു വാങ്ങി. അവളുടെ നെറ്റിയിൽ പതുക്കെ ഒന്നു തലോടി. "കള്ളിപ്പെണ്ണ് എന്നെയങ്ങു പേടിപ്പിച്ചു കളഞ്ഞു!"

അവൾ കിടുകിടെച്ചിരിച്ചു.

രണ്ടു വീട്ടിലെയും കുട്ടികൾ ഒരുമിച്ചു നടക്കുന്നതുപോലും വീട്ടുകാർക്കിഷ്ടമല്ല.

അയൽവീട്ടുകാരെപ്പറ്റി എന്തെങ്കിലും ആക്ഷേപം പറയാതെ കിടന്നാൽ മത്തായിക്ക് ഉറക്കം വരുകയില്ല. അയാളുടെ ഭാര്യക്കും അങ്ങനെതന്നെ. അമ്മ മാത്രം ഈ അയൽദൂഷണത്തിൽ പങ്കുചേരുകയില്ല. അവർക്കു പ്രായംകൊണ്ടുള്ള അവശതനന്നേയുണ്ടെങ്കിലും ചിലപ്പോൾ അവർ മകനോടു പറയും: "മകനെ മൂടുമറക്കരുത്. അന്നു ഞാനീ നാട്ടിലെ കേമന്മാരോടൊക്കെ കെഞ്ചിയിട്ട് ഒരു മാടം വെച്ചുകെടക്കാനാരും സമ്മതിച്ചില്ല. ഈ വേലിക്കകത്തു കാലെടുത്തു കുത്തിയതുമുതലാ പഷ്ണിയൊഴിഞ്ഞത്. മർക്കോസിന്റെ അപ്പൻ നിന്നെ മകനെപ്പോലെയാ വിചാരിച്ചിരുന്നത്."

അതു മത്തായിയെ ശുണ്ഠിപിടിപ്പിക്കും: "മർക്കോസിന്റെ അപ്പൻ എന്നെ മകനെപ്പോലെ കരുതാൻ കാരണം?" മത്തായിക്കു പാരുഷ്യം വർധിക്കുകയാണ്.

ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവതം പൊട്ടാറായി നിൽക്കുകയാണ്. അതു താമസിയാതെ പൊട്ടും. അതിൽ രണ്ടു കുടുംബങ്ങളും തകർന്നെന്നു വരാം. അതിലാർക്കും വിരോധമില്ല. തന്റെ കൂടെ മറ്റവരും തകർന്നാൽ മതി.

അതിനു സന്ദർഭം വന്നു. ഒരുത്തന്റെ കോഴിയെ മറ്റവൻ കൊന്നു.

മർക്കോസിന് ഉറക്കം വന്നില്ല. ആ പ്രവൃത്തി ഒരു മുൻകൈയെടുക്കലായിപ്പോയി; യുദ്ധത്തിനു കാരണമായിപ്പോയി.

അടുത്തദിവസം രാവിലെ മർക്കോസിന്റെ വീട്ടിൽ പോലീസുകാരൻ വന്നു. അയാളുടെ പറമ്പിൽനിന്നു കോഴിയുടെ തൂവലും കാലും തലയും തൊണ്ടിയായി കണ്ടെടുത്തു.

അയൽക്കാർ കൂടി. മർക്കോസ് കോഴിയെ കട്ടുതിന്നെന്നാണു കേസ്. അയാളെ പോലീസ്സ്റ്റേഷനിലേക്കും അവിടന്നു കോടതിയിലേക്കും നടത്തും. മൂന്നുമൈൽ ദൂരംവരെ പോലീസുകാരൻ അയാളെ കൊണ്ടുപോകും. അയാളുടെ കൈയിൽ കോഴിയുടെ അവശിഷ്ടങ്ങൾ ഉണ്ടായിരിക്കും.

അന്നമ്മ ഇതിനിടെ പലതും പുലമ്പി. കോഴിയിറച്ചി അവിടെ പാകം ചെയ്തില്ലെന്നു മനസ്സിലാക്കാൻ ആരെങ്കിലും അടുക്കള പരിശോധിച്ചോളാൻ പറഞ്ഞു. കുട്ടികളൊക്കെ പറഞ്ഞു, അവിടെ തലേ ദിവസം ഇറച്ചി വച്ചില്ലെന്ന്. അയൽക്കാർ ഓരോ അഭിപ്രായങ്ങൾ പറഞ്ഞു.

അതൊക്കെ കോടതിയിൽ വന്നു പറഞ്ഞാൽ മതി, ഇവിടെ തന്റെ അന്വേഷണങ്ങൾക്കു തടസ്സം ചെയ്യരുതെന്നായി പോലീസുകാരൻ.

മർക്കോസ് ആകെ നാണിച്ചു നിൽക്കുകയാണ്. കോഴിയെ എറിഞ്ഞുകൊന്ന കാര്യം തന്നെ സമ്മതിക്കാമോ എന്നയാൾക്കു സംശയം.

മത്തായിയുടെ വീട്ടിൽ സകല വായും അടച്ചുപൂട്ടി മുദ്രവച്ചിരിക്കുകയാണ്. ഒരക്ഷരം ആരും മിണ്ടുന്നില്ല. വല്യമ്മ ഇതൊന്നും അറിഞ്ഞതേയില്ല.

"എന്നാൽ നമുക്കു പോകാം" എന്നായി പോലീസുകാരൻ.

"പോകാം, ഇനിയെന്നാ തിരിച്ചു വരുന്നതെറിയാൻമേലല്ലോ. അങ്ങേതിലെ അമ്മ വയസ്സായിരിക്കുകാ. തിരിച്ചുവരുമ്പോഴേക്ക് അവരെ കാണാൻ ഭാഗ്യമുണ്ടായില്ലെങ്കിലോ? അതിലേ ഒന്നുകേറിയിട്ടു പോകരുതോ?" മർക്കോസ് ചോദിച്ചു. പോലീസുകാരൻ ആദ്യം സമ്മതിച്ചില്ല. ആളുകൾ നിർബന്ധിച്ചിട്ട് ഒടുവിൽ സമ്മതിച്ചു.

പോലീസുകാരന്റെകൂടെ മർക്കോസ് പടിയിറങ്ങിയപ്പോൾ വീട്ടുകാർ പിരാകുകയും നിലവിളിക്കുകയും ചെയ്തു; ആരോ മരിച്ചതുപോലെ. അങ്ങേതിലെ വല്യമ്മ ഈ ശബ്ദം കേട്ട് എഴുന്നേറ്റു തപ്പിത്തടഞ്ഞ് വരാന്തയിൽ വന്നപ്പോൾ ഒരു പൊതിക്കെട്ടുമായി മർക്കോസും കുറേ ആളുകളും അങ്ങോട്ടു ചെന്നു.

"എനിക്കു തരാനെന്നതുംകൊണ്ടാ മർക്കോച്ചൻ വന്നിരിക്കുന്നെ, ഇങ്ങോട്ടു കേറിയിരി. എന്താ അവിടെയൊരു നെലോളി കേട്ടത്?"

മർക്കോസു പറഞ്ഞു: "ഞാനിങ്ങേരടെ കൂടെയൊന്നു പോകുകാ കച്ചേരീലേക്ക്, ഇവിടത്തെ കോഴിയെ കട്ടതിന്. ഞാൻ കട്ടെന്നാ മത്തായി പറയുന്നത്. ഞാനിനി എന്നാ വരുകാന്നാർക്കറിയാം. അതുവരെ എന്റെ വീട് അമ്മ നോക്കിക്കൊള്ളണം."

തെല്ലിട മൗനമായിരുന്ന് കണ്ണുനീരു തുടച്ചിട്ട് വൃദ്ധ പറഞ്ഞു:

"മത്തായിയൊണ്ടോ ഈ കൂട്ടത്തില്! അവനോടൊന്നു പറഞ്ഞേ, എന്റെ കൈയേൽ പിടിച്ച് വടക്കേതിലേക്കൊന്നു കൊണ്ടുപോകാൻ. ഞാനവിടെ കെടന്നു ചത്തോളാം. നന്ദികെട്ട ഈ വംശത്തിന്റെ കൂടെ എനിക്കു കഴിയാൻമേല. ഇന്നലെ ഇവിടെ ഈ കൊച്ചുങ്ങളെപ്പോലും അറിയിക്കാതെ മാപ്പിളേം പെമ്പിളേം കൂടി കോഴിയെ വേവിച്ചു തിന്നേച്ച് അവന്റെ പേരിൽ കേസും. അവനെ അവന്റെ പാട്ടിനു വിട്ടേച്ചു നിങ്ങളു നിങ്ങടെ ജോലിക്കുപോയീൻ."

വല്യമ്മ എഴുന്നേറ്റു മുറ്റത്തേക്കിറങ്ങി. മത്തായി പടിക്കു വെളിയിൽ ചാടി. വല്യമ്മ മർക്കോസിനെ കെട്ടിപ്പിടിച്ച് ഉമ്മകൊടുത്തിട്ടു പറഞ്ഞു: "എന്റെ മകനേ, ഈ നന്ദി കെട്ടവരുടെ ഇടയീന്ന് കർത്താവെന്നെയങ്ങു വിളിച്ചിരുന്നെങ്കിൽ!"

ഈ വയ്യാവേലിയിൽ നിന്ന് തലവലിക്കാൻ മത്തായി കുറേ പാടുപെടേണ്ടി വന്നു.

കാരൂരിന്റെ കഥകൾ
(കാരൂർ നീലകണ്ഠപ്പിള്ള)

35LXBL

- "അതിന്റെ ജീവൻ പോകുന്നതു കാണുമ്പോൾ കണ്ണുനിറയാത്തത്, കണ്ണിൽക്കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്."

  കഥാകൃത്ത് ഇവിടെ അവതരിപ്പിക്കുന്ന സാമൂഹികവിമർശനം വിലയിരുത്തി കുറിപ്പു തയാറാക്കുക.

- "മത്തായിയൊണ്ടോ ഈ കൂട്ടത്തില്! അവനോടൊന്നു പറഞ്ഞേ, എന്റെ കൈയേൽ പിടിച്ച് വടക്കേതിലേക്കൊന്നു കൊണ്ടുപോകാൻ. ഞാൻ അവിടെ കെടന്നു ചത്തോളാം."

  മത്തായിയുടെ അമ്മ മറ്റു കഥാപാത്രങ്ങളിൽനിന്ന് എങ്ങനെ വ്യത്യസ്തയായിരിക്കുന്നു? വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.

- ഉടനീളം പ്രകടമാകുന്ന ആക്ഷേപഹാസ്യമാണ് 'കോഴിയും കിഴവിയും' എന്ന കഥയെ ആസ്വാദ്യമാക്കുന്നത്. കഥയിൽനിന്ന് തെളിവുകൾ കണ്ടെത്തി ആസ്വാദനം തയാറാക്കുക.

- ഒട്ടേറെ നാടകീയമുഹൂർത്തങ്ങൾ 'കോഴിയും കിഴവിയും' എന്ന കഥയിലുണ്ടല്ലോ; മനുഷ്യനന്മകൾ വെളിപ്പെടുത്തുന്ന സന്ദർഭങ്ങളും. ഇത്തരം മുഹൂർത്തങ്ങൾ കണ്ടെത്തി നാടകാവിഷ്കരണം നടത്തുക.

- "ഒരു കയ്യാലകൊണ്ടു വേർതിരിക്കപ്പെട്ട രണ്ടു പറമ്പ്. മുമ്പ് രണ്ടും ഒന്നായിരുന്നു".

*(കോഴിയും കിഴവിയും)*


പ്രളയരക്ഷാപ്രവർത്തനത്തിനു തടസ്സമായത് മതിലുകളും ഗേറ്റുകളും. അവയിൽ ഇടിച്ചാണ് രക്ഷാപ്രവർത്തനത്തിനെത്തിയ നിരവധി വള്ളങ്ങൾ തകർന്നത്.

- പ്രളയദുരന്തം മനുഷ്യർക്കിടയിലെ എല്ലാ മതിലുകളും തകർത്തെറിഞ്ഞു (പത്രവാർത്തകളിൽ നിന്ന്).

സ്നേഹസൗഹൃദങ്ങൾക്ക് എത്തിപ്പെടാനാവാത്ത വിധം മനുഷ്യർക്കിടയിൽ അദൃശ്യമായ മതിലുകൾ ഇന്നും നിലനിൽക്കുന്നുണ്ടോ?

മുകളിൽ നൽകിയ സൂചനകളും സമകാലിക സാമൂഹികസാഹചര്യങ്ങളും വിശകലനം ചെയ്തു ലേഖനം തയാറാക്കുക.

# ശ്രീനാരായണഗുരു



മതഗ്രന്ഥങ്ങൾക്കെന്നപോലെ, മഹാത്മാക്കളുടെ ജീവിതസന്ദേശങ്ങൾക്കും നിരീക്ഷണസ്ഥാനഭേദം കൊണ്ട് ഭിന്നഭിന്ന വ്യാഖ്യാനങ്ങളുണ്ടാവുക സാധാരണമാണ്. ശ്രീനാരായണസന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഇന്നത്തെ ഒരാവശ്യമാകുന്നു.

ഭാരതത്തിന്റെ നവോത്ഥാനത്തിന് അപരിത്യാജ്യമായിത്തീർന്ന ഒരു കർമ്മപരിപാടിയാണ് അധഃകൃതവർഗോദ്ധാരണം. ആധുനികകാലത്തെ ധർമ്മസ്ഥാപനത്തിനുള്ള മുഖ്യമാർഗവും അതാകുന്നു. റാം മോഹൻറായ്, ദയാനന്ദസരസ്വതി, രാമകൃഷ്ണപരമഹംസൻ, സ്വാമി വിവേകാനന്ദൻ തുടങ്ങിയ കർമ്മയോഗികൾ ജീവിച്ചതും പ്രവർത്തിച്ചതും ഈ ധർമ്മം പുനസ്ഥാപിക്കാൻ വേണ്ടിയാണ്. ശ്രീനാരായണഗുരുവും ഈ മാർഗം തന്നെയാണ് പ്രധാനമായി അവലംബിച്ചത്. യോഗിയും അദ്വൈതിയും ആയിരുന്ന ഈ മഹാപുരുഷൻ പല യതിവര്യരും ചെയ്യാറുള്ളതു പോലെ സ്വമോക്ഷത്തെ ലക്ഷ്യമാക്കി പ്രവൃത്തിരംഗത്തു നിന്ന് നിവൃത്തനായില്ല എന്നത് ഇവിടെ എടുത്തു പറയേണ്ടതുണ്ട്. ഭാരതീയവേദാന്തത്തിന്റെ പരമലക്ഷ്യമായ മോക്ഷം വ്യക്തിയെ മാത്രം സംബന്ധിക്കുന്ന ഉദാത്തീകൃതമായ ഒരു തരം സ്വാർഥത തന്നെയാകുന്നു. തപശ്ശക്തി സംഭരിച്ച എത്രയോ സന്ന്യാസിമാരുടെ കർമ്മശക്തി ഈ സ്വാർഥത മൂലം സമൂഹത്തിനു പ്രയോജനപ്പെടാതെ പോയിട്ടുണ്ട്. എന്നാൽ ശ്രീനാരായണഗുരുവാകട്ടെ, തപശ്ചര്യകൊണ്ടു വികസിച്ച സ്വകീയമായ വ്യക്തിമഹത്ത്വത്തെ സമൂഹോന്നമനത്തിനായി വിനിയോഗിച്ചു. തന്റെ യോഗശക്തിയെയും ജ്ഞാനശക്തിയെയും അദ്ദേഹം ആധ്യാത്മികമണ്ഡലത്തിൽ അടച്ചുപൂട്ടി സൂക്ഷിക്കാതെ ലൗകികതലത്തിലേക്കും പ്രസരിപ്പിച്ചു. ബഹുലക്ഷം ജനങ്ങളുടെ അന്ധകാരജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി. നൂറ്റാണ്ടുകളായി ചവിട്ടിമെതിക്ക

പ്പെട്ടു കിടന്ന മനുഷ്യത്വത്തെ അദ്ദേഹം സമുദ്ധരിച്ചു. ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏകഗുരുനാഥനെന്നും ഈ ഋഷിവ ര്യനെ വിശേഷിപ്പിക്കാം. ജ്ഞാനസിദ്ധനും അതേസമയം കർമ്മസിദ്ധനുമായിരുന്നു അദ്ദേഹം. കർമ്മജ്ഞാനങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രായോഗികവേദാന്ത ത്തിനാണ് ഗുരു പ്രാധാന്യം കല്പിച്ചത്.

പ്രപഞ്ചത്തിന്റെ മിഥ്യത്വത്തിൽ ഭ്രമിച്ചു കർമ്മവിമുഖരായി അലസജീവിതം നയി ക്കുന്ന ഇന്ത്യൻ സന്ന്യാസിമാർക്ക് ശ്രീനാരായണന്റെ സേവനസമർപ്പിതമായ ജീവിതം മഹത്തായൊരു മാതൃകയാകേണ്ടതാണ്. എന്നാൽ അധഃകൃതവർഗോ ദ്ധാരകൻ എന്ന നിലയിൽ മാത്രമല്ല നാം അദ്ദേഹത്തെ കാണേണ്ടത്. മനുഷ്യജാ തിയെന്ന വിശ്വവിശാലമായ ആശയത്തിന്റെ പ്രഥമാവതാരകൻ, മതത്തെയും ദൈവ ത്തെയും അദ്വൈതദൃഷ്ട്യാ ഏകത്വത്തിൽ വിലയിപ്പിച്ച തത്ത്വദർശി, സഹസ്രാ ബ്ദങ്ങളായി നിലനിന്നുപോന്ന മൂഢാചാരപാരമ്പര്യത്തെയും അന്ധവിശ്വാസങ്ങ ളെയും ധീരതയോടെ ധ്വംസിച്ച് സാമൂഹികജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ച ഉൽപ്പ തിഷ്ണു, യുക്ത്യനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഏതു മതപ്രമാണത്തെയും തത്ത്വസംഹിതയെയും നിശ്ശങ്കം നിരൂപണം ചെയ്ത സ്വതന്ത്രചിന്തകൻ എന്നീ വിവിധ നിലകളിൽ ശ്രീനാരായണൻ ഒരു പൂർവാചാര്യനായി പ്രശോഭിച്ചിട്ടുണ്ട്.

ഇതര മതാചാര്യന്മാരെപ്പോലെ ആധ്യാത്മികതയെയും ഭൗതികത്വത്തെയും വേർതിരിച്ചു നിർത്തി രണ്ടാമത്തേതിനെ തുച്ഛീകരിച്ചു കാണിപ്പാൻ അദ്ദേഹം ഒരി ക്കലും മുതിർന്നിട്ടില്ല. രണ്ടും ജീവിതത്തിന്റെ അവിഭക്തഘടകങ്ങളും സമപ്രധാന ങ്ങളുമാണെന്ന തത്ത്വമാണ് ഗുരു ദർശിച്ചിരുന്നത്. മാത്രമല്ല, "മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി" എന്ന സുപ്രസിദ്ധമായ ഗുരുവചനത്തിൽ മനുഷ്യനന്മയ്ക്കാണല്ലോ പ്രാധാന്യം. ആ നന്മയ്ക്ക് മതം അത്യാവശ്യമല്ലെന്ന ധ്വനികൂടി അതിലുണ്ട്. മറ്റു മതപ്രചാരകന്മാർ അവനവന്റെ മതമാകുന്ന പുഴയുടെ ആഴവും നീളവും അളന്നു കാണിച്ചു പ്രചാരണ പെരുമ്പറമുഴക്കിയപ്പോൾ, ശ്രീനാരായണഗുരു ഹിന്ദുമതത്തെപ്പറ്റി ഒരക്ഷരവും പറയാതെ എല്ലാ മതനദികളും ചെന്നുചേരുന്ന മഹാസമുദ്രത്തെപ്പറ്റിയാണ് സംസാരിച്ചതെന്ന സംഗതി ഏറ്റവും അർഥവത്താകുന്നു. വാസ്തവത്തിൽ മതാതീതനായ ഒരു തത്ത്വജ്ഞാനിയായി രുന്നു അദ്ദേഹം.

"പലമതസാരവുമേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധ യുക്തി പറഞ്ഞു പാമരന്മാ-
രലയുവതോർത്തലയാതിരുന്നിടേണം"

എന്ന ഉപദേശത്തിലെ അന്ധഗജന്യായം കൊണ്ട് അദ്ദേഹം മതഭേദങ്ങളെ കളിയാ ക്കുകകൂടി ചെയ്യുന്നുണ്ട്. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന ശ്രീനാരായണസന്ദേശം എക്കാലത്തും ഏതു രാജ്യത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാരികവികസനത്തിന് അത്യന്തം ഉപകരിക്കുന്നതു മായ ഒരു വിശിഷ്ടാശയമാണ്. ഭൂമുഖത്തെ വികൃതമാക്കുന്ന സമസ്ത ജാതിമത വർഗഭേദങ്ങളും അസ്തമിച്ച് കേവലമായ മനുഷ്യത്വത്തിന്റെ സർവാശ്ലേഷിയായ മനോഹരരൂപം ആ സന്ദേശത്തിൽ പൊന്തിവരുന്നു. ഭേദങ്ങളസ്തമിച്ചാൽ, സാധാ രണാർഥത്തിൽ നിലവിലുള്ള മതങ്ങളെല്ലാം ഇല്ലാതാകുമല്ലോ. അപ്പോൾ പിന്നെ ജാതികൾക്കും ബഹുവിധദൈവങ്ങൾക്കും നിൽക്കക്കള്ളിയുണ്ടാകില്ല.

അന്താരാഷ്ട്രീയമേഖലയിൽ ഇന്നു രൂപംപൂണ്ടു തുടങ്ങിയിരിക്കുന്ന ഏകലോകമെന്ന ആശയത്തിന്റെ ഒരു മുദ്രാവാക്യമായി പ്രസ്തുത സന്ദേശത്തെ പരിഗണിക്കാം.

ഒരു പ്രത്യേക മതത്തെ ആസ്പദമാക്കി ശ്രീനാരായണഗുരു ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. പക്ഷേ, അതു പാമരഭൂരിപക്ഷമുള്ള അധഃസ്ഥിതസമുദായങ്ങളെ പടിപടിയായി ഉയർത്തിക്കൊണ്ടു വരുന്നതിനാവശ്യമായ ഒരു തൽക്കാലോപാധി മാത്രമായിരുന്നു. ക്ഷേത്രങ്ങൾ ഇനി ആവശ്യമില്ലെന്നും തൽസ്ഥാനത്തു വിദ്യാഭ്യാസസ്ഥാപനങ്ങളോ തൊഴിൽശാലകളോ ആണ് വേണ്ടതെന്നും അദ്ദേഹം അനന്തരകാലത്തു തുറന്നുപറഞ്ഞിട്ടുണ്ട്. ഗുരു ഒടുവിൽ നടത്തിയ കണ്ണാടിപ്രതിഷ്ഠയോ? മനുഷ്യന്റെ ധ്യാനലക്ഷ്യം മനുഷ്യൻ തന്നെയാണെന്നും അവന്റെ അന്തശ്ശക്തിയുടെ വികാസമാണാവശ്യമെന്നും ഉള്ള വസ്തുതയല്ലേ അതു വെളിപ്പെടുത്തുന്നത്?

സാർവലൗകികത്വം (Universality) ശ്രീനാരായണോപദേശങ്ങളുടെ ഒരു പ്രത്യേകതയാണ്. ചക്രവാളംപോലെ, അടുക്കുന്തോറും അവ കൂടുതൽ അർഥവിസ്തൃതമാകും. യാതൊരു സംശയവും കൂടാതെ ആർക്കും മനസ്സിലാകത്തക്കവിധം ഏറ്റവും ലളിതമായ ഭാഷയിലാണ് അവ രചിതമായിരിക്കുന്നത്. അതേസമയം, സൂത്രവാക്യസദൃശമായ അർഥഗാംഭീര്യവും അവയിൽ കാണാം. താൻ പറയുന്നതു പാമരജനങ്ങളുടെ ഉള്ളിലും കുറിക്കുകൊള്ളണമെന്നു ഗുരു കരുതിയിരുന്നു. സ്വതേ മൗനിയായിരുന്നെങ്കിലും അൽപ്പഭാഷണം കൊണ്ടു ശ്രോതാക്കൾക്കു സംശയനിവൃത്തി വരുത്താൻ അദ്ദേഹം അതിവിദഗ്ധനുമായിരുന്നു. ചിലപ്പോൾ ലളിതോദാഹരണങ്ങളിൽ കൂടിയായിരിക്കും ആശയാവിഷ്കരണം. "ജാതി ഒന്നാണെന്നതിന് തെളിവൊന്നും വേണ്ടല്ലോ. ഒരു പട്ടി വേറൊരു പട്ടിയെ കണ്ടാൽ അതിന്റെ സ്വന്തം ജാതിയാണെന്നു മനസ്സിലാക്കുന്നു. എല്ലാ മൃഗങ്ങൾക്കും ഈ വകതിരിവുണ്ട്. അതനുസരിച്ച് ജീവിക്കുന്നുമുണ്ട്. മനുഷ്യർക്കു മാത്രം സംശയം, സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയില്ല. മൃഗങ്ങളേക്കാളും മോശം." ഈ സംഭാഷണത്തിൽ ഉദ്ദിഷ്ടമായ ആശയം എത്ര ഊക്കോടെ നമ്മുടെ മനസ്സിൽ തറച്ചുകയറുന്നുണ്ടെന്നു നോക്കുക.

വിദ്യാഭ്യാസം, വ്യവസായം, സംഘടന, ജീവിതശുദ്ധി -ഇതൊക്കെയാണ് അധഃസ്ഥിതസമുദായങ്ങൾക്കു വേണ്ടതെന്നു ഗുരു കൂടെക്കൂടെ പറഞ്ഞിരുന്നു. ഇങ്ങനെ നാനാപ്രകാരേണ ആദർശശാലിതയും പ്രായോഗികബുദ്ധിയും ഇണങ്ങിച്ചേർന്നിരുന്ന ഒരു യുഗാചാര്യനായിരുന്നു ശ്രീനാരായണൻ. കേരളത്തെ ജാതിപ്പാതാളത്തിൽനിന്നുയർത്തി അതിന്റെ ഭ്രാന്താലയത്വം നിശ്ശേഷം നീക്കം ചെയ്തുവെന്നതുകൊണ്ടുതന്നെ അദ്ദേഹം നമുക്കെല്ലാവർക്കും പ്രാതഃസ്മരണീയനാകുന്നു. ആ മഹച്ചരിതവും മഹാസൂക്തങ്ങളും ഭാവിതലമുറകൾക്കും പ്രചോദനം നൽകുമാറാകട്ടെ.

35VT09

ശ്രീനാരായണഗുരു- ജീവചരിത്രവും ഗുരുസ്മൃതികളും
(കുറ്റിപ്പുഴ കൃഷ്ണപിള്ള)

- ലേഖകന്റെ അഭിപ്രായത്തിൽ, ഇന്ത്യയിലെ മറ്റു സന്ന്യാസിവര്യന്മാരിൽനിന്ന് ശ്രീനാരായണഗുരുവിനെ വ്യത്യസ്തനാക്കുന്ന സവിശേഷതകൾ എന്തെല്ലാം? ഗുരുദർശനങ്ങളുടെ സമകാലികപ്രസക്തി വിശദീകരിച്ച് ലഘൂപന്യാസം തയാറാക്കുക.

- "മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി", "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്നീ ആപ്തവാക്യങ്ങളുടെ അർഥവ്യാപ്തിയെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങൾ സംഗ്രഹിച്ചെഴുതുക.

- ശ്രീനാരായണഗുരുവിന്റെ നർമ്മോക്തി കലർന്ന സംഭവകഥകൾ പലതും ചിന്തോദ്ദീപകങ്ങളും അന്ധവിശ്വാസങ്ങളെ തുറന്നുകാട്ടുന്നവയുമാണ്. അത്തരം ചില സംഭവകഥകൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിച്ച് ചർച്ചചെയ്യുക.

- പ്രസിദ്ധം
  സുപ്രസിദ്ധം
  കുപ്രസിദ്ധം

  ഈ മൂന്നു പദങ്ങളുടെയും അർഥം വ്യത്യസ്തമാവുന്നത് എന്തുകൊണ്ടാണ്? അർഥവ്യത്യാസം വരുത്തുന്നതിനു പദാദിയിൽ ചേർക്കുന്ന ശബ്ദങ്ങൾ/പ്രത്യയങ്ങൾ ഏതെല്ലാം? ഇത്തരത്തിലുള്ള കൂടുതൽ പദങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.

## ഞാൻ എന്നെക്കുറിച്ച്

ചുവടെ കൊടുത്തവയിൽ ഏതൊക്കെ കാര്യങ്ങളിൽ നിങ്ങൾക്ക് എത്രത്തോളം മുന്നേറാൻ കഴിഞ്ഞിട്ടുണ്ട് എന്ന് അടയാളപ്പെടുത്തുക.

(മികവുനേടി എന്നതിന് '✓' എന്നും ഇനിയും മെച്ചപ്പെടണമെങ്കിൽ '+' എന്നും മികവ് തീരെ കുറവെങ്കിൽ 'X' എന്നും അടയാളപ്പെടുത്തുക).

- വിവിധ രചനകൾ വായിച്ച് സ്വാംശീകരിച്ച പ്രസക്തമായ ആശയങ്ങൾ ചർച്ചകളിലും മറ്റും ഉചിതസന്ദർഭങ്ങളിൽ യുക്തിപൂർവം അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ലഭിച്ച വിഷയവുമായി ബന്ധപ്പെട്ട് വായിച്ചും ചർച്ചകളിലേർപ്പെട്ടും അന്വേഷിച്ചും വേണ്ടത്ര ആശയങ്ങൾ ശേഖരിച്ച് നിയതമായ ഘടനയിൽ ഉപന്യാസം എഴുതാൻ സാധിച്ചിട്ടുണ്ട്.
- കഥകൾ വായിച്ച് പ്രമേയം, സവിശേഷമുഹൂർത്തങ്ങൾ, ആഖ്യാനരീതി, സംഭാഷണഭാഗങ്ങളിലെ പ്രത്യേകതകൾ എന്നിവ വിശകലനം ചെയ്ത് രചനകൾ നിർവഹിക്കാനായിട്ടുണ്ട്.
- തന്നിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച് ഉചിതമായ തലക്കെട്ടുകൾ, അടിക്കുറിപ്പുകൾ എന്നിവ നൽകി ആകർഷകമായ വിന്യാസത്തോടെ പതിപ്പ് തയാറാക്കാൻ കഴിഞ്ഞിട്ടുണ്ട്.
- നാടകാവതരണത്തിൽ മറ്റുള്ളവരോടൊപ്പം പങ്കെടുത്ത്, ലഭിച്ച കഥാപാത്രത്തെ ഭംഗിയായി അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.
- സംവാദത്തിൽ പങ്കെടുത്ത് പാഠഭാഗങ്ങളിൽനിന്ന് ആർജിച്ച ആശയങ്ങളെ സ്വന്തം നിലപാടുകളോടെ യുക്തിപൂർവം അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.



എഴുത്തുകാരെ അറിയുക



### എ. പി. ഉദയഭാനു

**(1915 – 1999)**

ആലപ്പുഴജില്ലയിലെ മുട്ടത്ത് ജനനം. മികച്ച ഗദ്യകാരൻ, സ്വാതന്ത്ര്യസമരസേനാനി, പത്രപ്രവർത്തകൻ, നർമ്മസ്പർശമുള്ള നിരവധി ലളിതോപന്യാസങ്ങളുടെ കർത്താവ് എന്നീ നിലകളിൽ പ്രശസ്തൻ.

*പ്രധാന കൃതികൾ*

അടഞ്ഞ വാതിൽ, എന്റെ കഥയില്ലായ്മകൾ, വൃദ്ധവിചാരം, ഓർമ്മയുടെ കണ്ണാടി, കൊച്ചുചക്കരച്ചി, ആനയും അൽപ്പം തെലുങ്കും, ഒന്നാനാം കൊച്ചുതുമ്പി, അർഥവും അനർഥവും, സംസാരിക്കുന്ന ദൈവം, കളിയും കാര്യവും



## വൈലോപ്പിള്ളി ശ്രീധരമേനോൻ
**(1911 – 1985 )**

എറണാകുളത്തെ കലൂരിൽ ജനിച്ചു. 'കാച്ചിക്കുറുക്കിയ കവിത' എന്ന് അദ്ദേഹത്തിന്റെ രചനകൾ വിശേഷിപ്പിക്കപ്പെടുന്നു. അധ്യാപകനായിരുന്നു. സമസ്ത കേരള സാഹിത്യ പരിഷത്ത്, കേരള സാഹിത്യ അക്കാദമി, സാഹിത്യപ്രവർത്തക സഹകരണ സംഘം എന്നിവയുടെ നേതൃസ്ഥാനത്തു പ്രവർത്തിച്ചിട്ടുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, സോവിയറ്റ്ലാന്റ് നെഹ്റു അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചു.

*പ്രധാന കൃതികൾ*

കന്നിക്കൊയ്ത്ത്, ശ്രീരേഖ, കുടിയൊഴിക്കൽ, ഓണപ്പാട്ടുകാർ, കുന്നിമണികൾ, വിത്തും കൈക്കോട്ടും, കടൽക്കാക്കകൾ, കയ്പവല്ലരി, വിട, മകരക്കൊയ്ത്ത്, മിന്നാമിന്നി, പച്ചക്കുതിര, കുട്ടിക്കവിതകൾ, മുകുളമാല, കുരുവികൾ (കവിതാസമാഹാരങ്ങൾ); മൃതസഞ്ജീവനി (കാവ്യനാടകം); ഋശ്യശൃംഗനും അലക്സാണ്ടറും (നാടകം); കാവ്യലോകസ്മരണകൾ (ആത്മകഥ)



## കാരൂർ നീലകണ്ഠപ്പിള്ള
**(1898 – 1975)**

ഏറ്റുമാനൂരിൽ ജനിച്ചു. കഥാകൃത്ത്, അധ്യാപകൻ, സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ സ്ഥാപക സെക്രട്ടറി. നാട്ടിൻപുറത്തെ സാധാരണമനുഷ്യരുടെ ജീവിതം, അധ്യാപകാനുഭവങ്ങൾ എന്നിവ കഥകൾക്ക് വിഷയമായിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

*പ്രധാന കൃതികൾ*

മരപ്പാവകൾ, പൂവമ്പഴം, പിശാചിന്റെ കുപ്പായം, പൊതിച്ചോറ്, തെരഞ്ഞെടുത്ത കഥകൾ (ചെറുകഥാസമാഹാരങ്ങൾ); ഹരി, ഗൗരി, പഞ്ഞിയും തുണിയും (നോവലുകൾ)



## കുറ്റിപ്പുഴ കൃഷ്ണപിള്ള
**(1900 – 1971)**

ആലുവയ്ക്കടുത്ത് കുറ്റിപ്പുഴയിൽ ജനിച്ചു. സാഹിത്യനിരൂപകൻ, അധ്യാപകൻ, ചിന്തകൻ എന്നീ നിലകളിൽ പ്രസിദ്ധൻ.

*പ്രധാന കൃതികൾ*

നവദർശനം, ഗ്രന്ഥാവലോകനം, സ്മരണമഞ്ജരി, വിമർശനവും വീക്ഷണവും, തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, സാഹിതീയം, വിചാരവിപ്ലവം, വിമർശരശ്മി, സാഹിതീകൗതുകം

## പദകോശം

**കൊച്ചുചക്കരച്ചി**

| | | |
|---|---|---|
| അധീശ്വരി | - | തന്റെ ചുറ്റുമുള്ളവരെ കീഴടക്കി വാഴുന്നവൾ |
| അനുസേവ്യൻ | - | സേവിക്കപ്പെട്ടവൻ |
| അനുസൃതം | - | അനുസരിച്ച് |
| അരുമത്തം | - | ഓമനത്തം |
| അശ്വത്ഥം | - | അരയാൽ |
| ഈഷന്മാത്രം | - | അൽപ്പം മാത്രം |
| ഉൽക്കടം | - | ശക്തം |
| ഋതുചക്രത്തിരിച്ചിൽ | - | ഋതുക്കൾ ആവർത്തിച്ചു വരുന്നത് |
| കുലശ്രേഷ്ഠകൾ | - | കുലത്തിൽ ജനിച്ചവരിൽ പ്രധാനികൾ |
| ഘനസുഗന്ധി | - | ശ്രേഷ്ഠമായ സുഗന്ധമുള്ളവൾ |
| ചിരബന്ധു | - | ദീർഘകാലമായുള്ള ബന്ധു |
| ജീവച്ഛേദകരം | - | മരണകാരണമായ |
| ഞെട്ടി | - | കായുടെയോ ഇലയുടെയോ തണ്ട് |
| തമരുവയ്ക്കുക | - | തുളയ്ക്കുക |
| താശിപ്പുര | - | തായ്പ്പുര |
| ധാടി | - | പ്രൗഢി |
| പടീറ്റ | - | പടിഞ്ഞാറേ വീട് |
| പരമോച്ചനില | - | ഏറ്റവും ഉന്നതമായ നില |
| ഭുവനവിദിതം | - | ലോകപ്രശസ്തം |
| രജതനക്ഷത്രങ്ങൾ | - | വെള്ളിനക്ഷത്രങ്ങൾ |
| ശ്യാമളം | - | കറുപ്പുനിറം |
| സൗധശില്പം | - | ശില്പഭംഗിയുള്ള മാളിക |
| സ്പർധിക്കുക | - | അസൂയപ്പെടുക, മത്സരിക്കുക |
| ഹവിസ്സ് | - | ഹോമദ്രവ്യം |

**ഓണമുറ്റത്ത്**

| | | |
|---|---|---|
| അങ്കണം | - | മുറ്റം |
| കലവികൾ | - | കളികൾ |
| കിടച്ചാലായി | - | കിട്ടിയാലായി |
| ഗോമേദകം | - | നവരത്നങ്ങളിൽ ഒന്ന് |
| ചങ്ങലവട്ട | - | ചങ്ങലവിളക്ക് |
| തൂമ | - | ഭംഗി, വെൺമ, പ്രകാശം |
| പാടലം | - | ഇളം ചുവപ്പ് |
| ലസിക്കുക | - | ശോഭിക്കുക, വിലസുക |

**കോഴിയും കിഴവിയും**

| | | |
|---|---|---|
| ആഭിജാത്യം | - | കുലീനത, കുലശ്രേഷ്ഠത |
| കയ്യാല | - | കല്ലുകൊണ്ടോ മണ്ണുകൊണ്ടോ ഉള്ള മതിൽ |
| നിവൃത്തി | - | പരിഹാരം |
| ദൂഷണം | - | ദോഷം, അറ്റകുറ്റം, ദുഷിപ്പിക്കൽ, നുണ |
| തുലാം | - | ഭാരത്തിന്റെ ഒരു അളവ് |

**ശ്രീനാരായണഗുരു**

| | | |
|---|---|---|
| അദ്വൈതം | - | രണ്ടല്ല, ഒന്നാണ് എന്ന അവസ്ഥ |
| ആധ്യാത്മികം | - | ആത്മീയമായത്, പരമാത്മാവിനെ സംബന്ധിച്ചത് |
| അന്തശ്ശക്തി | - | മനക്കരുത്ത് |
| അപരിത്യാജ്യം | - | ഉപേക്ഷിക്കാനാവാത്ത, അത്യാവശ്യമായ |
| ഉച്ചാടനം | - | ഇല്ലാതാക്കൽ |
| ഉൽപ്പതിഷ്ണു | - | കാലദേശാദികൾക്ക് അനുയോജ്യമായ പരിഷ്കാരം വേണമെന്ന് ആശയുള്ളവൻ |
| ഉദാത്തീകൃതം | - | ഉത്കൃഷ്ടമാക്കപ്പെട്ടത് |
| ഉദ്ധാരണം | - | താണനിലയിൽനിന്ന് ഉയർന്ന നിലയിലേക്കു കൊണ്ടുവരൽ |
| തപശ്ചര്യ | - | തപസ്സിന്റെ അനുഷ്ഠാനം |
| ചക്രവാളം | - | ആകാശവും ഭൂമിയും കൂട്ടിമുട്ടുന്നതുപോലെ തോന്നുന്നിടം |
| നവോത്ഥാനം | - | പുതിയ ഉണർവ്, നവോദയം |
| മൂഢാചാരം | - | അനാചാരം |
| ലൗകികം | - | ഇഹലോക സംബന്ധമായത്, ഭൗതികമായത് |
| സാർവലൗകികത്വം | - | സർവലോകവും സംബന്ധിച്ച |

# 3 വാക്കുകൾ വിടരുന്ന പുലരികൾ



നന്മകൾ കേട്ടതു കണ്ടതു
ചൊല്ലാൻ നാക്കിനു കഴിയട്ടെ.
തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ
കൊക്കിനു കഴിയട്ടെ.

– തത്തമ്മ (അയ്യപ്പപ്പണിക്കർ)



ഇത്തരമൊരു ജാഗ്രത ഇന്ന് സമൂഹത്തിലുണ്ടോ? ചർച്ചചെയ്യുക.



# പത്രനീതി

പത്രങ്ങളെപ്പറ്റി സാധാരണയായി ആളുകൾ നല്ലതേ പറയാറുള്ളൂ. വലിയ പ്രതിദിന വാർത്താമാധ്യമങ്ങളെക്കുറിച്ചാണ് ഞാനിവിടെ എഴുതുന്നത്; മറ്റുതരം പത്രങ്ങളുടെ പരാമർശം ഈ പ്രബന്ധത്തിൽ ആനുഷംഗികം മാത്രമാണ്. ഏതു മനുഷ്യനും വാർത്ത അറിയുന്നതിനു മാത്രമല്ല, വാർത്ത നൽകുന്നതിനും പത്രത്തെ ആശ്രയിക്കേണ്ടിവരുന്നു-ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ. അത് ലോകത്തെ നമ്മുടെ മടിയിൽ എത്തിക്കുമ്പോൾ, നമ്മുടെ അകായിലെ സംഭവത്തെ ലോകത്തിന്റെ മുൻപിലും എത്തിക്കുന്നു. പത്രത്തെ എതിർക്കേണ്ടിവന്നാൽ, ആ എതിർപ്പിനുപോലും പ്രചാരം വേണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം. പത്രമെന്ന വിരോധാഭാസം ഇതത്രേ. പത്രങ്ങൾ സൂര്യനു

ചുവടെയും മേലെയുമുള്ള എല്ലാറ്റിനെയും പറ്റി വൃത്താന്തങ്ങൾ തരുന്നുവെന്നു മാത്രമല്ല, അവയെ വിമർശിക്കുകയും ചെയ്യുന്നു. പക്ഷേ, അത്രത്തോളം പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല. സ്വേച്ഛാധിപതിപോലും പത്രത്തെ ബഹുമാനിക്കുന്നു. കാരണം, അയാൾ പത്രത്തെ ഭയപ്പെടുന്നു. ഭരണാധികാരി പത്രത്തെ പീഡിപ്പിക്കുകയും നിരോധിക്കുകയും ചെയ്യുന്നത് ഈ പേടിമൂലമാണ്. അതിന്റെ മഹാശക്തിയാണ് ഭയം. നെപ്പോളിയൻ തുറന്നു പറഞ്ഞു, ബയനറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രത്തെയാണെന്ന്. ബയനറ്റിന്റെ മൂർച്ച ഭയങ്കരമാണ്. അതിനെക്കാൾ മൂർച്ചയാണ് പത്രത്തിന്.

പത്രങ്ങളെപ്പറ്റി വാഴ്ത്തിപ്പറഞ്ഞ വാക്കുകൾക്ക് ക്ഷാമമില്ല. രാഷ്ട്രീയത്തിലെ നാലാമത്തെ മഹാശക്തിയാണ് പത്രം. വലിയൊരു ചിന്തകൻ പറഞ്ഞതാണ്, തന്റെ ആകെയുള്ള അറിവ് പത്രങ്ങളിൽനിന്ന് കിട്ടിയതാണ് എന്നുവരെ ഒരെഴുത്തുകാരൻ പറഞ്ഞു. എന്നാൽ പത്രങ്ങൾക്കുള്ള അങ്ങേയറ്റത്തെ പ്രശംസ, ഏറ്റവും വലിയ സ്വാതന്ത്ര്യപ്രേമിയായ ജഫേഴ്സനിൽനിന്നാണ് കിട്ടിയത്. പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. പത്രമുണ്ടായാൽ എല്ലാമായി എന്നല്ലേ ഇതിന്റെ താൽപ്പര്യം?

ജഫേഴ്സന്റെ അഭിപ്രായം സൂക്ഷ്മമായി ചിന്തിച്ചാൽ, പത്രത്തെ പ്രശംസിച്ചതല്ല, പ്രശംസിക്കപ്പെടേണ്ട പത്രം ഏതാണോ, അതിനെ നിർവചിച്ചതാണ്. അത് സ്തുതിയല്ല, താക്കീതാണ്. അരാജകമായ ഒരവസ്ഥയിൽപ്പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു എന്നാണ് ആ അഭിപ്രായത്തിന്റെ സാരം. ആ ഉയർന്ന നിലയിൽ നിൽക്കണമെന്നും അവിടെനിന്ന് താഴെ ഇറങ്ങിയാൽ പത്രം മറ്റെന്തോ ആയിപ്പോകുമെന്നും ഉള്ള ശ്രദ്ധേയമായ ഒരു ധ്വനി അതിലുണ്ട്. പത്രങ്ങൾ അത് മനസ്സിലാക്കിയോ?

പത്രങ്ങൾക്ക് കിട്ടിക്കൊണ്ടിരുന്ന ബഹുമതിക്ക് ഒരു കറുത്ത നിഴലുണ്ട്. അത് ആദ്യകാലം തൊട്ടുതന്നെ ഒഴിയാബാധപോലെ അതിനെ പിന്തുടർന്നുകൊണ്ടേയിരുന്നു. ഈ വശം മറക്കരുത്. എന്തിന്റെയും മറുവശം ചൂണ്ടിക്കാണിക്കുന്നതിൽ അതിവിരുതനായിരുന്ന ഓസ്കാർ വൈൽഡ് പത്രങ്ങളുടെ ദ്രോഹകാരിത്വത്തെ പലപ്പോഴും തുറന്നുകളിയാക്കിക്കൊണ്ടിരുന്നു. ഒരിക്കലും മറക്കാനാവാത്ത ചില പ്രയോഗങ്ങൾ അദ്ദേഹം പത്രങ്ങൾക്കെതിരെ നടത്തി. 'സാഹിത്യം വായിക്കപ്പെടുന്നില്ല, പത്രം വായിക്കാൻ കൊള്ളുകയുമില്ല' എന്നു പറഞ്ഞത് വൈൽഡിലെ സാഹിത്യകാരന്റെ അന്യൂനമായ പക്ഷപാതമാകാം. പക്ഷേ, പത്രങ്ങൾ ഏറ്റവും കൂടുതൽ അതിജീവിക്കുന്നത് അവയുടെ വഷളത്തരം ഏറ്റവും കൂടുമ്പോളാണെന്ന പ്രസ്താവനയെപ്പറ്റി ഇന്ന് വായനക്കാർ തെറ്റു പറയുമോ? ഓസ്കാർ വൈൽഡിന് വിലകൽപ്പിക്കാത്തവരെ കണ്ടേക്കാം. ഇബ്സനെ അങ്ങനെ തള്ളാൻ ഒക്കുമോ? അങ്ങോർ പറഞ്ഞത് അതിലും കഠിനമാണ്. "മൃഗങ്ങളുടെ മേൽ പരീക്ഷണം നടത്തുന്ന ശാസ്ത്രജ്ഞർ പത്രപ്രവർത്തകരുടെയും രാഷ്ട്രീയപ്രവർത്തകരുടെയും മേലെ ശസ്ത്രക്രിയ നടത്തി പരീക്ഷിക്കട്ടെ" എന്നാണ്, ആ വിശ്വവിശ്രുതനായ നാടകകർത്താവ് പ്രസ്താവിച്ചത്. ഇബ്സനല്ലേ, രണ്ടുമൂന്ന് വ്യംഗ്യാർഥങ്ങൾ ഈ പരിഹാസത്തിൽ അടങ്ങിയിട്ടുണ്ട്. മറ്റൊരെഴുത്തുകാരൻ മറ്റൊരു

സത്യം വിളിച്ചുപറഞ്ഞു: "പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു."

പരിഹാസചതുരനായ സാമുവൽ ബട്‌ലറാണ് ഇക്കൂട്ടരിൽ ഏറ്റവും വലിയ സത്യം പറഞ്ഞത്: "പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്."

വിസ്മയം തോന്നുന്നു! എന്റെ വിസ്മയം പത്തൊൻപതാം നൂറ്റാണ്ടുകാരനായ ബട്‌ലർ, ഇരുപതാം നൂറ്റാണ്ടിന്റെ ഈ വൈകിയ ഘട്ടത്തിൽ നമ്മുടെ പത്രങ്ങൾ എത്തിച്ചേർന്ന അസൂയാവഹമല്ലാത്ത അവസ്ഥാവിശേഷം അപ്പോഴേ കണ്ടറിഞ്ഞ് വിളിച്ചുപറഞ്ഞത്, എങ്ങനെയെന്നു ചിന്തിച്ചാണ്. പത്രങ്ങൾ നാം വായിക്കുന്നത് ധൂമപാനം പോലെ അത് ഒരു ദുശ്ശീലമായിത്തീർന്നതുകൊണ്ടാണ്. ഞാൻ വളരെ ചെറുപ്പം മുതൽക്കേ വായിക്കാൻ തുടങ്ങിയ പത്രങ്ങൾ ഇന്നും വിടാതെ വായിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെയാണ് ഞാൻ വളർന്നത്. കാലം കുറേക്കഴിഞ്ഞപ്പോൾ, ആദ്യകാലസ്വഭാവത്തിൽനിന്ന് ആ പത്രങ്ങൾ എത്രയോ അകലത്തെത്തി എന്ന് എനിക്ക് മനസ്സിലായി. പക്ഷേ, ഞാനിന്നും ആ പത്രങ്ങൾ തന്നെ വായിച്ചുവരുന്നു. ശീലം മാറ്റാൻ പ്രയാസം. മാറ്റിയിട്ടും ഫലമില്ലെന്നതും ഓർക്കേണ്ടതുണ്ട്. നല്ല പത്രം വായിക്കാമെന്നുവച്ച് ചീത്ത പത്രം നിർത്തുന്നവൻ വിഡ്ഢിയാക്കപ്പെടുന്നു. പല പത്രങ്ങൾ വായിക്കുന്നത്, അവയിൽ വരുന്ന പലതോതിലുള്ള കള്ളങ്ങൾ താരതമ്യം ചെയ്ത്, അവയെപ്പറ്റി ആലോചിച്ച്, ഒടുവിൽ എങ്ങനെയെങ്കിലും സത്യത്തിന്റെ സമീപത്ത് എത്തിച്ചേരാൻ കഴിയുമോ എന്നു നോക്കാൻ വേണ്ടിയാണ്. സത്യം കണ്ടുപിടിക്കാൻ പല അടവുകളും നോക്കേണ്ടിവരും; ഗുണിക്കൽ, ഹരിക്കൽ, അഭ്യൂഹം, ഭാവന തുടങ്ങി പലതും.

നവയാത്രകൾ
(സുകുമാർ അഴീക്കോട്)

365PEH

- "പത്രങ്ങൾ സൂര്യനു ചുവടെയും മേലെയുമുള്ള എല്ലാറ്റിനേയും പറ്റി വൃത്താന്തങ്ങൾ തരുന്നു എന്നു മാത്രമല്ല, അവയെ വിമർശിക്കുകയും ചെയ്യുന്നു. പക്ഷേ, അത്രത്തോളം പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല." ലേഖകന്റെ ഈ നിരീക്ഷണത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? യുക്തിപൂർവം സമർഥിക്കുക.

- "സമൂഹത്തിന് ദിശാബോധം നൽകുന്നതിനും ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനും പത്രങ്ങൾ നിർണായകമായ പങ്കു വഹിച്ചുകൊണ്ടിരിക്കുന്നു."

  ഈ വാദഗതി സമർഥിക്കാനാവശ്യമായ ഏതെങ്കിലും പത്രവാർത്തയോ ലേഖനമോ മുഖപ്രസംഗമോ അപഗ്രഥിച്ച് കുറിപ്പ് തയാറാക്കുക.

- "പത്രാധിപർ തുടങ്ങി വാർത്താലേഖകൻ വരെയുള്ള പല ഇനം പത്രക്കാരൊക്കെയും ഒരേ പ്രകാരത്തിൽ അനുഷ്ഠിക്കേണ്ട ചില സദാചാരതത്ത്വങ്ങളുണ്ട്. ഇവയിൽ ഒന്ന് അന്യരോട് ന്യായബുദ്ധിയായിരിക്കണമെന്നുള്ളതാകുന്നു. ഒരു ലേഖനത്തിൽ ആരെപ്പറ്റി പറയുന്നുവോ, ആ ആളെ നിഷ്കാരണമായി വേദനപ്പെടുത്താൻ യത്നിക്കരുത്."

- "പത്രക്കാരന്റെ കർത്തവ്യങ്ങളിലൊന്ന് വർത്തമാനങ്ങൾ ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുകയാണ്. രാജ്യകാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ചിലർക്കു ചില വാർത്തകൾ പത്രത്തിൽ പ്രസിദ്ധപ്പെടുത്തരുതെന്ന് ഉത്ക്കണ്ഠയുണ്ടായിരിക്കും. അതു സാധിപ്പാൻ വേണ്ടി അവർ പത്രക്കാരനെ പാട്ടിൽ വയ്ക്കും. ഏറിവന്നാൽ കൈക്കൂലിയും കൊടുക്കും."

- "പത്രക്കാരന്റെ പുരുഷാർഥങ്ങൾ സത്യം, ന്യായം, നീതി എന്ന ധർമ്മത്രയം ആയിരിക്കും."

*– സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ള*

തന്നിരിക്കുന്ന ഭാഗങ്ങളും 'പത്രനീതി'യിലെ ആശയങ്ങളും സമകാലിക മാധ്യമസമീപനങ്ങളും വിശകലനം ചെയ്ത് 'പത്രധർമ്മം' എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.

- സ്കൂൾ വിശേഷങ്ങൾ ഉൾപ്പെടുത്തി ദിനപത്രം തയാറാക്കുക.

- പത്രദൃശ്യമാധ്യമപ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ പ്രായോഗികപരിശീലനം നേടുന്നതിന് മാധ്യമശിൽപ്പശാല സംഘടിപ്പിക്കാം.

- “പ്രളയകാലത്ത് ദുരന്തബാധിതരെ സഹായിക്കുന്നതിലും രക്ഷിക്കുന്നതിലും കേരളത്തിലെ മാധ്യമങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്”- മുഖ്യമന്ത്രി.

വാട്സാപ്പിലും ഫേസ്ബുക്കിലും മുഴുകിയ പുതുതലമുറയെക്കുറിച്ച് വിമർശിക്കാത്തവരില്ല. എന്നാൽ പ്രളയകാലത്ത് എല്ലാം മറന്ന് ദുരിതാശ്വാസപ്രവർത്തനങ്ങൾക്കിറങ്ങിയ ചെറുപ്പക്കാർ എല്ലാ വിമർശനങ്ങളെയും അതിജീവിച്ചിരിക്കുന്നു. നവമാധ്യമങ്ങളിലൂടെ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിച്ച് നിരവധി ജീവിതങ്ങളാണ് നമ്മുടെ യുവാക്കൾ രക്ഷിച്ചത്. ലക്ഷക്കണക്കിനു പേർക്ക് ഭക്ഷണവും ചികിത്സയും വസ്ത്രവും മറ്റു സൗകര്യങ്ങളും അവർ ലഭ്യമാക്കി.

ഇതുപോലുള്ള ദുരന്തങ്ങൾ നേരിടുന്ന അവസരങ്ങളിൽ നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമലോകത്തിന്റെ ഇടപെടലുകൾ എങ്ങനെയായിരിക്കണം? നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ കഴിയും? ചർച്ചചെയ്യൂ.



# പണയം

ചെമ്പുമത്തായി നിലത്തിരുന്ന് പണപ്പെട്ടിയുടെ താഴിൽ താക്കോൽ തിരിച്ചു, ഒന്നു വലിച്ചു നോക്കി ശരിക്കും അതു പൂട്ടിയിട്ടുണ്ടല്ലോ എന്ന് ഉറപ്പുവരുത്തി. പിന്നെ മുഖമുയർത്തിയപ്പോൾ വെറും അരമണിക്കൂർ മുമ്പു മാത്രം അവിടെനിന്നു പോയ തയ്യൽക്കാരൻ ചാക്കുണ്ണി വരാന്തയിൽ വന്നു നിൽക്കുന്നതു കണ്ടു. മൂന്നു പതിറ്റാണ്ടായി നൂലു കോർത്തു കുഴിഞ്ഞു പോയ കണ്ണുകൾ കൊണ്ട് അയാൾ ചുറ്റുപാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു. തയ്യൽക്കാരൻ എന്തോ പറയാൻ മടിക്കുകയാണെന്ന് മത്തായിക്കു തോന്നി.

"അപ്പോ നീ പോയില്ല്യേ ചാക്കുണ്ണ്യേ?" മത്തായി ചോദിച്ചു.

"പോയിട്ടു വന്നു." തയ്യൽക്കാരൻ പറഞ്ഞു. "ആ കാശോണ്ട് ക്ടാവിന് കൊറച്ചു മരുന്നു വാങ്ങിക്കാൻ പോയതാ. തിരിച്ചു വരുമ്പോ ഒന്നു കേറി. അതാ." അയാൾ വരണ്ട തൊണ്ടയിൽ ചുമച്ചു.

“എന്തേ? പൈസ വാങ്ങിയതില് വല്ല കൊറവുംണ്ടോ?”

“അതില്ല്യ. അത് കൃത്യം അമ്പതുറുപ്പികേണ്ടാർന്നു” - മരുന്നു വാങ്ങിച്ചതിന്റെ ബാക്കി തുക എണ്ണിക്കാണിച്ചുകൊണ്ട് ചാക്കുണ്ണി പറഞ്ഞു.

“പിന്നെന്താ? ഇനി കൂടുതല് പൈസയ്ക്കാ? ആ മൊതലോണ്ട് അമ്പതുറുപ്പ്യന്നെ കിട്ടില്ല്യ.”

“അതല്ല മത്തായിമൂപ്പരേ...”

“ചാക്കുണ്ണ്യേ, നീയായതോണ്ടാ ഞാനിതിന് സമ്മതിച്ചത്. സ്വർണല്ലാണ്ട് ഒരു സംഗതിക്കും ഇബടെ പണയമെടുപ്പില്ല്യ. പണ്ടുംല്ല്യ, ഇപ്പഴുംല്ല്യ. എന്റപ്പൻ അതില് കണിശാർന്നു. ചാക്കോരു മാപ്ലയ്ക്ക് സ്വർണം ചോരേല്ണ്ടാർന്നതാ, ഒരച്ച് നോക്കാണ്ടന്നെ പറയും, ഇത്ര ചെമ്പ്, ഇത്ര സ്വർണം! ഇനിയ്ക്കത് പറ്റില്ല്യാ. കല്ലുമ്മല് ഒരച്ച് നോക്കണം. അതാ പറഞ്ഞത്, സ്വർണല്ലാണ്ട് ഒന്നും ഞങ്ങള് എടുക്കാറില്ല്യ. ഇതിപ്പോ നീയ് ആദ്യായിട്ട് ഒരു കാര്യം വന്ന് ചോയിക്കുമ്പോ ഇല്ലാന്നെങ്ങന്യാ പറയ്വാ!”

“ആ റേഡിയോക്ക് നല്ല വെലേണ്ട് മത്തായിമൂപ്പരേ” - ചാക്കുണ്ണി മടിച്ചു.

“ഉവ്വേരിക്കും, പക്ഷേ, എന്തായാലും സ്വർണത്തിന്റെ വെലേണ്ടാവോ? ഈ റേഡിയോം പാട്ട്വക്കെ ഇനിക്കത്ര പിട്ത്തല്ല്യാ. മന്ഷ്യരെ മെനക്കെട്ത്താൻ ഓരോ ഏർപ്പാടോള്! ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം.”

“പണ്യെടുക്കമ്പളും റേഡിയോ കേൾക്കാം മൂപ്പരേ, ഞാനങ്ങന്യാർന്നു. തയ്ക്കണ സമയത്ത് പാട്ടും നാടകോം ശബ്ദരേഖേം ഒക്കെ കേൾക്കും. ബട്ടൺ തുന്നുമ്പോ പ്രാദേശികവാർത്ത. വക്കടിക്കുമ്പോ വയലും വീടും....”

“വെറ്ത്യല്ല ചാക്കുണ്യേ, നീയിപ്പോ അടിക്കണ തുണി മുഴുവൻ വെടക്കാവണത്. ഇക്കഴിഞ്ഞ പെരുന്നാളിന് നീയ് കുഞ്ഞനത്തിന് ജാക്കറ്റടിച്ചപ്പോ എന്താണ്ടായേ്യ? അവളടെ അമ്മയ്ക്കും കൂടി ചേർത്ത അളവാർന്നു അത്...”

“പെർന്നാളിന്റെ തെരക്കില് തെറ്റീതാവും മൂപ്പരേ, ചെലത് പിള്ളേരെക്കൊണ്ടും തുന്നിക്ക്ണ്ട്. അമ്മച്ച്യേ വിളിച്ചാല് ഞാനത് വാങ്ങി മാറ്റ്യടിച്ചു കൊടക്കാം.”

“അതവടെ നിക്കട്ടേ ചാക്കുണ്യേ, നീയിപ്പെന്താ തിരിച്ച് പോന്നത്?”

“അത്...”

“നീയ് നാണിക്കണ്ട... ഏതാണ്ട് കല്ല്യാണപ്പെണ്ണുങ്ങളടന്തി... എന്താച്ചാല് പറയ്, എനിക്ക് പണി കൊറേള്ളതാ...”

“അതല്ല, മത്തായിമൂപ്പര്ക്ക് ഒന്നും തോന്നര്ത്...”

“ഈ പ്രായത്തില് എനിക്കെന്താ തോന്നാൻ?”

“അതല്ല, മത്തായിമൂപ്പര് ശ്രദ്ധിക്കുംന്ന് എനിക്കറിയാം... ന്നാലും... ഇതൊക്കെ കുട്ട്യോളട പോലെ നോക്കണ്ട സാധനങ്ങളാണേ. റേഡിയോടെ പിന്നില് നോക്ക്യാ അറിയാം, ഒര് കുട്ടീടെ പടം... എന്താ അത്? ശരിക്കും സൂക്ഷിച്ച് വച്ചില്ലെങ്കില് പിന്നെ അത് പാടാണ്ടാവും...”

“ഹഹഹ! ചാക്കുണ്യേ, ഇതാപ്പോ നന്നായത്! നീയ് നിന്റെ റേഡിയോ കൊണ്ടന്ന് ഇബടെ പണയം വച്ചു, ഞാനതിന് നെനക്ക് അമ്പതുറുപ്പിക എണ്ണിത്തരും



ചെയ്തു. അഞ്ച് പുതുപുത്തൻ പത്തിന്റെ നോട്ട്! ഇല്ല്യേ? പിന്നെ ആ സാധനം ഞാനെടുത്ത് ഒര് നമ്പറിട്ട് മാറ്റി വച്ചു. നൂറ്റി ഇരുപത്തിയൊമ്പത്. ങേ? അതാ എന്റെ പണി. ഇതിപ്പോ, നീയ് വന്നട്ട് ആ കുന്തം കുട്ട്യോളടന്തി നോക്കണംന്നും താരാട്ടു പാടണംന്നും ഒക്കെപ്പറഞ്ഞാ എനിക്ക് പറ്റ്വോ? പറഞ്ഞപ്പോ ഓർമ്മ വന്നു, നെന ക്കറിയാലോ, കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്ല്യ. നമ്മടെ നല്ല കാലത്ത് അവ റ്റെയൊക്കെ നല്ല പെട പെടച്ചട്ടാ ഞാൻ വളർത്തീരിക്കണത്. ഈനാശൂനും പൈലി ക്കും പ്രാഞ്ചീസിനും റോസമ്മയ്ക്കും ഒക്കെ കിട്ടിയ പെട ഇന്നാട്ടില് ഏതെങ്കിലും പിള്ളേർക്ക് കിട്ടീട്ടുണ്ടോ? എന്താ കാരണം? തല്ലി വളർത്തണം കുട്ട്യോളെ. എന്റപ്പൻ എന്നെ താലോലിച്ചട്ട്ണ്ടോ? കമ്പി പഴുപ്പി ച്ച് ചന്തീമലാ വയ്ക്ക്യാ. ശൂ ന്ന് ഒര് ശബ്ദാ!"

"അങ്ങനല്ലാ മത്തായിമൂപ്പരേ, ഒരു നോട്ടം വേണംന്നേ ഞാൻ പറഞ്ഞുള്ളൂ."

"എന്തോരം ആളോളടെ പണ്ടോം മൊതലും എടവാടു നടത്ത്യ തറവാടാ ഇദ്! അതിന്റെടയ്ക്കാ നെന്റെ ഈ ചിണുങ്ങു റേഡിയോ! നീയ് പൊക്കോ ചാക്കുണ്ണ്യേ. വെറ്തെ നിന്ന് നേരം കളയാണ്ട് ചെന്ന് രണ്ട് കോണത്തിന്റെങ്കിലും വക്കടിച്ചോ. മൊ തലും പലിശേം കിട്ടാണ്ട് റേഡിയോ ഇബ ടത്തെ മച്ചീന്ന് എറങ്ങില്ല്യാ. പിന്നെ, നെന്റെ റേഡിയോ ഇബടാരും കേക്കാനും പോണില്ല്യാ. സത്യം പറഞ്ഞാ, ആ കുന്തം ഇബടിരിക്കണതാ നെനക്കും നല്ലത്. മനസ്സമാധാനായിട്ട് വല്ല പണീം നടക്കും..."

ചെമ്പുമത്തായി അങ്ങനെ പറഞ്ഞെങ്കി ലും നേരേ മറിച്ചായിരുന്നു ചാക്കുണ്ണിയു ടെ അനുഭവം. അയാളുടെ ജോലിയിലുള്ള ശ്രദ്ധ പാളിപ്പോയി. അളവുകൾ തെറ്റിച്ച് അയാൾ ഉടുപ്പുകൾ തുന്നി. അതു തിരിച്ച റിഞ്ഞപ്പോൾ തുന്നിയ നൂലുകൾ തന്നെ അയാൾ വല്ലാതെ ബുദ്ധിമുട്ടി അഴിച്ചെടു ത്തു. തുണികളിലൂടെ കത്രിക തെറ്റി

സഞ്ചരിച്ചു. ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായൊരു പാട്ടിനു വേണ്ടി കാതോർത്തു. മനസ്സിലെ നാടകത്തിൽനിന്ന് ഏതെല്ലാമോ കഥാപാത്രങ്ങൾ ഒച്ചയെടുത്തു സംസാരിച്ചു, തേങ്ങി. ചുറ്റുപാടും നിരവധി ആളുകളുണ്ടായിരുന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അപ്പോൾ അയാളെ വലയം ചെയ്തു.

ആറാട്ടുകുന്നിൽ റേഡിയോ വാങ്ങിച്ച ആദ്യത്തെ പൗരൻ ചാക്കുണ്ണിയായിരുന്നു. കഴിഞ്ഞ ഓണക്കാലത്ത് രാപകൽ ഭേദമെന്യേ വിശ്രമമില്ലാതെ തയ്യൽപ്പണി ചെയ്തതിൽനിന്നു മിച്ചം വച്ച കാശുകൊണ്ടായിരുന്നു അയാൾ അതു വാങ്ങിച്ചത്. റേഡിയോ വാങ്ങിക്കാനുറച്ച നാളുകളിൽ അയാൾ പതിവുള്ള ബീഡിവലി നിർത്തി. കള്ളുഷാപ്പുകൾക്കടുത്തെത്തിയപ്പോൾ മുഖം തിരിച്ചു. കാലിൽ ആണിയുടെ അസുഖം ഉണ്ടായിരുന്നിട്ടും പൊട്ടിയ റബ്ബർചെരുപ്പു മാറ്റിവാങ്ങിക്കാതെ കഷ്ടപ്പെട്ടു നടന്നു. ആണ്ടിലൊരിക്കൽ മലയാറ്റൂർക്കു പോകാറുള്ളത് അയാൾ അക്കൊല്ലം മുടക്കുവരുത്തി. തന്റെ ആവശ്യങ്ങൾ മനസ്സിലാക്കാൻ മുത്തപ്പനല്ലാതെ ആർക്കു കഴിയും? തീർഥാടനം മുടങ്ങിയപ്പോൾ അയാൾ സ്വയം ആശ്വസിപ്പിച്ചു.

പതിവില്ലാതെ അയാളെ ബസ്സിൽ കണ്ടപ്പോൾ കണ്ടക്ടർ സുകുമാരൻ ചോദിച്ചു: “അല്ലാ ചാക്കുണ്ണ്യേട്ടൻ എങ്ങട്ടാ?”

“ഒര് റേഡിയോ വാങ്ങിക്കണം സുകോ” -അയാൾ അഭിമാനത്തോടെ തെല്ലുറക്കെ പറഞ്ഞു. ചുറ്റുപാടുമുള്ള യാത്രക്കാർ അപ്പോൾ അയാളെ ആദരവോടെ നോക്കി. സ്ഥിരം തുണി തുന്നിക്കുന്നതിന്റെ പരിചയത്താലോ അതോ റേഡിയോ വാങ്ങാൻ പോകുന്നതിലുള്ള ബഹുമാനത്താലോ എന്തോ, കണ്ടക്ടർ അയാളിൽനിന്ന് അന്നു യാത്രക്കൂലി വാങ്ങിയില്ല.

പിൻവശത്ത് ഒരു കുട്ടിയുടെ പടമുള്ള മർഫി റേഡിയോയാണ് ചാക്കുണ്ണി വാങ്ങിയത്. അയാളുടെ തയ്യൽക്കടയിൽ റേഡിയോ പ്രവർത്തിച്ചു തുടങ്ങിയ കാലം ആറാട്ടുകുന്നിന്റെ ചരിത്രത്തിൽ ഒരു സംഭവം തന്നെയായിരുന്നു. പാട്ടു കേൾക്കാനും വാർത്തകൾ അറിയാനുമൊക്കെയായി ദൂരത്തു നിന്നുള്ളവർ പോലും അവിടെയെത്തിച്ചേർന്നു. അയാളുടെ തയ്യൽയന്ത്രത്തിന് അഭിമുഖമായി ചുമരിൽ കുറച്ച് ഉയർത്തിപ്പിടിപ്പിച്ച ഒരു തട്ടിൽ ആ റേഡിയോ ഇരുന്നു. പലപ്പോഴും ആ കുടുസ്സുമുറിയിലേക്കു കാറ്റും വെളിച്ചവും കടക്കുന്നതിനായി ആളുകളോടു മാറിനിൽക്കാൻ ചാക്കുണ്ണിക്കു പറയേണ്ടിവന്നു.

രാത്രി വൈകി കട പൂട്ടിയതിനുശേഷം ചാക്കുണ്ണി ഒരു കൈയിൽ ചോറ്റുപാത്രം വയ്ക്കുന്ന സഞ്ചിയും മറുകൈയിൽ റേഡിയോയുമായി തിരിച്ചു നടക്കും. വലുതല്ലാത്ത ശബ്ദത്തിൽ അപ്പോഴും റേഡിയോ പ്രവർത്തിക്കുന്നുണ്ടാവും. അയാൾ വരമ്പു മുറിച്ചുകടക്കുമ്പോൾ എതിരെ വരുന്നവർ ഒരൽപ്പം മാറിനിന്ന് റേഡിയോ ശ്രദ്ധിക്കുമായിരുന്നു. ഏതാണ്ട് ഒരുമണിക്കൂർ നേരത്തെ നടത്തമുണ്ട് അയാൾക്ക്. ചലച്ചിത്രഗാനങ്ങൾ പ്രക്ഷേപണം ചെയ്യുന്ന സമയത്ത്, കേൾക്കുന്ന പാട്ടു തീരുന്നതു വരേയ്ക്കും അയാളുടെ പിറകേ ചിലരെങ്കിലും നടക്കുമായിരുന്നു. ചാക്കുണ്ണി പക്ഷേ, അതൊന്നും ശ്രദ്ധിച്ചതേയില്ല.

അയാൾ തിരിച്ചു വീട്ടിലെത്തുമ്പോൾ കുട്ടികളും ഭാര്യയും കാത്തിരിക്കുകയാവും. പ്രക്ഷേപണം തീരുന്നതു വരെ ആ വീട്ടിൽനിന്നും റേഡിയോയുടെ ശബ്ദം മുഴങ്ങി.

രണ്ടു മാസം ഇടവിട്ട് പുതിയ ബാറ്ററികൾ മാറ്റിയിട്ടുകൊണ്ട് ചാക്കുണ്ണി റേഡിയോക്ക് കണ്ഠശുദ്ധി വരുത്തി.

റേഡിയോ പണയം വയ്ക്കാനെടുക്കുന്നതിൽ ചാക്കുണ്ണിക്കു താൽപ്പര്യമുണ്ടായിട്ടല്ല. ഭാര്യയും കുട്ടികളും അക്കാര്യത്തിൽ സങ്കടപ്പെട്ടിരുന്നു. പക്ഷേ, വേറെ നിവൃത്തിയില്ല. ഇളയ കുട്ടിക്ക് പെട്ടെന്ന് ഒരസുഖം പിടിപെട്ടു. കാലിൽ ചെറിയ നീരു വന്നതായിരുന്നു പ്രശ്നം. തുടക്കത്തിൽ അതു സാരമില്ലെന്നു വച്ചു. ഒരാഴ്ച സ്കൂളിൽ വിട്ടില്ല. പക്ഷേ, കുറച്ചു ദിവസം കഴിഞ്ഞപ്പോൾ കാൽ വീർത്തു കെട്ടി, കുട്ടിക്കു നടക്കാൻ തീരെ വയ്യാതായി. നാട്ടുവൈദ്യങ്ങൾ കൊണ്ടൊന്നും രോഗം ഭേദമായില്ല. പിന്നെ നീര് ശരീരത്തിൽ മുഴുവൻ പടരുന്നതു പോലെ തോന്നി. ഒടുവിൽ ഒരു ദിവസത്തെ തയ്യൽപ്പണി ഉപേക്ഷിച്ച് ചാക്കുണ്ണി കുട്ടിയെയും എടുത്തുകൊണ്ട് പട്ടണത്തിലുള്ള ആശുപത്രിയിലേക്കു പോയി. അവർ നിരവധി പരിശോധനകൾക്കു കുറിച്ചു, പിന്നെ കഴിക്കാൻ കുറേ മരുന്നുകളും. ആശുപത്രിയിൽനിന്നു പോരുമ്പോൾ ചാക്കുണ്ണിയുടെ മനസ്സിൽ ആധിയായിരുന്നു.

“മലയാറ്റൂരു മുത്തപ്പാ, എന്റെ കുഞ്ഞിന് എന്താണ് സംഭവിക്കുന്നത്? അവനെ ചികിത്സിക്കാൻ ഞാനെന്തു ചെയ്യും?”

ഒന്നുരണ്ടാഴ്ചത്തെ മരുന്നു വാങ്ങിക്കാൻ തന്നെ അയാൾക്ക് ഒരു മാസം തയ്യൽപ്പണിയിൽനിന്നു കിട്ടുന്ന കാശു വേണമായിരുന്നു. പിൽക്കാലത്ത് തുന്നിക്കൊടുക്കുമ്പോൾ കൊടുത്തു വീട്ടാം എന്ന കരാറിൽ അയാൾ പലരിൽനിന്നും കടം വാങ്ങി. പക്ഷേ, അത്തരം ഏർപ്പാടുകൾക്കൊക്കെ പരിമിതിയുണ്ടായിരുന്നു. തുന്നിത്തീർത്ത കാശിനു പോലും ആറാട്ടുകുന്നിലെ ആളുകൾ കടം പറയുന്ന കാലമായിരുന്നു അത്. കുറേ പേർ കാശു കൊടുക്കാതെയുമുണ്ടായിരുന്നു. ചാക്കുണ്ണിയെ കാണുമ്പോൾ അവരെല്ലാം മാറിനിൽക്കും. അയാൾ റേഡിയോ വാങ്ങിച്ചതുകൊണ്ട് കാര്യങ്ങൾ എളുപ്പമായി. പാട്ടോ വാർത്തയോ അടുത്തു വരുമ്പോൾ വഴിമാറാം. ആറാട്ടുകുന്നിൽ റേഡിയോയെ ഭയക്കുന്ന അപൂർവം ചിലരായിരുന്നു അവരെല്ലാം.

ഒരു മാസം കഴിഞ്ഞു, ചാക്കുണ്ണി ആശുപത്രിയിലേക്ക് ഭാര്യയെയും മകനെയും അയച്ചു. അവർ കൂടുതൽ പരിശോധനകളും കൂടുതൽ മരുന്നും കുറിച്ചു. ഏതിനും പണം വേണമായിരുന്നു. ചാക്കുണ്ണിയുടെ തയ്യലിന്റെ രാത്രികൾ നീണ്ടു. അയാൾ വീട്ടിൽ മടങ്ങിയെത്തുമ്പോൾ റേഡിയോ പ്രക്ഷേപണം കഴിഞ്ഞിരുന്നു.

ചെമ്പുമത്തായിയുടെ അടുക്കൽ ചെന്ന് റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു. സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗംതന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്കു തോന്നി. ചെമ്പുമത്തായി ആ റേഡിയോ എവിടെ സൂക്ഷിക്കും? അയാൾ അതു മച്ചിലേക്കു വലിച്ചെറിയുകയില്ലേ? അവിടെ പൊടികയറി അതു കേടു വരുമോ? എലികൾ അതിന്റെ ലോലമായ പുറംഭാഗം കരണ്ടു കളയില്ലെന്നാരു കണ്ടു? എത്ര നാൾ കഴിഞ്ഞാണ് അതിനി തിരിച്ചു കിട്ടുക?

**ആ**ഴ്ചകൾ കഴിഞ്ഞു. സ്വർണക്കമ്മലുകളും മാലകളും വളകളുമൊക്കെയായി ചെമ്പുമത്തായിയുടെ വ്യാപാരം കൊഴുത്തു. തയ്യൽക്കാരൻ ചാക്കുണ്ണിയുടെ പണയമുതലിനെക്കുറിച്ച് അയാൾ മറന്നുപോയി.

ഒരു ഞായറാഴ്ച പള്ളിയിൽനിന്നു വന്നു കയറുമ്പോൾ ചാക്കുണ്ണിയുണ്ട് മുറ്റത്തു നിൽക്കുന്നു. അയാളുടെ കൈയിൽ ഒരു ചെറിയ കടലാസുപൊതിയുണ്ടായിരുന്നു.

"പണയം എടുക്കാനായിട്ടാ?" മത്തായി ചോദിച്ചു.

ചാക്കുണ്ണി ഒന്നും പറഞ്ഞില്ല. അയാൾ കൂടുതൽ ക്ഷീണിച്ചിരുന്നു. കണ്ണുകൾ കൂടുതൽ ആഴത്തിലേക്കു പോയിരിക്കുന്നു.

"ഞായറാഴ്ച കച്ചോടല്ല്യ ചാക്കുണ്ണ്യേ, നീയ് നാളെ വാ."

"പണയം എടുക്കാനല്ല മത്തായിമൂപ്പരേ"- ചാക്കുണ്ണി സാവധാനം പറഞ്ഞു.

ചെമ്പുമത്തായി പൂമുഖത്തേക്കു കയറി. ചാക്കുണ്ണിയുടെ കൈകൾ കൊണ്ടു തയ്ച്ച വെളുത്ത മേൽക്കുപ്പായം ഊരി തിണ്ണയിൽ വച്ച ശേഷം നീണ്ടു നിവർന്ന് ചാരുകസേരയിൽ കിടന്നു. പിന്നെ മേൽക്കുപ്പായം എടുത്ത് സ്വയം വീശാൻ തുടങ്ങി.

"ഇദെന്താ പൊതീല്?" മത്തായി തിരക്കി.

"ബാറ്ററി" -ചാക്കുണ്ണി പറഞ്ഞു: "റേഡിയോലിക്ക് ള്ളതാ."

"പണയം എടുക്കാനായിട്ട് ഇന്ന് പറ്റില്ല്യാന്ന് ഞാമ്പറഞ്ഞു..." മത്തായി അലോസരത്തോടെ അയാളെ നോക്കി.

"വേണ്ട, എന്നാലും ഈ ബാറ്ററി ഇട്ടാല് അതു പാടോന്ന് നോക്കാലോ."

"അതൊന്നും ഇന്ന് പറ്റില്ല്യ."

"അങ്ങനെ പറേരുത്. കൊറച്ചു നേരം അതു കേട്ടാല് ഞാൻ പൊയ്ക്കോളാം."

മത്തായി അയാളെ സൂക്ഷിച്ചു നോക്കി. ഇതെന്തൊരു കോലമാണ് ഇയാളുടെ? തയ്യൽക്കാരൻ ചാക്കുണ്ണി സ്വയം തെറ്റി അളന്ന ഉടുപ്പുകളിൽ കയറിക്കൂടിയിരിക്കുന്നതു പോലെ അയാൾക്കു തോന്നി.



"നിനക്കിപ്പോ പണിയൊന്നും ഇല്ല്യേ ചാക്കുണ്ണ്യേ?"

ചാക്കുണ്ണി ബാറ്ററിപ്പൊതി തുറന്ന് ദൈന്യത്തോടെ അയാളെ നോക്കുക മാത്രം ചെയ്തു.

മത്തായി തന്റെ കണക്കുപുസ്തകം തുറന്നു. അതിൽ ചാക്കുണ്ണിയുടെ പണയമുതലിന്റെ നമ്പർ രേഖപ്പെടുത്തിയത് ഉറക്കെ വായിച്ചു. പിന്നെ അകത്തേക്കു നീട്ടി വിളിച്ചു:

"കുഞ്ഞനം, നൂറ്റി ഇരുപത്തിയൊമ്പത് ഇങ്ങോട്ടെടുത്തോട്ടാ."

മത്തായി മുറ്റത്തു നിൽക്കുന്ന ചാക്കുണ്ണിയോടു ചോദിച്ചു: "അല്ലാ, നീയ് പലിശേം അടച്ചട്ടില്ല്യല്ലോടാ. ഇദെന്താ കഥ? ഞാൻ കൊറച്ചു കൂടി കാക്കും. പിന്നെ റേഡിയോയാണോ സിനിമ്യാണോന്നൊന്നും നോക്കില്ല്യ, അങ്ങട്ട് കിട്ട്യ കാശിനു വിൽക്കും. അതാ ഇബടത്തെ ഒരു രീതി."

ഒരു തുണിസഞ്ചിയിൽ പണയമുതലുമായി കുഞ്ഞനം വന്നു. അവർ അതു തിണ്ണയിൽ വച്ച ശേഷം മടങ്ങിപ്പോയി.

"നീയ് തിണ്ണേലിക്കിരുന്നോ, വെറുതെ മുറ്റത്തു നിക്കണ്ട" -മത്തായി വിശാലമനസ്കനായി. കുപ്പായം ഒന്നുകൂടി വീശിക്കൊണ്ട് അയാൾ തുടർന്നു: "പിന്നെ പാട്ടോ പെരട്ടോ എന്താന്നു വച്ചാ കേട്ടോ."

തുണിസഞ്ചി തുറന്ന് ചാക്കുണ്ണി റേഡിയോയെ തൊട്ടു നോക്കി. അയാളുടെ കണ്ണുകൾ വിടർന്നിരുന്നു. പിറകിലെ ഭാഗത്തെ കുട്ടിയുടെ ചിത്രത്തിലേക്ക് അയാൾ ഉറ്റുനോക്കി. പിന്നെ അടപ്പ് ഊരി രണ്ടു ബാറ്ററികളും അതിലിട്ടു.

റേഡിയോ ഓൺ ചെയ്തപ്പോൾ കുട്ടികളുടെ പാട്ടു കേട്ടു. ആരോ താളമടിക്കുന്നു, തപ്പു കൊട്ടുന്നു.

തിണ്ണയിലിരുന്ന് ചാക്കുണ്ണി അതു ശ്രദ്ധിച്ചു, പതുക്കെ തലയാട്ടി.

"ഇദെന്താ ചാക്കുണ്ണ്യേ, കുട്ട്യോളടെ പാട്ടോ?"

"ബാലമണ്ഡലം", ചാക്കുണ്ണി മെല്ലിച്ച ഒച്ചയിൽ പറഞ്ഞു: "ഞായറാഴ്ച രാവിലെ അതാ സ്പെഷല്."

ചെമ്പുമത്തായി അതു കേൾക്കാൻ ശ്രമിച്ചു. അയാൾക്കതത്ര ഇഷ്ടമായില്ല. ചാക്കുണ്ണി അതിൽ മുഴുകിയിരിക്കുന്നതു കണ്ടപ്പോൾ അയാൾ ഒന്നും പറഞ്ഞില്ലെന്നു മാത്രം. മനുഷ്യർ പാട്ടുകേട്ട് സമയം കളയുന്നതെന്തിനാണെന്ന് ചെമ്പുമത്തായിക്ക് ഒരു കാലത്തും മനസ്സിലായിരുന്നില്ല.

"നീയ് പള്ളീല് പോയോ ഇന്ന്?" ഇടയ്ക്ക് മത്തായി ചോദിച്ചു.

ചാക്കുണ്ണി ഇല്ലെന്നു തലയാട്ടി, വീണ്ടും റേഡിയോ ശ്രദ്ധിച്ചു.

"ഞായറാഴ്ച പള്ള്യേപ്പോണം." മത്തായി ഗുണദോഷിച്ചു: "ഈ റേഡിയോ കേക്കണ നേരം കുർബാന കേക്കാം. അച്ചമ്മാർക്ക് നമ്മള് ചെല്ല്ണ്ല്ല്യാന്ള്ള പരാതീണ്ടാവര്ത്."

ചാക്കുണ്ണി അപ്പറഞ്ഞതു കേട്ടില്ല.

'ബാലമണ്ഡലം' തീർന്നപ്പോൾ അയാൾ തിണ്ണയിൽനിന്ന് എഴുന്നേറ്റു.

റേഡിയോയുടെ പിറകിൽ നിന്ന് അടപ്പൂരി ബാറ്ററികൾ തിരിച്ചെടുത്തു.

"അതവടെ ഇരുന്നോട്ടെ ചാക്കുണ്ണ്യേ, തിരിച്ചു കൊണ്ടു പോവുമ്പോ നെനക്കെടുക്കാലോ."

"അതു വേണ്ട മൂപ്പരേ. വെറുതേ ഇരുന്നാല് ബാറ്ററി ചീത്തയാവും, ഒരൂട്ടം വെള്ളം ഒലിക്കും അതീന്ന്" -അയാൾ പറഞ്ഞു.

"അപ്പോ ഇദ് നീയ് അടുത്തൊന്നും കൊണ്ടുവാനുള്ള പരിപാടീല്ല്യാന്ന് സാരം. ആട്ടേ, നാളെ ഞാനാ വഴി വര്ണ്ട്. ഈ അളവില് ഒരു കുപ്പായം കൂടി അടിക്കണം. തുണി ഞാനെടുത്തു തരാം. തയ്പുകൂലി പലിശേല് ഇരുന്നോട്ടെ."

"നാളെ ഞാൻ കടേല് വരില്ല്യ മൂപ്പരേ. കൊറച്ച് ദിവസത്തിക്ക് ഞാനില്ല്യ" -പടികളിറങ്ങുമ്പോൾ ചാക്കുണ്ണി പറഞ്ഞു.

"അതെന്തേ?"

മുറ്റത്തെത്തിയപ്പോൾ ചാക്കുണ്ണി തിരിഞ്ഞു നിന്നു.

"എന്റെ ക്ടാവ് മരിച്ചു മൂപ്പരേ, ഇന്നലെ. പറ്റാവുന്ന ചികിത്സ്യൊക്കെ നോക്കി. തമ്പുരാൻ തന്നില്ല്യ. ഇന്നലെ രാത്രീല് കെടന്നട്ട് ഒറക്കം വന്നില്ല്യ. അവന് വല്ല്യ ഇഷ്ടാർന്നു ഈ 'ബാലമണ്ഡലം'. അതു കേൾക്കാനാ ഞാൻ വന്നത്. കേട്ടപ്പോ എനിക്കു കൊറച്ച് ആശ്വാസായി. അതില് കുട്ട്യോള് പാടേം ചിരിക്ക്യേമൊക്കെ ചെയ്യ്ണ്ടല്ലോ. വീട്ടില് ആര്ക്കും അദിന് പറ്റ്ണ്ല്ല്യാ. മനസ്സിന്റെ കനംത്തിരി കൊറഞ്ഞത് ഇപ്പളാ."

അയാൾ കണ്ണുകൾ തുടച്ചുകൊണ്ട് തുടർന്നു:

"എന്റെ കണക്കൊക്കെ തെറ്റീലോ മത്തായിമൂപ്പരേ, ഒക്കെ നിങ്ങള് എഴുതിവയ്ക്കണം."

പിന്നെ, മിക്കവാറും ദ്രവിച്ച റബ്ബർ ചെരുപ്പിട്ട് ആണി ബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചുകൊണ്ട് അയാൾ തിരിഞ്ഞുനോക്കാതെ നടന്നു.

പണയം
(ഇ. സന്തോഷ്കുമാർ)

36EKGJ

- "ഈ റേഡിയോം പാട്ട്വക്കെ ഇനിക്കത്ര പിടിത്തല്ല്യാ. മനുഷ്യരെ മെനക്കെടത്താൻ ഓരോ ഏർപ്പാടോള്! ആ നേരം വല്ല പണീം എടുത്താല് നാല് കാശ്ണ്ടാക്കാം."
  – ചെമ്പുമത്തായിയുടെ ഈ അഭിപ്രായത്തോട് യോജിക്കാനാവുമോ? ചർച്ചചെയ്യുക.

- "ഇതൊക്കെ കുട്ട്യോളെ പോലെ നോക്കണ്ട സാധനങ്ങളാണേ, റേഡിയോടെ പിന്നില് നോക്ക്യാ അറിയാം, ഒരു കുട്ടീടെ പടം."
  റേഡിയോ ഈ കഥയിൽ ശക്തമായൊരു സാന്നിധ്യമായിത്തീരുന്നതെങ്ങനെയെന്ന് കഥാസന്ദർഭങ്ങൾ പരിശോധിച്ച് വിശദീകരിക്കൂ.


- ചാക്കുണ്ണി എന്ന കഥാപാത്രത്തെ വിലയിരുത്തി നിരൂപണം തയാറാക്കുക.

- റേഡിയോ എന്ന മാധ്യമം സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്ന ഒരു കാലത്തിന്റെ കഥകൂടിയാണ് 'പണയം'.

– ഈ കഥ റേഡിയോനാടകമാക്കി അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ? റേഡിയോനാടകാവതരണത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ്?

ഗ്രൂപ്പിൽ ചർച്ചചെയ്ത് കഥ റേഡിയോനാടകമായി അവതരിപ്പിക്കുക.

# അമ്മയുടെ എഴുത്തുകൾ



അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ
തന്മകന്നായിപ്പകർന്ന പാൽമുത്തുകൾ
ഇന്നു നാം വീടിന്നു മോടികൂട്ടുന്നേര-
മൊന്നായടുക്കിയൊതുക്കിവയ്ക്കട്ടെ ഞാൻ

പട്ടണക്കോപ്പു നിറയ്ക്കയാലിച്ചില്ലു-
പെട്ടികൾ തിങ്ങി, നിന്നിഷ്ടമാണെന്റെയും,
കാൽപ്പെട്ടിയിൽ വച്ചു താഴിട്ടു പിന്നിലെ-
ച്ചായ്പിലൊളിച്ചാലറിയില്ല കുട്ടികൾ

എത്ര കൗതൂഹലം, നോക്കിയാൽ മിണ്ടുമി-
ച്ചിത്രലേഖത്തിന്റെ താളുകൾ, അമ്മതൻ
വാത്സല്യ, മുത്കണ്ഠ, സാരോപദേശങ്ങൾ,
വേദന, പ്രാർഥന, നാമസങ്കീർത്തനം,
നാട്ടുപുരാണങ്ങൾ, വീട്ടുവഴക്കുകൾ,
ഊട്ടുത്സവങ്ങൾ, വിതപ്പൊലിപ്പാടുകൾ
നാവേറുമന്ത്രം, നറുക്കിലപ്പൂവുകൾ
നീർവീഴ്ചയാറ്റാൻ മരുന്നുകുറിപ്പുകൾ-
നാദമായ് വന്നെന്റെ നാവിലെത്തേനായി,
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ

ഓരോന്നിനോരോ മൊഴിച്ചന്ത,മമ്മയാം
നേരിന്റെയീണവും താളവുമിമ്പവും
അമ്മയ്ക്കു മാത്രം തരാൻ കഴിയുന്നതാം
വെണ്മയും ഞാനാകുമോർമ്മതൻ ഭൂമിയും.

ഭദ്രമായ്ത്തന്നെയിരിക്കട്ടെ, കുട്ടികൾ
തൊട്ടുവായിച്ചാലശുദ്ധമെന്നോതി നീ
എന്തു നവീനം! കുലീനം! പ്രിയേ നിന്റെ
സുന്ദരദൃഷ്ടി, നിന്നിഷ്ടമാണെന്റെയും
അമ്മയുടേതാമെഴുത്തുകളൊക്കെയും
അമ്മയായ്ത്തന്നെയൊതുങ്ങിയിരിക്കട്ടെ
നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ
ബിംബമീയാതിഥ്യശാലയിൽ ശോഭനം





പൊക്കിളിൻ വള്ളി-
യടർത്തിക്കളഞ്ഞു നിൻ
പൊൽക്കരൾക്കൂട്ടിന്റെ-
യുള്ളിൽ വന്നപ്പൊഴേ
പോയകാലത്തിൻ
മധുരങ്ങളിൽക്കൊതി-
യൂറുന്ന ശീലം
മറന്നുതുടങ്ങി ഞാൻ
എങ്കിലുമമ്മയൊ-
രോർമ്മയായ്, ആദിമ-
സംഗീതമായ് വന്നു
മൂളുന്നിടയ്ക്കിടെ

അമ്മയൊരോർമ്മ-
യിപ്പുത്തൻ പ്രകാശങ്ങൾ
ജന്മമാളും വന-
പ്രാചീനനീലയിൽ
മങ്ങിയമർന്നതാ-
മോർമ്മ, വല്ലപ്പൊഴും

36NGI7

നമ്മളോർത്താലു-
മില്ലെങ്കിലും കാവലായ്
പിൻപേ പറക്കും
കുളിർമ്മ, രക്തത്തിലെ-
ച്ചൂടായി നിൽക്കുന്ന
തന്മയും താളവും
അമ്മയുടേതാ-
മെഴുത്തുകളൊക്കെയും
അമ്മയായ്ത്തന്നെ-
യിരിക്കട്ടെയെപ്പൊഴും

ആരു വായിക്കുമീ
മായുമെഴുത്തുകൾ
ആരുടെ നാവിലു-
യിർക്കുമിച്ചൊല്ലുകൾ
നാളെയിക്കുട്ടികൾ
ചോദിക്കുമോ, നമ്മ-
ളാരുടെ കുട്ടികൾ?
ആരുടെ നോവുകൾ?
തായ്മൊഴി തന്നീണ-
മെങ്ങനെ? നാവെടു-
ത്തോതുന്നതെങ്ങനെ?
ഓർക്കുന്നതെങ്ങനെ?
തായ്മനസ്സിന്റെ
തുടിപ്പുകളെങ്ങനെ?
തായ്ച്ചൊല്ലിലൂറിയ
താളങ്ങളെങ്ങനെ?
താരാട്ടിലോലുന്ന
മാധുര്യമെങ്ങനെ?
താൻ തന്നെ വന്നു
പിറന്നതുമെങ്ങനെ?

ആരു തേടും? നാളെ നമ്മുടെ കുട്ടികൾ-
ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ?

ഗാന്ധി
(വി. മധുസൂദനൻനായർ)

- 'അമ്മയുടെ എഴുത്തുകളി'ൽ പ്രകടമാവുന്ന മാതൃഭാവം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- നഗരജീവിതത്തിന്റെ പുതുവഴികളിൽ കണ്ണിചേരേണ്ടിവരുമ്പോഴും 'അമ്മ' കെടാവിളക്കായി കവിയുടെ മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു. ഈ അനുഭവം കവിതയിൽ ചിത്രീകരിക്കുന്നതെങ്ങനെ?

- • "അമ്മയുടേതാമെഴുത്തുകളൊക്കെയും
  അമ്മയായ്ത്തന്നെയൊതുങ്ങിയിരിക്കട്ടെ
  നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ
  ബിംബമീയാതിഥ്യശാലയിൽ ശോഭനം"

  • "ജനിക്കും നിമിഷം തൊട്ടെൻ മക-
  നിംഗ്ലീഷ് പഠിക്കണം
  അതിനാൽ ഭാര്യതൻ പേറ-
  ങ്ങിംഗ്ലണ്ടിൽത്തന്നെയാക്കി ഞാൻ"

  – കുഞ്ഞുണ്ണി

  ഈ വരികളിലൂടെ കവികൾ അവതരിപ്പിക്കുന്ന ആശയങ്ങൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക.

- "അമ്മതന്നെയാണ് മാതൃഭാഷ." ഈ പ്രസ്താവന കവിതയിലെ ആശയങ്ങളോട് എത്രമാത്രം പൊരുത്തപ്പെടുന്നു? പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

- മൂന്നു തലമുറകൾ ഈ കവിതയിൽ കടന്നുവരുന്നുണ്ടല്ലോ. തലമുറകൾ മാറുമ്പോഴുണ്ടാകുന്ന വൈകാരികവും സാംസ്കാരികവുമായ മാറ്റങ്ങളെ കവി നോക്കിക്കാണുന്നതെങ്ങനെ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

## ഞാൻ എന്നെക്കുറിച്ച്

ചുവടെ കൊടുത്ത പ്രവർത്തനങ്ങളിലെ പുരോഗതി സൂചനകൾ വച്ച് വിലയിരുത്തുക.

| ചർച്ച | മുഖപ്രസംഗം | പ്രബന്ധം |
|---|---|---|
| • വായിച്ച രചനകളിലെ ആശയം, ഭാവതലം, സാമൂഹികാംശം എന്നിവ യുക്തിപൂർവം അവതരിപ്പിക്കാൻ കഴിഞ്ഞു. | • കാലികപ്രസക്തിയുള്ള വിഷയവുമായി ബന്ധപ്പെട്ട് രൂപീകരിച്ച അഭിപ്രായങ്ങൾ, നിലപാടുകൾ എന്നിവ സോദാഹരണം സമർഥിക്കാൻ കഴിഞ്ഞു. | • നവമാധ്യമങ്ങളെക്കുറിച്ച് കണ്ടും കേട്ടും വായിച്ചും ആർജിച്ച വിവരങ്ങൾ ഉൾപ്പെടുത്തി പ്രബന്ധം തയാറാക്കി അവതരിപ്പിച്ചു. |

ഇനിയും എനിക്ക് എങ്ങനെയെല്ലാം മെച്ചപ്പെടുത്താൻ കഴിയും?

| | | |
|---|---|---|
| • | • | • |
| • | • | • |
| • | • | • |
| • | • | • |



എഴുത്തുകാരെ അറിയുക



### സുകുമാർ അഴീക്കോട്
**(1926 – 2012)**

കണ്ണൂർ ജില്ലയിലെ അഴീക്കോട്ട് ജനിച്ചു. ദീർഘകാലം കോളേജ് പ്രൊഫസറായി ജോലിചെയ്തു. കാലിക്കറ്റ് യൂനിവേഴ്സിറ്റി പ്രോ-വൈസ് ചാൻസലർ, ആക്ടിങ് വൈസ് ചാൻസലർ എന്നീ പദവികളിലിരുന്നിട്ടുണ്ട്. നാഷനൽ ബുക്ക് ട്രസ്റ്റ് ചെയർമാനായിരുന്നു. സാഹിത്യനിരൂപകൻ, മികച്ച വാഗ്മി, അധ്യാപകൻ എന്നീ നിലകളിൽ പ്രസിദ്ധനാണ്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം എന്നിവ ലഭിച്ചു.

*പ്രധാന കൃതികൾ*

തത്ത്വമസി, മലയാളസാഹിത്യവിമർശനം, ആശാന്റെ സീതാകാവ്യം, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, വിശ്വസാഹിത്യപഠനങ്ങൾ, രമണനും മലയാളകവിതയും, പുരോഗമനസാഹിത്യവും മറ്റും, ഖണ്ഡനവും മണ്ഡനവും, ഗുരുവിന്റെ ദുഃഖം, എന്തിനു ഭാരതാംബേ, ആകാശം നഷ്ടപ്പെടുന്ന ഇന്ത്യ, അഴീക്കോടിന്റെ പ്രഭാഷണങ്ങൾ



## ഇ. സന്തോഷ്കുമാർ

കഥാകൃത്ത്. 1969ൽ ജനിച്ചു. നോവലിനും കഥാസമാഹാരത്തിനും കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിക്കുകയുണ്ടായി. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നോവൽ അവാർഡിനും അർഹനായി.

*പ്രധാന കൃതികൾ*

ഗാലപ്പഗോസ്, മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു, ചാവുകളി, മൂന്നു വിരലുകൾ, നീചവേദം (കഥാസമാഹാരങ്ങൾ); അമ്യൂസ്മെന്റ് പാർക്ക്, വാക്കുകൾ, തങ്കച്ചൻ മഞ്ഞക്കാരൻ, അന്ധകാരനഴി, ചിദംബരരഹസ്യം, കുന്നുകൾ; നക്ഷത്രങ്ങൾ (നോവലുകൾ); യുവകവിക്കുള്ള കത്തുകൾ (വിവർത്തനം); കാക്കര ദേശത്തെ ഉറുമ്പുകൾ (ബാലസാഹിത്യം)



## വി. മധുസൂദനൻനായർ

1950 ൽ നെയ്യാറ്റിൻകരയിൽ ജനിച്ചു. സംഗീതാത്മകമായ ഭാവഗീതശൈലിയിൽ നവകാൽപ്പനികതയ്ക്ക് പ്രചാരം നൽകിയ കവി. കോളേജധ്യാപകനായിരുന്നു. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയിട്ടുണ്ട്.

*പ്രധാന കൃതികൾ*

നാറാണത്തുഭ്രാന്തൻ, ഗാന്ധർവം, ഗാന്ധി, അച്ഛൻ പിറന്ന വീട്



**പദകോശം**

**പണയം**

ക്ടാവ് - കുട്ടി

**അമ്മയുടെ എഴുത്തുകൾ**

കൗതൂഹലം - ഉത്സാഹം
ചിന്മുദ്ര - മനസ്സിന്റെ മുദ്ര

**പത്രനീതി**

അകായി - വീട്ടിനകം
വ്യംഗ്യാർഥം - സൂചിപ്പിക്കുന്ന അർഥം